NERVEEDHI
Volume -12, Issue - 02, 10th February 2023, Monthly, Price ₹ 25, Published at Kottayam
വാല്യം-12, ലക്കം-02, ഫെബ്രുവരി 2023 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

## ക്രിസ്തുവിൻ പത്രമായി...

പേജ് 15



Editorial

# ജീവിക്കുക, ക്രിസ്തു കേന്ദ്രീകൃതമായി...

ക്രിസ്തീയജീവിതം കിസ്തുകേന്ദ്രീകൃത ജീവിതം (Christ Focused life) ആണ്. ഈ ജീവിതത്തിന് ഒരു ലക്ഷ്യവും ഉദ്ദേശ്യവും ഉണ്ട് എന്നതിനാൽ വളരെ അർത്ഥമുള്ള ജീവിതമാണ്. എന്നാൽ ക്രിസ്ത്യാനികൾ എല്ലാവരും ഇത് മനസ്സിലാക്കിയിട്ടുണ്ടോ? ക്രിസ്തീയ ജീവിതം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിലാണ്. ക്രിസ്തുവിനെ ഒരു വ്യക്തി എത്രത്തോളം മനസ്സിലാക്കി അഥവാ അറിയുന്നു എന്നതാണ് ആ വ്യക്തിയുടെ ക്രിസ്തീയ ജീവിതത്തിന്റെ ശ്രേഷ്ഠത. ക്രിസ്തുവിനോടുകൂടി വളരുന്ന വ്യക്തിപരമായ ആത്മബന്ധമാണ് നമ്മെ ക്രിസ്തുവിൽ ആഴത്തിൽ വേരോട്ടമുള്ളവരാക്കിത്തീർക്കുന്നത്.

ലോകത്തിൽ നാം ആരായിത്തീരുന്നു എന്നത് നമുക്ക് ലഭിക്കുന്ന പരിശീലനത്തിന്റെ വെളിച്ചത്തിലാണല്ലോ. പരിശീലകൻ ആരായിരിക്കുന്നു എന്നത് പരിശീലനത്തിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നു. ഏത് പരിശീലനത്തിനും കൃത്യമായ മാനദണ്ഡങ്ങളും പാഠങ്ങളുമുണ്ട്. അവ ഉൾക്കൊള്ളിച്ചുള്ള പാഠപുസ്തകവും. ക്രിസ്തീയജീവിതത്തിൽ നമ്മെ പരിശീലിപ്പിക്കുന്നത് പരിശുദ്ധാത്മാവും, നാം പഠിക്കേണ്ട പാഠം യേശുകർത്താവുമാണ്. യേശുകർത്താവ് നൽകിയ ഉപദേശങ്ങളും അവിടുന്ന് ജീവിച്ചു കാണിച്ച മാതൃകയും, ഇവ രണ്ടും ഒന്നിച്ച് പോകുന്നവയാണ്. ഈ പാഠങ്ങൾ നമുക്ക് ലഭിക്കുന്ന പാഠപുസ്തകം വിശുദ്ധവേദപുസ്തകമാണ്.

നമ്മുടെ പരിശീലകനായ പരിശുദ്ധാത്മാവിന് വിധേയപ്പെട്ട്, ക്രിസ്തുവിനെ പഠിച്ച് ക്രിസ്തുവിനെ അനുകരിക്കുന്നതിനാൽ, ക്രിസ്തുവിനോടനുരൂപപ്പെട്ടു കൊണ്ടിരിക്കുന്ന ഒരു വിശ്വാസിയെ, ഓട്ടക്കളത്തിൽ ഒന്നാമനായി ഓടി മുന്നോട്ടു ലക്ഷ്യത്തിലേക്ക് കുതിക്കുന്ന ഒരു കായികതാരത്തോട് താരതമ്യപ്പെടുത്തിയിരിക്കുന്നു. ഈ ലക്കത്തിലെ സന്ദേശം ഈ യാഥാർത്ഥ്യമാണ് നമ്മോട് പങ്കുവെക്കുന്നത്. നമ്മുടെ ആത്മീയ ജീവിതത്തിന്റെ നിലവാരം മനസ്സിലാക്കുന്നതിനും ശുദ്ധീകരണത്തിനും ഈ സന്ദേശം നമുക്ക് സഹായക മാകട്ടെ. ഓട്ടക്കളത്തിൽ ഓടുന്ന എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുകയുള്ളൂ, നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ എന്നത് നാം തുറന്ന ഹൃദയത്തോടെ ഏറ്റെടുക്കേണ്ട പ്രബോധനമാണ്. ഒരു ക്രിസ്ത്യാനിയായിട്ട് അഥവാ വിശ്വാസിയായിട്ട് നാം അറിയപ്പെടുന്നതുകൊണ്ട് മാത്രം കാര്യമില്ലല്ലോ! കർത്താവ് മടങ്ങിവരുമ്പോൾ തന്നെ എതിരേൽക്കുവാൻ ഒരുങ്ങിയിരിക്കുന്നവരുടെ കൂട്ടത്തിൽ നാം ആയിരിക്കുന്നില്ല എങ്കിൽ എന്ത് പ്രയോജനം? അതുകൊണ്ട് എത്ര മാത്രം നിന്ദ, അപമാനം, നഷ്ടം, പ്രതികൂലം, ഇവ സഹിക്കേണ്ടി വന്നാലും കർത്താവിനായി ഒരുങ്ങി ഉണർന്നിരുന്നു വിശുദ്ധജീവിതം നയിക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ചെയ്യുവാൻ ഇടയാകരുത്. ഈ ലക്കത്തിലെ ഓരോ ലേഖനങ്ങളും അതിനായുള്ള പ്രബോധനങ്ങളാണ്.

ലോകത്തിൽ അരങ്ങേറുന്ന ആനുകാലിക സംഭവങ്ങൾ കർത്താവിന്റെ രണ്ടാം വരവിന്റെ ചുവരെഴുത്തുകളാണ്. ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ, നിർമ്മിതബുദ്ധി, എന്നീ കാര്യങ്ങളിൽ നാം മുമ്പോട്ട് കുതിക്കുന്നു എങ്കിലും ആത്മികതയിലും ധാർമ്മികതയിലും മാനവികതയിലും ഇന്നത്തെ സമൂഹം നോഹയുടെയും ലോത്തിന്റെയും കാലം പോലെ അധ:പ്പതിച്ചിരിക്കുന്നു. ഇത് ഗുരുതരമായി പരിഗണിക്കേണ്ട സുപ്രധാന ലക്ഷണമാണ്. കാലലക്ഷണങ്ങളെ കണ്ടുണർന്നു, ഒരുങ്ങുവാൻ ദൈവം നമ്മെ സഹായിക്കട്ടെ...

പുസ്തകം 12 ലക്കം 2
ഫെബ്രുവരി 2023

# ഈ ലക്കത്തിൽ

**വിജയത്തിനുള്ള പരിശീലനം** 4
ജോയ് എം. തോമസ്

**ഒത്തുതീർപ്പില്ലാത്ത ആത്മീയത** 6
സാജു മാത്യു

**ഉചിതമായ സത്യാരാധന** 9
ചെയ്സ് ജോസഫ്

**ദൈവത്തിൽ നിന്നുള്ള ഷോക്ക് ട്രീറ്റ്മെന്റ്** 11
ജോർജ് മാത്യു, പുതുപ്പള്ളി

**ആത്മീയ അഹങ്കാരം** 13
ഡേവിഡ് വിൽക്കേഴ്സൺ

**ക്രിസ്തുവിൻ പത്രമായി...** 15

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**നുണയുടെ വകഭേദങ്ങൾ...** 18

**യേശുവേപ്പോലെ ആകുവാൻ...!** 19
അനി ചാക്കോ

**സമർപ്പണത്തിന്റെ തീവ്രത** 21
ബെഞ്ചമിൻ വർഗീസ്

**വനിതാ വീഥി** 23
എൽസി ജോയ്

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വിജ്ഞാന വീഥി** 28

**വാർത്താ വീഥി** 30

**അനുപമ ത്യാഗം** 31
എംസി

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം. സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം. റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos



ജോയ് എം. തോമസ്

# വിജയത്തിനുള്ള പരിശീലനം

പ്രാചീനകാലം മുതൽ കായികോത്സവങ്ങൾക്കും കായികമത്സരങ്ങൾക്കും വലിയ പ്രാധാന്യതയാണ് നൽകിയിട്ടുള്ളത്. ക്രമീകൃതമായ പരിശീലനങ്ങളിലൂടെയാണ് കായികതാരങ്ങൾ വളർച്ച നേടുന്നതും വിജയങ്ങൾ കൈവരിക്കുന്നതും. ഓട്ടക്കാരോടും അങ്കം പൊരുതുന്നവരോടും താരതമ്യപ്പെടുത്തി ക്രിസ്തീയജീവിതത്തെ ബൈബിളിൽ പ്രതിപാദിച്ചിട്ടുണ്ട്. കായികതാരങ്ങൾ പരിശീലനത്തിന് വിധേയപ്പെടുന്നത് പോലെ, ഫലപ്രാപ്തിയുള്ള ആത്മീയജീവിതത്തിനും ആത്മീക പരിശീലനത്തിന് വലിയ സ്ഥാനമുണ്ട്.

തിരുവചനത്തിൽ ഇങ്ങനെ കാണുന്നു: '*ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുത് പ്രാപിക്കുന്നുള്ളൂ എന്ന് അറിയുന്നില്ലയോ? നിങ്ങളും പ്രാപിക്കുവാൻ തക്കവണ്ണം ഓടുവിൻ. അങ്കം പൊരുതുന്നവൻ സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാം വാടാത്തതും പ്രാപിക്കേണ്ടതിന് തന്നെ. ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നത്, ആകാശത്തെ കുത്തുന്നത് പോലെയല്ല ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നത്*'( 1 കൊരിന്ത്യർ 9:24 - 27)

നാം നമ്മെത്തന്നെ ആത്മിക വിജയത്തിനായി പരിശീലിപ്പിക്കേണ്ട ചില മേഖലകളെക്കുറിച്ച് ചിന്തിക്കാം.

**1. വിജയിക്കുവാനുള്ള സമർപ്പണം**

ആത്മീയജീവിതത്തിന് സമർപ്പണം വളരെ അത്യാവശ്യമാണ്. കലപ്പയ്ക്ക് കൈവച്ചശേഷം പുറകോട്ട് നോക്കുന്നവനാരും ദൈവരാജ്യത്തിന് കൊള്ളാവുന്നവനല്ല(ലൂക്കോസ് 9:62) എന്നു കർത്താവ് തീർത്തു പറഞ്ഞത് സമർപ്പണത്തിന്റെ അഭാവത്തിൽ, തന്നെ അനുഗമിക്കുന്നത് അസാധ്യമാണെന്നാണ്. ഒരു ഓട്ടക്കാരനോട് താരതമ്യപ്പെടുത്തി നമ്മെക്കുറിച്ച് പൗലോസും സംസാരിക്കുമ്പോൾ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു. ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുത് പ്രാപിക്കുന്നുള്ളൂ. വിരുത് അഥവാ ഒന്നാമതെത്തി വിജയിക്കുന്നവനെയാണ് ഓട്ടം നന്നായി പൂർത്തീകരിച്ചവനായി അംഗീകരിക്കുന്നത്. ആ ഒന്നാമനെപ്പോലെ ആയിരിക്കണം ഓരോ വിശ്വാസിയും. കർത്താവിനെ സ്നേഹിക്കുന്നതിലും അവിടുത്തെ ഇഷ്ടം ചെയ്യുന്നതിലും ഓരോരുത്തരും ഒന്നാമതായിരിക്കണം. അതായത് മറ്റുള്ളവർ ആത്മീയത്തിൽ എങ്ങനെ ആയിരിക്കുന്നു എന്നത് നമുക്ക് വിഷയം ആകരുത്. ആരും കർത്താവിനെ വിശ്വസ്തതയോടെ സേവിക്കുന്നില്ല എങ്കിലും, അത് നമ്മെ ബാധിക്കുവാൻ പാടില്ല. ആത്മീയജീവിതം വ്യക്തിപരമാണ്. കൂട്ടത്തിലുള്ളവർ നന്നായി ഓടുന്നുണ്ടോ ഇല്ലയോ എന്ന് ശ്രദ്ധിക്കാതെ, ഒന്നാമനാകുവാനുള്ള ആഗ്രഹത്തോടെ, ലക്ഷ്യത്തിലേക്ക് കുതിക്കുന്ന ഓട്ടക്കാരനെപ്പോലെ, ദൈവേഷ്ടം ചെയ്ത് കർത്താവിനെ അനുഗമിക്കുന്നതിൽ പൂർണ്ണശ്രദ്ധ നൽകി മുന്നേറുക എന്നതാണ് നാമോരോരുത്തരും ചെയ്യേണ്ടത്. ഇപ്രകാരമുള്ള സമർപ്പണമാണ് നമ്മെ വിജയത്തിലെത്തിക്കുന്നത്. ഓട്ടക്കളത്തിൽ ഓടുന്നവർ തമ്മിൽ മത്സരിച്ചാണ് ഓടുന്നത്. എന്നാൽ ആത്മിക ഓട്ടക്കളത്തിൽ മത്സരമില്ല. അന്യോന്യം സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ആണ്. ആത്മീയ ഓട്ടക്കളത്തിൽ പോരാട്ടമുണ്ട്. അത് നമ്മെ പിന്തിരിപ്പിക്കുവാനും ട്രാക്ക് തെറ്റിക്കുവാനും പരിശ്രമിക്കുന്ന പിശാചിനെതിരായാണ്. അതുകൊണ്ട് ഓട്ടം ഓടുവാൻ നല്ല പോർ പൊരുതേണ്ടതുണ്ട്.

**2. വർജ്ജനം മനസ്സോടെ ചെയ്യുക.**

കായികതാരങ്ങൾ അവരെത്തന്നെ അച്ചടക്ക

ത്തിന് (ചിട്ടയ്ക്ക്) വിധേയപ്പെടുത്തിയാലേ അവരുടെ പരിശീലനം വിജയിക്കുകയുള്ളൂ. സമയചിട്ടയും, ആഹാരചിട്ടയും എല്ലാം അതിലുൾപ്പെടുന്നു. ചിട്ടയുള്ള ജീവിതം മനസ്സോടെ സ്വീകരിക്കുമ്പോൾ അത് ഭാരമായിരിക്കുകയില്ല. മറിച്ച്, ആ ജീവിതശൈലി സന്തോഷകരമാകും. വിജയിക്കുക എന്ന ലക്ഷ്യമാണ് അവരുടെ പ്രചോദനവും സന്തോഷവും. ആത്മീയജീവിതം അങ്ങനെ തന്നെയാണ്. നാം വിജയം പ്രാപിക്കുവാൻ ഓടേണ്ടവരാണ്. വിശുദ്ധജീവിതം നയിക്കുന്നതിന് വിരുദ്ധം ആയിട്ടുള്ളതെല്ലാം നാം മനസ്സോടെ ത്യജിക്കണം. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ നാം വളരുമ്പോൾ ക്രിസ്തുവിന്റെ പരിജ്ഞാനത്തിന് വിരുദ്ധമായതെല്ലാം ത്യജിക്കുന്നത് നമുക്ക് സന്തോഷമായിരിക്കും.

ചിട്ടയോടെ വിശ്വസ്തതയോടെ സമയവും ധനവും ദൈവം നൽകിയ എല്ലാ വിഭവങ്ങളും ദൈവനാമ മഹത്വം എന്ന ലക്ഷ്യത്തിലുപയോഗപ്പെടുത്തേണ്ടത് ആത്മികജീവിതത്തിൽ അതിപ്രധാനമാണ്. നാവിന്റെ നിയന്ത്രണം, ആത്മീയ ഐക്യത കാത്തുസൂക്ഷിക്കുന്ന പെരുമാറ്റം, ആത്മാക്കളെ കർത്താവിനായി നേടുന്ന ജീവിതശൈലി ഇവയെല്ലാം ആത്മീകതയുടെ ഘടകങ്ങളാണ്. നാം എല്ലാവരും വ്യത്യസ്ത സ്വഭാവവും അഭിരുചികളും ഉള്ളവരാണ്. ജഡത്തിന് സന്തോഷം നൽകുന്ന പല കാര്യങ്ങളുണ്ട്. ആത്മീയജീവിതം ചിട്ടപ്പെടുത്തുമ്പോൾ ആസ്വാദ്യകരം എന്നു ചിന്തിക്കുന്ന പലതും നാം മനസ്സോടെ തിരസ്ക്കരിക്കുവാൻ തയ്യാറാവും. കാരണം, വിരുത് പ്രാപിക്കുവാനത് അത്യാവശ്യമെന്ന് നാം അറിയുന്നു.

**3. ശരീരത്തെ ദൈവഹിതത്തിനായൊരുക്കുക.**

മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചടിമയാക്കുകയത്രേ ചെയ്യുന്നത്. വളരെ ഗൗരവമേറിയ ഒരു പ്രസ്താവനയാണിത്. ജീവിതം എത്ര ശ്രദ്ധയോടുകൂടി നയിക്കണം എന്നത് പൗലോസിന്റെ ഈ വാക്കുകളിൽ നിന്നും നാം മനസ്സിലാക്കണം. എത്ര ഗൗരവം ആയിട്ടായിരുന്നു പൗലോസ് തന്റെ ക്രിസ്തീയജീവിതവും ശുശ്രൂഷയും കണ്ടത്. ദൈവത്തോടും, പ്രസംഗിച്ച സുവിശേഷത്തോടും, പ്രസംഗം കേട്ടവരോടും, തന്നോട് തന്നെയും വിശ്വസ്തനായിരിക്കുവാൻ പൗലോസ് പ്രതിജ്ഞാബദ്ധനായിരുന്നു. പൗലോസ് ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട അപ്പോസ്തലനും വെളിപ്പാടുകളുടെ കലവറയുള്ള വ്യക്തിയും ആയിരുന്നിട്ടും താനും കൊള്ളരുതാത്തവനായിത്തീരുവാൻ സാധ്യതയുള്ള ബലഹീന മനുഷ്യനാണ് എന്നതിനാൽ, വിരുത് പ്രാപിക്കുവാൻ അച്ചടക്കവും ചിട്ടയുമുള്ള ജീവിതം നയിക്കേണ്ടതിന്റെ അത്യാവശ്യം തിരിച്ചറിഞ്ഞു. അപ്രകാരം തിരിച്ചറിഞ്ഞ് പ്രവർത്തിച്ചതിനാലാണ് തന്റെ ലക്ഷ്യത്തിലെത്തുവാൻ, നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു എന്ന് സധൈര്യം പറയുവാൻ അദ്ദേഹം പ്രാപ്തനായത്.

പൗലോസ് ചെയ്തതുപോലെ നാമും നമ്മുടെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കണം എന്നാണോ അർത്ഥമാക്കുന്നത്? ഒരു കായികതാരം ശരീരത്തെ വേഗത്തിലോടുവാൻ കഴിയുന്ന നിലയിൽ പരിശീലനത്താൽ മെരുക്കുന്നത് പോലെ, ദൈവഹിതം നിവർത്തിക്കുന്നതിന് ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയായാക്കി മെരുക്കണം എന്ന് പറഞ്ഞിരിക്കുന്നു. അതായത്, എന്താണോ ചെയ്യേണ്ടത്, അത് ചെയ്യുന്നതിനായി ശരീരത്തെ പരിശീലിപ്പിക്കുക (I discipline my body like an athlete, training it to do what it should). അപ്രകാരം ശരീരത്തെ പരിശീലിപ്പിക്കാത്തവർ, എത്ര വചനം അറിയുന്നവരോ, പ്രസിദ്ധ പ്രസംഗകരോ, കൃപാവരങ്ങളാൽ നിറഞ്ഞവരോ ആയിരുന്നാലും കൊള്ളരുതാത്തവരായി നശിച്ചു പോകുവാനുള്ള സാധ്യത ഉണ്ട്. പൗലോസിനുണ്ടായിരുന്ന തിരിച്ചറിവ് നമുക്കുമുണ്ടായിരിക്കയും അതുപോലെ നാമും ചെയ്യുകയും വേണം. വിരുത് അഥവാ സമ്മാനം പ്രാപിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. എന്താണ് സമ്മാനം? ഈ ലോകത്തിലെ കായികതാരത്തിന് വാടുന്ന കിരീടം അഥവാ നശിച്ചുപോകുന്ന ഒരു സ്വർണ്ണമെഡലാണ് ലഭിക്കുക. എന്നാൽ ക്രിസ്തീയ ജീവിതത്തിന്റെ ഓട്ടക്കളത്തിൽ വിരുത് പ്രാപിക്കുന്നവർക്ക് ലഭിക്കുന്നത് വാടാത്ത കിരീടമാണ്. അവർക്ക് ലഭിക്കുന്ന സമ്മാനമാണ് ക്രിസ്തുവിനോട് കൂടെ വാഴുവാനുള്ള വരമായ നിത്യജീവൻ. അതുകൊണ്ട് അവർ വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ ക്രിസ്തുവിനെ നോക്കി, ജീവിതം നയിച്ച് ലക്ഷ്യത്തിലെത്തണം.

പ്രിയരേ, ഈ സന്ദേശം നമുക്ക് ഓരോരുത്തർക്കും ഉള്ളതാണ്. ഈ കാര്യങ്ങൾ നമ്മുടെ ആത്മീയജീവിതത്തിൽ നാം പിന്തുടരുന്നുണ്ടോ? ഇത് നാം സ്വയം ശോധന ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. സമയം വളരെ വേഗത്തിൽ മുന്നോട്ടു കുതിക്കുകയാണ്. അവസരങ്ങൾ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഫലമുള്ള ക്രിസ്തീയജീവിതം നയിച്ച് വിരുത് പ്രാപിക്കുന്നതിന് ആരും, ഒന്നും തടസ്സം ആകാതിരിക്കട്ടെ. ●



സാജു മാത്യു

# ഒത്തുതീർപ്പില്ലാത്ത ആത്മീയത

***"സുവിശേഷത്തിന്റെ സത്യം നിങ്ങളോടു കൂടെ നിലനില്ക്കേണ്ടതിന് ഞങ്ങൾ അവർക്ക് ഒരു നാഴികപോലും വഴങ്ങിക്കൊടുത്തില്ല" (ഗലാത്യർ 2: 5)***

സഭയിൽ പ്രശ്നമൊന്നും ഉണ്ടാകരുതെന്നു പറഞ്ഞാൽ എപ്പോഴും നടക്കണമെന്നുണ്ടോ? ഇതാ, ഒരു സഭയിൽ പ്രശ്നമുണ്ടായി. എന്നുമാത്രമല്ല പ്രശ്നം സഭയിൽ രണ്ട് ഗ്രൂപ്പുകളും ഉണ്ടാക്കി. പാവം സഭാശുശ്രൂഷകൻ! അദ്ദേഹം എന്തുചെയ്യും?

ഒരുദിവസം രാവിലെ തന്നെ സഭയിലെ ഒരു ഗ്രൂപ്പ് പാഴ്സനേജിലെത്തി, അവരുടെ ഭാഗം ശുശ്രൂഷകനോടു വിശദീകരിച്ചു. ന്യായാന്യായങ്ങളെല്ലാം കേട്ട ശുശ്രൂഷകൻ ഒടുവിൽ പറഞ്ഞു: "ശരി, ശരി... ഞാൻ എല്ലാം കേട്ടു... നിങ്ങൾ പറഞ്ഞതെല്ലാം ന്യായമായ കാര്യമാണ്... നിങ്ങളുടെ ഭാഗത്താണു ശരി..."

സന്തോഷത്തോടെ ആ ഗ്രൂപ്പ് പാഴ്സനേജിൽ നിന്നും വിടവാങ്ങി. താമസിയാതെ ഒന്നുമറിയാതെ അടുത്ത ഗ്രൂപ്പ് വന്നെത്തി. അവരും അവരുടെ ന്യായങ്ങളെല്ലാം വിശദീകരിച്ചു. നേരത്തെ വന്ന ഗ്രൂപ്പ് പറഞ്ഞതിനെല്ലാം എതിരാണ് പുതിയ ആൾക്കാർ പറഞ്ഞത്. എല്ലാം കേട്ടിട്ട് ശുശ്രൂഷകൻ പറഞ്ഞു: "ശരി, ശരി... നിങ്ങൾ പറഞ്ഞതെല്ലാം ന്യായമായ കാര്യം തന്നെ. നിങ്ങളുടെ ഭാഗത്താണ് ശരി...".

രണ്ടാമത്തെ ഗ്രൂപ്പും സന്തോഷത്തോടെ പാഴ്സനേജ് വിട്ടു. എല്ലാം കേട്ട് ശുശ്രൂഷകന്റെ ഭാര്യ അകത്തുണ്ടായിരുന്നു. രണ്ടുകൂട്ടരും പാഴ്സനേജ് വിട്ട് പുറത്തുപോയപ്പോൾ, പത്രം വായിച്ചുകൊണ്ടിരുന്ന ശുശ്രൂഷകന്റെ അടുത്ത് ഭാര്യ വന്നിട്ടു ചോദിച്ചു; "നിങ്ങളന്തു വർത്തമാനമാ മനുഷ്യനെ ഈ പറയുന്നത്? ആദ്യത്തെ ഗ്രൂപ്പുവന്നു പറയുന്നതെല്ലാം കേട്ടിട്ട് നിങ്ങൾ പറഞ്ഞു, അവർ പറഞ്ഞതാണ് ശരിയെന്ന്. രണ്ടാമത്തെ ഗ്രൂപ്പുവന്നു പറഞ്ഞതെല്ലാം ആദ്യത്തെ ഗ്രൂപ്പു പറഞ്ഞതിനു നേരേ വിരുദ്ധം. എന്നിട്ടും നിങ്ങൾ അവരോടും പറഞ്ഞു അവരാണു ശരിയെന്ന്... അതെങ്ങനെ ശരിയാകും? ഏതെങ്കിലും ഒരു ഗ്രൂപ്പ് പറയുന്നതല്ലെ ശരിയാകൂ? മനുഷ്യാ, സത്യം അറിയാമെങ്കിൽ അതാണു ശരിയെന്നു പറയാനുള്ള നട്ടെല്ലു വേണം".

ശുശ്രൂഷകൻ ഭാര്യയെ നോക്കി മധുരമായി പറഞ്ഞു: പ്രിയപ്പെട്ട ഭാര്യേ, സത്യം പറയട്ടെ... നീ പറഞ്ഞതാണു ശരി!

ചിലർക്കങ്ങനെയാണ്... എല്ലാവരും പറയുന്നതു ശരിയാണ്! അവർക്കങ്ങനെ പ്രത്യേകിച്ച് ശരിയൊന്നുമില്ല; തെറ്റുമില്ല! എന്നാൽ, അങ്ങനെയൊരു ജീവിതംകൊണ്ട് ആർക്കാണ് ഗുണം?

"അഭിപ്രായം ഇരുമ്പുലക്കയല്ല" എന്നൊക്കെ നാം കേൾക്കാറുണ്ടല്ലോ, ശരിയാണ്. 'അഭിപ്രായ'ത്തിന് തെറ്റിക്കൂടായ്മയൊന്നുമില്ല. തന്നെയല്ല, സത്യം തിരിച്ചറിയുന്നതനുസരിച്ച് അഭിപ്രായം മാറുന്നതു തന്നെയാണ് നല്ലത്. എന്നാൽ, അഭിപ്രായത്തിനു മാറാമെങ്കിലും 'സത്യ'ത്തിനു മാറിക്കൂടാ... സത്യം ഒരിക്കലും വ്യാജമാവുകയില്ല; വ്യാജം ഒരിക്കലും സത്യമാവുകയില്ല... സത്യത്തിന്റെ വെളിപ്പാടിൽ നാം അഭിപ്രായം മാറ്റുന്നു. എന്നാൽ എപ്പോഴും നാം വെളിപ്പെടുത്തപ്പെട്ട സത്യത്തിന്റെ ഭാഗത്തു തന്നെയാണ് നില്ക്കുന്നതെന്ന് ഉറപ്പുവരുത്തണം. വെളിപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിൽ വെളിപ്പാടിനായി അഭിവാഞ്ഛയോടെ കാത്തിരിക്കണം.

വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾക്കു വേണ്ടി

ധീരതയോടെ നിലപാടുകളെടുത്ത ഒരു അപ്പൊസ്തലനായിരുന്നു പൗലൊസ്. "കേഫാവ് (പത്രൊസ്) അന്ത്യോക്യയിൽ വന്നാറെ അവനിൽ കുറ്റം കാണുകയാൽ ഞാൻ അഭിമുഖമായി അവനോട് എതിർത്തുനിന്നു" (ഗലാത്യർ 2: 11) എന്നാണു നാം ഗലാത്യർ 2:1 - 14 വരെ വായിക്കുന്നത്.

സുവിശേഷത്തിന്റെ വാതിൽ ജാതികൾക്കു തുറന്നുകൊടുത്തതു പത്രൊസ് ആണെങ്കിലും യഥാർഥത്തിൽ ജാതികളുടെ ഇടയിലെ സുവിശേഷീകരണത്തിന് പ്രാമുഖ്യം നല്കി പ്രായോഗികമായി വിജാതീയ സഭകൾക്കു ജന്മം നല്കിയത് അന്ത്യോക്യസഭയാണ്. പൗലൊസിന്റെയും ബർന്നബാസിന്റെയും നേതൃത്വത്തിൽ നടന്ന മിഷനറിയാത്രകളിൽ കൂടുതലാളുകൾ വിശ്വാസത്തിലേക്കു വന്നത് വിജാതീയരിൽ നിന്നാണ്. അത് അവർ മടങ്ങിവന്ന് അന്ത്യോക്യ സഭയിൽ അറിയിക്കുകയും ചെയ്തു.

എന്നാൽ യെഹൂദ്യയിൽ നിന്ന് ചിലർ വന്ന്, "നിങ്ങൾ മോശെ കല്പിച്ച ആചാരപ്രകാരം പരിച്ഛേദന ഏല്ക്കാഞ്ഞാൽ രക്ഷപ്രാപിപ്പാൻ കഴിയുകയില്ല" എന്ന് സഹോദരന്മാരെ ഉപദേശിച്ചു. അവർ പറഞ്ഞത്, ഒരുവൻ യേശുക്രിസ്തുവിലൂടെ വിശ്വാസത്താൽ രക്ഷപ്രാപിക്കുന്നു എന്ന് പറയുന്നത് ശരിയല്ലെന്നും, ഒരുവന് രക്ഷപ്രാപിക്കണമെങ്കിൽ അവൻ ക്രിസ്ത്യാനിയാകുന്നതിനു മുൻപ് യെഹൂദൻ ആകണമെന്നുമാണ്! അതായത്, രക്ഷ യേശുക്രിസ്തുവിലൂടെയാണെങ്കിലും രക്ഷ പ്രാപിക്കാൻ കഴിയുന്നത് യെഹൂദന് മാത്രമാണത്രേ! വിജാതീയർക്കു രക്ഷ എന്ന ദൈവികപദ്ധതിയെ തുരങ്കം വയ്ക്കുന്നതായിരുന്നു യെഹൂദ ക്രിസ്ത്യാനികളുടെ ഈ ചിന്ത...

അന്ത്യോക്യയിലെ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും യെഹൂദമതത്തിൽ നിന്നു ക്രിസ്ത്യാനികളായിത്തീർന്നവരാണ്. അതുകൊണ്ട് അവർക്ക് ഈ ഉപദേശം അത്ര പ്രശ്നമുണ്ടാക്കുന്നില്ല. ഇത് പ്രശ്നമാകുന്നത് മുഖ്യമായും പൗലൊസിനാലും ബർന്നബാസിനാലും വിശ്വാസത്തിലേക്കുവന്ന ഏഷ്യാമൈനറിലെ വിജാതീയക്രിസ്ത്യാനികൾക്കാണ്. ഒരുപക്ഷെ അന്ത്യോക്യയിലെ തന്നെ വിശ്വാസികളിൽ ചിലരെങ്കിലും "സാരമില്ല ബ്രദറേ, നമുക്ക് അവരുടെ അടുത്ത് ഒരിക്കലൂടെ ചെന്ന് പരിച്ഛേദനയേൽക്കാൻ അവരോട് ആവശ്യപ്പെട്ടാൽ പോരേ? വേണമെങ്കിൽ വണ്ടിക്കൂലി ഞങ്ങൾ പിരിച്ചുതരാം. അവരൊക്കെ വളരെ അനുസരണയുള്ളവരാണെന്നല്ലേ ബ്രദറേ പറഞ്ഞത്... നിങ്ങളു പോയി പറഞ്ഞാൽ അവർ കേട്ടോളും... അവരും പരിച്ഛേദനയേൽക്കട്ടെ".

എന്നാൽ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ ലഭിക്കുന്ന പാപമോചനത്തെയും രക്ഷയെയും യെഹൂദമതാനുഷ്ഠാനങ്ങളുമായി വീണ്ടും കൂട്ടിക്കുഴയ്ക്കാൻ പൗലൊസും ബർന്നബാസും തയ്യാറല്ലായിരുന്നു."പൗലൊസിനും ബർന്നബാസിനും അവരോട് അല്പമല്ലാത്ത വാദവും തർക്കവും ഉണ്ടായി". യേശുക്രിസ്തുവിലൂടെ മാത്രമുള്ള രക്ഷ പൗലൊസിന്റെയും ബർന്നബാസിന്റെയും അഭിപ്രായമല്ല. അത് ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട സത്യമാണ്. അഭിപ്രായത്തിന് മാറ്റമുണ്ടാകാം. എന്നാൽ സത്യത്തിന് ഒത്തുതീർപ്പില്ല.

പൗലൊസും ബർന്നബാസും ഇത്ര ശക്തമായി എതിർത്തപ്പോൾ (ദുരുപദേശം എപ്പോഴും ശക്തമായിത്തന്നെ എതിർക്കപ്പെടണം) യെരൂശലേമിൽ നിന്നു വന്നവർ ഒരു 'പുതിയ നമ്പർ' ഇറക്കി. ഇത് ഞങ്ങളുടെ അഭിപ്രായമല്ല. ഞങ്ങൾ വരുന്നത് പത്രൊസിന്റെയും, യാക്കോബിന്റെയും, യേശുവിന്റെ കൂടെ നടന്ന മറ്റ് അപ്പൊസ്തലന്മാരുടെയും, അടുത്തുനിന്നാണ്... അവരുടെ വാക്കുകളാണ് ഞങ്ങൾ പറയുന്നത്. ശരിക്കും ഇത് വാസ്തവമല്ലായിരുന്നു. അവർ വന്നത് യെറൂശലേമിൽ നിന്നായിരുന്നുവെങ്കിലും അവർ അപ്പൊസ്തലന്മാരുടെ പ്രതിനിധികളൊന്നും അല്ലായിരുന്നു. "ഞങ്ങൾ കല്പന കൊടുക്കാതെ ഞങ്ങളുടെ ഇടയിൽ നിന്ന് ചിലർ പുറപ്പെട്ടുവന്ന് നിങ്ങളെ വാക്കുകളാൽ ഭ്രമിപ്പിച്ച് നിങ്ങളുടെ ഹൃദയങ്ങളെ കലക്കിക്കളഞ്ഞു എന്നു ഞങ്ങൾ കേട്ടു"(പ്രവൃത്തികൾ 15:24) എന്ന് അപ്പൊസ്തലന്മാർ പിന്നീട് സാക്ഷിക്കുന്നുണ്ട്.

ദുരുപദേശം പ്രചരിപ്പിക്കാൻ ആരുടെ പേര് ഉപയോഗിക്കാനും കള്ളപ്രവാചകന്മാർക്കു മടിയില്ല. മാർട്ടിൻ ലൂഥർ അങ്ങനെ പറഞ്ഞിട്ടുണ്ട്, ജോൺ വെസ്ലി അങ്ങനെ പറഞ്ഞിട്ടുണ്ട് എന്നു തുടങ്ങി, പൗലൊസ് അങ്ങനെ പറഞ്ഞിട്ടുണ്ട്, യേശു കർത്താവ് അങ്ങനെ പറഞ്ഞിട്ടുണ്ട് എന്നൊക്കെ പറയാൻ അവർക്ക് മടിയില്ല. മിക്കവരും പിതാക്കന്മാരെ മാത്രമല്ല, ദൈവദൂതന്മാരെത്തന്നെ ദുരുപദേശപ്രചരണത്തിനു കൂട്ടുപിടിക്കുന്നു. "ഒരു രാത്രിയിൽ ഞാൻ ഉറങ്ങിക്കിടക്കുമ്പോൾ ദൈവത്തിന്റെ ദൂതൻ ഇറങ്ങിവന്ന്, ഈ അന്ത്യകാലത്ത് നീ പ്രസംഗിക്കേണ്ട ദൂതാണിത് എന്നു പറഞ്ഞ് എന്നെ ചില കാഴ്ചകൾ കാണിച്ചു" എന്നൊക്കെ ചിലപ്പോൾ ഇക്കൂട്ടർ പറഞ്ഞുകളയും.

എന്നാൽ പൗലൊസിന്റെ ഉപദേശം നാം മറന്നുകളയരുത്. "ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ, സ്വർഗ

ത്തിൽനിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോട് (മറ്റൊരു) സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ" (ഗലാത്യർ 1: 8). എന്തായാലും അന്ത്യോക്യയിലെ സഭയിൽ 'നുഴഞ്ഞു'കയറിയ (ഗലാത്യർ 2:4) യെരൂശലേമിൽ നിന്നെത്തിയ യെഹൂദവാദികൾ അപ്പൊസ്തലന്മാരുടെ പേരുപയോഗിച്ച് ദുരുപദേശം പ്രചരിപ്പിക്കാൻ പരിശ്രമിച്ചപ്പോൾ പൗലൊസും ബർന്നബാസും, "എന്നാൽ ഇക്കാര്യം യെരൂശലേമിൽ അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും മുൻപിൽ തന്നെ കൊണ്ടുചെല്ലാം... അവർ പറയട്ടെ" എന്ന് പറഞ്ഞു (പ്രവൃത്തികൾ 15: 2).

പൗലൊസിനോടുകൂടെ തീത്തൊസ് എന്ന യവനക്രിസ്ത്യാനിയും യെരൂശലേമിലേക്ക് പോകാനൊരുങ്ങി. ഉടനെ യെരൂശലേമ്യർ പറഞ്ഞു: "അയ്യോ! ഈ യവനനെയും കൊണ്ടാണോ അപ്പൊസ്തലന്മാരുടെ അടുത്ത് പോകുന്നത്... കഷ്ടം! ഉടനെ തന്നെ ഇവന് പരിച്ഛേദനകൊടുക്ക്! പിന്നെ മതി യെരൂശലേം യാത്ര... വെറുതെ അപ്പൊസ്തലന്മാരുടെ ശാപം തലയിൽ വലിച്ചുവയ്ക്കേണ്ട!". പൗലൊസ് പറഞ്ഞു: "നോ വേ! ഇവൻ യവനൻ... ഇവനെ യേശു രക്തംകൊടുത്ത് വിലയ്ക്കുവാങ്ങി. ഇവൻ സ്വതന്ത്രൻ! ഇനി ഇവനെ ന്യായപ്രമാണത്തിന്റെ നുകത്തിൻ കീഴിലേക്ക് തള്ളിവിടാൻ ഞാൻ സമ്മതിക്കില്ല" (ഗലാത്യർ 2:3–5).

ഒരുപക്ഷെ മൃദുലമനസ്കരായ അന്ത്യോക്യയിലെ വിശ്വാസികൾ പറഞ്ഞുകാണണം: "എന്നാലും പൗലൊസെ, ഇത്ര കടുംപിടുത്തം വേണോ? ഇനി ഇവർ പറയുംപോലെ അപ്പൊസ്തലന്മാർ ആരെങ്കിലും ശപിച്ചാലോ? വെറുതെ ദൈവദാസന്മാരുടെ ശാപം തലയിൽ വലിച്ചുകയറ്റണോ?". പല ദുരുപദേശക്കാരുടെയും 'ഓലപ്പാമ്പ്' 'ശപിച്ചുകളയും' എന്ന പല്ലവിയാണ്. ദൈവദാസൻ പറയുന്നത് അനുസരിച്ചോണം; ഇല്ലെങ്കിൽ ശാപമാ ഓർത്തോണം എന്നൊക്കെ സഭായോഗത്തിനു വിളിച്ചു കൂവിക്കളയും. പാവം വിശ്വാസികൾ അതു കേട്ട് പേടിച്ചു മിണ്ടാതിരുന്നുകൊള്ളും.

പ്രിയമുള്ളവരേ, സത്യത്തിനുവേണ്ടി ഒത്തുതീർപ്പില്ലാതെ നിലകൊള്ളുന്നവനെ ഒരു അപ്പൊസ്തലനും ശപിക്കാൻ കഴിയില്ല. ആ ശാപം ഫലിക്കയുമില്ല. വാസ്തവത്തിൽ ദൈവം സഭയിൽ ശുശ്രൂഷകരെ ആക്കിയിരിക്കുന്നത് ശപിക്കാനല്ലല്ലോ അനുഗ്രഹിക്കാനല്ലേ? പിന്നെ ഞാൻ ശപിച്ചുകളയും എന്ന ഓലപ്പാമ്പ് കാണിച്ച് പാവപ്പെട്ട വിശ്വാസികളെ പേടിപ്പിക്കാൻ നിങ്ങൾക്ക് എന്ത് അധികാരം? വിശ്വാസികളും ഒരു കാര്യം അറിയണം; അസ്ഥാനത്തുള്ള ഈ ശാപവാക്കുകൾ വെറും ഓലപ്പാമ്പാണ് – കടിക്കില്ല.

അപ്പൊസ്തലന്മാർ നാം ചിന്തിക്കുന്നതുപോലെ അത്ര ദർശനമില്ലാത്തവരൊന്നുമല്ല. പൗലൊസിനോടുകൂടെയുള്ള തിത്തൊസ്, യവനൻ എന്ന് അവർ അറിഞ്ഞിട്ടും പരിച്ഛേദന ഏല്ക്കാൻ ആരും അവനെ നിർബന്ധിച്ചില്ല (ഗലാത്യർ 2:3). വാസ്തവത്തിൽ പൗലൊസിന്റെയും ബർന്നബാസിന്റെയും ധൈര്യവും ഒത്തുതീർപ്പില്ലാത്ത മനോഭാവവും ക്രൈസ്തവസഭയുടെ ചരിത്രത്തെത്തന്നെ മാറ്റിമറിച്ചു. യെരൂശലേമിൽ നിന്ന് അന്ത്യോക്യയിലെത്തിയ പരിച്ഛേദനവാദികൾ പേടിപ്പിച്ചതുപോലെയൊന്നും കാര്യങ്ങൾ നടന്നില്ല. പകരം, തങ്ങൾക്കു ചെയ്യാൻ കഴിയാത്തതു പൗലൊസിന്റെ കയ്യാൽ അന്ത്യോക്യസഭ ചെയ്യുന്നതുകണ്ട് അവർ സന്തോഷിച്ചു. ദൈവരാജ്യമുന്നേറ്റത്തിൽ നമുക്കു ചെയ്യാൻ കഴിയാത്തത് മറ്റൊരാൾ ചെയ്യുന്നതു കാണുമ്പോൾ സന്തോഷിക്കാൻ കഴിയുന്നതാണു യഥാർഥ ക്രിസ്തീയ മനോഭാവം!

പരിച്ഛേദനയുടെ അപ്പൊസ്തലത്വത്തിനായി പത്രൊസിനോടുകൂടെ വ്യാപരിച്ചവൻ ജാതികൾക്കായി എന്നോടുകൂടെയും വ്യാപരിച്ചതുകൊണ്ട്, പത്രൊസിന് പരിച്ഛേദനക്കാരുടെ ഇടയിലെ സുവിശേഷഘോഷണം എന്നപോലെ എനിക്ക് അഗ്രചർമ്മക്കാരുടെ ഇടയിലെ സുവിശേഷഘോഷണം ഭരമേൽപ്പിച്ചിരിക്കുന്നു എന്നു കണ്ടും, എനിക്കു ലഭിച്ചിരിക്കുന്ന കൃപ അറിഞ്ഞും കൊണ്ട് തൂണുകളായി എണ്ണപ്പെട്ടിരുന്ന യാക്കോബും കേഫാവും യോഹന്നാനും, ഞങ്ങൾ ജാതികളുടെ ഇടയിലും, അവർ പരിച്ഛേദനക്കാരുടെ ഇടയിലും സുവിശേഷം അറിയിപ്പാൻ തക്കവണ്ണം എനിക്കും ബർന്നബാസിനും കൂട്ടായ്മയുടെ വലങ്കൈ തന്നു (ഗലാത്യർ 2:7–9).

ഇതിനർഥം യെരൂശലേം സഭയിലെ മുഴുവൻ ആളുകളും ഒറ്റയടിക്കു മാനസാന്തരപ്പെട്ട് എല്ലാ ജാതീയസഭകളെയും അംഗീകരിച്ചെന്നല്ല, പരീശപക്ഷത്തിൽനിന്നു വിശ്വാസത്തിൽ വന്ന പലരും, ജാതീയക്രിസ്ത്യാനിയും പരിച്ഛേദന ഏല്ക്കണം എന്നു ചിന്തിച്ചവരായിരുന്നു (പ്രവൃത്തികൾ 15: 5). എന്നാൽ, പത്രൊസും യാക്കോബും യോഹന്നാനും മറ്റ് അപ്പൊസ്തലന്മാരും സത്യത്തിനു കൂട്ടുനിന്നു (ധൈര്യമായി സത്യത്തിനു സാക്ഷ്യം വഹിച്ചാൽ ആരെങ്കിലുമൊക്കെ നമുക്കു കൂട്ടുകാണും). ഭയപ്പെടാൻ പാടില്ല.

ശേഷം പേജ് 29 ▶



ചെയ്സ് ജോസഫ്

# ഉചിതമായ സത്യാരാധന

***സഹോദരങ്ങളേ, ദൈവം നമ്മോടു കാട്ടിയ കരുണ അനുസ്മരിപ്പിച്ചു കൊണ്ട് ഞാൻ പ്രബോധിപ്പിക്കുന്നത്: പവിത്രവും ദൈവത്തിനു പ്രസാദകരവുമായ സജീവയാഗമായി നിങ്ങളുടെ ശരീരങ്ങളെ സമർപ്പിക്കുക; ഇതാണ് നിങ്ങളുടെ ഉചിതമായ സത്യാരാധന. ഈ കാലഘട്ടത്തിന്റെ രീതികളോട് അനുരൂപപ്പെടരുത്; മറിച്ച്, ചിന്താരീതിക്കു സമൂല നവീകരണം വരുത്തി നിങ്ങൾ രൂപാന്തരപ്പെടുക. അങ്ങനെ സദ്ഗുണസമ്പന്നവും സ്വീകാര്യവും സമ്പൂർണവുമായ ദൈവഹിതമെന്തെന്നു നിങ്ങൾക്കു സ്പഷ്ടമാകും (റോമർ 12 : 1,2)***

**റോ**മർ പന്ത്രണ്ടാം അധ്യായത്തിലേക്കു നാം കടക്കുമ്പോൾ ശരിയായ ആത്മീക ആരാധന എന്താണ് എന്ന് പൗലോസ് വ്യക്തമാക്കുകയാണ്. അത് മേലുദ്ധരിച്ച വചനത്തിന്റെ ശരിയായ വെളിപ്പാടിന്റെ പശ്ചാത്തലത്തിൽ ആണ്. നാം ഒന്നും സ്വയം ആയി നേടുന്നില്ല. എല്ലാം ദൈവത്തിന്റെ കരുണ ആണ്. അതായത് സൗജന്യദാനമായി ദൈവം നല്കുന്നതാണെല്ലാം. അതുകൊണ്ടാണ് ദൈവം നമ്മുടെ ആരാധന സ്വീകരിക്കുന്നത്. കാരണം നമുക്ക് ലഭിക്കുന്ന നീതിയും വിശുദ്ധിയും തേജസ്സും എല്ലാം ക്രിസ്തുവിന്റെ ധനം ആണ്. ഇതൊന്നും നമ്മുടെ സ്വന്തമല്ല എന്നതിലുപരി നമുക്ക് അതിൽ ഒരു അർഹതയോ ചിലവോ കഴിവോ ഇല്ല. മാനസാന്തരത്തിനും ആരാധനയ്ക്കും ആധാരമായിരിക്കുന്നത് നമ്മുടെ എന്തെങ്കിലും നേട്ടമോ സ്വഭാവസവിശേഷതയോ മനുഷ്യനീതിയോ അല്ല. പ്രത്യുത, ദൈവം കാണിച്ച കരുണ മാത്രമാണ്. അതുകൊണ്ട് പൗലോസിന്റെ പ്രബോധനങ്ങൾ ദൈവത്തിന്റെ മനസ്സലിവിനെ ഓർമ്മിപ്പിച്ചുകൊണ്ടാണ്.

നമ്മൾ ബുദ്ധിയുള്ളവർ ആയിരിക്കണം എന്ന് പൗലോസ് പറയുന്നു. സാധാരണ ഗതിയിൽ ബുദ്ധി എന്നത് ആത്മീകതയെ സൂചിപ്പിക്കുന്ന ഒരു പദമല്ല, ഇവിടെ ഈ വചനത്തിൽ നമ്മുടെ ബൗദ്ധിക ശക്തിയെ കുറിക്കുന്ന ഒരു പദമാണ്. എന്നാൽ നമ്മൾ മനസ്സ് കൊണ്ടു ചിന്തിച്ചു മനസ്സിനെ ബോധ്യപ്പെടുത്തേണ്ട ഒരു കാര്യമാണ് ദൈവത്തിന്റെ മനസ്സലിവ്. പലപ്പോഴും ചിന്ത അങ്ങോട്ട് എത്താറില്ല. ഒരു കാലം വരെ, നാം ആത്മീകതയുടെ കുപ്പായം ഇട്ടു കഴിഞ്ഞാൽ പിന്നെ നാം നമ്മുടെ പ്രവർത്തികളിൽ പുകഴുകയും, ദൈവത്തോട് നമുക്കനുകൂലമായ ഒരു ഇടപാടാക്കി മാറ്റുവാൻ ഉദ്യമിക്കുകയും ചെയ്യും

നാം ദൈവത്തെ തെരെഞ്ഞെടുക്കുക ആയിരുന്നു എന്നും അങ്ങനെ തെരഞ്ഞെടുക്കപ്പെട്ടത് വഴി ദൈവരാജ്യത്തിനു ഒരു വലിയ നേട്ടം ആണ് ലഭിച്ചത് എന്നും സ്വയം ചിന്തിച്ചു പോകുന്നവർ ധാരാളം ഉണ്ട്. കാലക്രമത്തിൽ തങ്ങൾ മറ്റു വിശ്വാസികളെക്കാളും എത്രയോ ശ്രേഷ്ഠർ ആണ് എന്ന് സ്വയം വിശ്വസിക്കുകയും, മറ്റുള്ളവരെ അങ്ങനെ വിശ്വസിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾ എന്നെ തെരഞ്ഞെടുത്തതല്ല, ഞാനാണ് നിങ്ങളെ തെരഞ്ഞെടുത്തത്. നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിലനിൽക്കുന്ന ഫലം കായ്ക്കേണ്ടതിനും തന്നെ, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു നിയമിച്ചുമിരിക്കുന്നു (യോഹന്നാൻ 15:16)

എന്നാണ് യേശുകർത്താവ് തന്നെ സ്പഷ്ടമായി പറഞ്ഞിരിക്കുന്നത്.

സ്വയം നീതീകരിക്കുകയും സ്വന്തധർമ്മത്തിലും ശക്തിയിലും രക്ഷയ്ക്കായി ആശ്രയിക്കുകയും ചെയ്യുന്ന ആർക്കും ബുദ്ധിയുള്ള ഒരു ആരാധന അർപ്പിക്കുവാൻ കഴിയുന്നതല്ല. ബുദ്ധിയുള്ള ആരാധന ഉയരുന്നില്ലെങ്കിൽ നമ്മുടെ രക്ഷ പൂർണമാകുന്നില്ല എന്നാണ് അർഥം. അതായത് ദൈവത്തോടുള്ള ബന്ധം സജീവമായി തുടരുവാനും വളരുവാനും ഇത് അനിവാര്യമാണ്.

ഒൻപതാം അധ്യായം മുതൽ പൗലോസ് എന്താണ് പറയുന്നത്? ഒൻപതാം അധ്യായത്തിന്റെ അവസാന ഭാഗത്തു പൗലൊസ് പറയുന്നത്: ഇസ്രായേൽ മക്കൾ ദൈവീകപദ്ധതിയുടെ വെളിയിൽ ആയതിന്റെ കാരണം, അവർ സ്വയനീതിയെ അന്വേഷിച്ചു ദൈവത്തിനു നൽകേണ്ട മഹത്വം സ്വയം എടുത്തതു കൊണ്ടാണ്. അതിനായി അവർ സ്വന്തനീതിയുടെ ഒരു നിലവാരം സൃഷ്ടിക്കുകയും മറ്റുള്ളവരെ വിധിക്കുകയും ചെയ്തു. ഇതേ പരിതസ്ഥിതി തന്നെയാണ് ഇന്നും അനേകരും തുടരുന്നത്. ആത്മീകർ എന്ന് സ്വയം വിശ്വസിക്കുന്നവർ മറ്റുള്ളവരെ വിധിക്കുകയും, ദൈവത്തെ ആരാധിക്കുന്നതിനു പകരം, അറിയാതെ തന്നെ, സ്വയത്തെ ആരാധിക്കുകയും ചെയ്യുന്നു.

ഇന്ന് ഈ ബുദ്ധിയില്ലായ്മ ആരാധനാശുശ്രൂഷകളിലും വ്യക്തമാണ്. മനുഷ്യരുടെ സംഗീതാത്മകമായ കഴിവുകളുടെ ഒരു പ്രദർശനവേദി ആയി കൂടിവരവുകൾ മാറുന്നു. ആരാധന നയിക്കുന്ന പ്രത്യേക വിഭാഗങ്ങൾ അവരുടെ കഴിവുകളെ പ്രദർശിപ്പിക്കുന്നു. പാടുന്നവരുടെ ശബ്ദത്തേക്കാൾ ഉയർന്നു നിൽക്കുന്ന സംഗീത ഉപകരണങ്ങളുടെയും ഉച്ചഭാഷണിയുടെയും ശബ്ദം മനുഷ്യർക്കരോചകമാകുന്നതല്ലാതെ ദൈവത്തിനു മഹത്വമായി ഭവിക്കുന്നില്ല. പ്രത്യുത ഹർഷോന്മാദത്തോടു കൂടിയുള്ള ഒരു തരം നിർവൃതിയായി കലാശിക്കുകയാണ് ചെയ്യുന്നത്. ഇതാണ് ആരാധനയെന്നു പലരും തെറ്റിദ്ധരിക്കുന്നു. സംഗീത ഉപകരണങ്ങൾ വേണ്ടെന്നല്ല, അത് ആനുപാതികമായ നിലയിൽ ഉപയോഗിക്കണമെന്ന് മാത്രം.

ശരിയായ ആരാധന ബുദ്ധിയോടെ ആവണം. ദൈവം എന്താണ് ആഗ്രഹിക്കുന്നത് എന്ന് നാം ബുദ്ധിയോടെ മനസിലാക്കണം. ശരിക്കും ആരാധന ദൈവത്തിനു ആവശ്യമായത് കൊണ്ടല്ല നാം ചെയ്യുന്നത്. മനുഷ്യർ സ്വാഭാവികമായും ചിന്തിക്കുന്നത്

**ദൈവം എന്താണ് ആഗ്രഹിക്കുന്നത് എന്ന് നാം ബുദ്ധിയോടെ മനസിലാക്കണം. മനുഷ്യർ സ്വാഭാവികമായും ചിന്തിക്കുന്നത് ദൈവം ആരാധന വളരെ അധികം ഇഷ്ടപ്പെടുന്നു, അതുകൊണ്ട് ദൈവം ഒന്ന് സന്തോഷിച്ചോട്ടെ എന്ന് കരുതി നല്ല പാട്ടുകൾ പാടി കേൾപ്പിക്കുകയാണ്.**

ദൈവം ആരാധന വളരെ അധികം ഇഷ്ടപ്പെടുന്നു, അതുകൊണ്ട് ദൈവം ഒന്ന് സന്തോഷിച്ചോട്ടെ എന്ന് കരുതി നല്ല പാട്ടുകൾ പാടി കേൾപ്പിക്കുകയാണ്.

എന്നാൽ റോമാലേഖനം നാം വായിക്കുമ്പോൾ മനസ്സിലാകുന്നത്. ദൈവത്തിനു നമ്മിൽ നിന്ന് ഒന്നും ആവശ്യമില്ല. ആരാധന പോലും! യഹോവയുടെ കൽപ്പന കേട്ടനുസരിക്കുന്നതു പോലെയുള്ള പ്രസാദം യഹോവയ്ക്ക് ഹോമയാഗങ്ങളിലും ബലികളിലും ഉണ്ടാകുമോ? അനുസരിക്കുന്നത് ബലിയെക്കാൾ ശ്രേഷ്ഠം! കൽപ്പന ചെവിക്കൊള്ളുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാൾ ശ്രേഷ്ഠം! മാത്സര്യം ദേവപ്രശ്നം വെക്കുന്നതുപോലെ തന്നെ പാപമാണ്! ശാഠ്യം വിഗ്രഹാരാധന പോലെയുള്ള തിന്മയാണ് എന്നാണല്ലോ 1 ശമുവേൽ 15 ന്റെ 22,23 വാക്യങ്ങളിൽ നാം കാണുന്നത്.

ദൈവത്തിന്റെ പ്രവൃത്തികളെ കാണുമ്പോൾ, അല്ലെങ്കിൽ ദൈവം ആരെന്നും തന്റെ സ്നേഹം എന്തെന്നും അറിയുമ്പോൾ സ്വാഭാവികമായി നമ്മുടെ ഹൃദയത്തിൽ നിന്ന് ഉയരുന്നതാണ് ആരാധന. അത് നമുക്ക് തന്നെ ആണ് ആത്മീകവർധന വരുത്തുന്നത്. സാധാരണഭാഷയിൽ പറഞ്ഞാൽ ദൈവത്തിന്റെ മഹത്വവും ശ്രേഷ്ഠതയും കരുതലും മനസ്സലിവും, നമുക്കായി നിത്യത വരെയുള്ള തന്റെ പദ്ധതിയും, ഒരളവിലെങ്കിലും മനസ്സിലാക്കുമ്പോൾ നമ്മിൽ നിന്നുയരുന്ന സ്നേഹത്തിന്റെയും നന്ദിയുടെയും വിശിഷ്ടമായ ഒരു മനോഭാവമാണ് ആരാധനയായി ദൈവത്തിങ്കലേക്കുയരേണ്ട ത്. ഈ മനോഭാവമാണ് ആരാധനയായി ദൈവം നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ●



ജോർജ് മാത്യു, പുതുപ്പള്ളി

# ദൈവത്തിൽ നിന്നുള്ള ഷോക്ക് ട്രീറ്റ്മെന്റ്

ഉദാസീനതയും അലസതയും ദൈവവചനം ഒരിക്കലും പ്രോത്സാഹിപ്പിക്കുകയോ ന്യായീകരിക്കുകയോ ചെയ്യുന്നില്ല. ഉദാസീനർക്കും അലസർക്കും ജീവിതത്തെ ഒരിക്കലും ഗൗരവതരമായി കാണുവാനും സാധിക്കുകയില്ല. താൻ മുഖാന്തരം മറ്റുള്ളവർക്കു ബുദ്ധിമുട്ടുകളോ പ്രശ്നങ്ങളോ ഉണ്ടായാലും ഉദാസീനനായ മനുഷ്യൻ അതറിഞ്ഞ ഭാവംപോലും കാണിക്കുകയില്ല. എന്താണു സംഭവിച്ചതെന്നു ശ്രദ്ധിക്കുകപോലും ചെയ്യാതെ അയാൾ തന്റെ ജോലി തുടരും.

ഉദാസീനതയും അനാസ്ഥയും ആത്മീയമരണത്തിനു തുല്യമാണ്. പലപ്പോഴും നാം അതു ഗ്രഹിക്കുന്നില്ല. തൽഫലമായി ആത്മീയജീവന്റെ ലക്ഷണമായ സ്നേഹം നമ്മിൽ കാണുകയില്ല. ഉദാസീനനായ വ്യക്തി യേശുവിന്റെ ഹൃദയവാഞ്ഛകളും അഭ്യർത്ഥനകളും ഗ്രഹിക്കുന്നില്ല. ഈവക കാര്യങ്ങൾ ഗ്രഹിക്കുന്നതിനാവശ്യമായ സ്നേഹമുള്ള ഹൃദയം അയാൾക്കില്ല. സ്നേഹം അയാളിൽ പ്രകാശിക്കുന്നില്ല. ദൈവരാജ്യത്തിനുവേണ്ടി അയാളുടെ ഹൃദയം കത്തിജ്ജ്വലിക്കുന്നില്ല. കർത്താവിന്റെ വേലയ്ക്കുവേണ്ടി അയാൾ ത്യാഗപൂർവം തന്നെത്തന്നെ സമർപ്പിക്കുന്നില്ല. ഉദാസീനർ വെറുമൊരു വിനോദത്തിനെന്നപോലെയാണ് ക്രിസ്തീയ കൂട്ടായ്മകളിലും സഭായോഗങ്ങളിലും പങ്കെടുക്കുന്നത്. ഇതു നമ്മുടെ കർത്താവിനെ ഏറെ വേദനിപ്പിക്കുന്നു.'നാം ശീതവാന്മാരോ, ഉഷ്ണവാന്മാരോ ആയിരുന്നെങ്കിൽ' എന്നു കർത്താവ് ആഗ്രഹിക്കുന്നു.

തീക്ഷ്ണതയുള്ള സ്നേഹത്തിനു മാത്രമേ ത്യാഗ സന്നദ്ധതയുള്ളൂ. അത്തരം സ്നേഹം മാത്രമേ ഉജ്ജ്വലവും ഊഷ്മളവും ആയിരിക്കുകയുള്ളൂ. സജീവമായ സ്നേഹം നാം സ്വായത്തമാക്കുന്നില്ലെങ്കിൽ യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരെന്ന പേരിനർഹരല്ല. ദൈവത്തെ സ്നേഹിക്കണമെന്ന കൽപ്പന പഠിച്ചതു കൊണ്ടോ പഠിപ്പിച്ചതു കൊണ്ടോ നമ്മുടെ ഹൃദയത്തിൽ ദൈവസ്നേഹം ഉളവാകയില്ല. പ്രത്യുത, തന്റെ ഏകജാതനായ പുത്രനെ നമ്മുടെ ശിക്ഷാവിധി വഹിച്ചു കൊണ്ട് കാൽവറി ക്രൂശിൽ തകർക്കപ്പെടുവാൻ ഏൽപ്പിച്ചു കൊടുത്ത പിതാവിന്റെ സ്നേഹവും, അതിനായി സമർപ്പിച്ച പുത്രന്റെ സ്നേഹവും നാം അറിഞ്ഞു എങ്കിൽ മാത്രമേ കവിഞ്ഞൊഴുകുന്ന സ്നേഹത്തിന്റെ ഉറവ നമ്മുടെ ഹൃദയത്തിൽ തുറക്കപ്പെടുകയുള്ളൂ.

സഭ വിമർശനവിധേയമായാലും, ദൈവനാമം ദുഷിക്കപ്പെട്ടാലും, കൂട്ടുവിശ്വാസികൾ പിന്മാറിപ്പോയാലും ഉദാസീനർ മന്ദോഷ്ണഭാവം തന്നെ തുടരും. കർത്താവിന്റെ വേലയോ ദൈവസഭയുടെ സാക്ഷ്യമോ അവർക്കൊരു പ്രശ്നമേ ആയിരിക്കുകയില്ല. മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി ഉദാസീനർ പ്രാർത്ഥിക്കുകപോലും ചെയ്യുകയില്ല. ചുറ്റുപാടും എന്തു സംഭവിക്കുന്നെന്ന് അവർ ആരായുന്നില്ല. വേദപുസ്തകം ഉദാസീനരെക്കുറിച്ചു പറയുന്നത്: ഇങ്ങനെ: 'ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണു കളയും' (വെളിപ്പാട് 3 : 16). ഉദാസീനതയോടെ ആരാധനയിൽ പങ്കെടുക്കുന്നവരെ

വിശുദ്ധ ബൈബിൾ വിശേഷിപ്പിക്കുന്നത് 'ജീവനുള്ളവനെന്നു നിനക്കു പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു'(വെളിപ്പാട്: 3:1) എന്നാണ്. ഉദാസീനരെയും മന്ദോഷ്ണവാന്മാരെയും അലസരെയും തന്റെ വായിൽനിന്ന് ഉമിണ്ണു കളയുമെന്നാണ് യേശു കർത്താവ് പറയുന്നത്. ഭയങ്കരമായ ഒരു ശിക്ഷാവിധിയാണ് ഉദാസീനരെ കാത്തിരിക്കുന്നത്. യേശുവിനവരുമായി ഒരു ബന്ധവുമില്ല. അടഞ്ഞ വാതിലുകൾക്കു മുമ്പിൽ നിന്ന കന്യകമാരെപ്പോലെ 'ഞാൻ നിങ്ങളെ അറിയുന്നില്ല' എന്ന യേശുവിന്റെ വാക്കുകൾ ഒരിക്കലവർ കേൾക്കേണ്ടി വരും.

ബഹുമാന്യനായ ഒരു വ്യക്തിക്കുവേണ്ടി ജോലി ചെയ്യുമ്പോൾ ഒരിക്കലും ജോലിയിൽ അലസതയോ ഉദാസീനതയോ കാട്ടാൻ നാം ധൈര്യപ്പെടുകയില്ല. ദൈവത്തോട് നാം ഉദാസീനതയോടെ വർത്തിക്കുന്നുവെങ്കിൽ നമുക്ക് അയ്യോ കഷ്ടം.'യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവർ ശപിക്കപ്പെട്ടവർ' (യിരമ്യാവ് 48 :10) എന്നു നാം തിരുവചനത്തിൽ വായിക്കുന്നു. ദൈവശാപം ഇഹലോകത്തിൽ മനുഷ്യനു ദുരിതവും, മാനസാന്തരപ്പെട്ടില്ലെങ്കിൽ നിത്യതയിൽ ഭയങ്കരമായ ശിക്ഷാവിധികളുമാണ് നൽകുക എന്ന സത്യം നാം വിസ്മരിക്കരുത്.

ഉദാസീനർ പ്രത്യക്ഷമായി പാപമൊന്നും ചെയ്യുന്നില്ലെങ്കിലും അവർ ദൈവത്തോടു രഹസ്യമായി മത്സരിക്കുകയാണ്. അവരുടെ സ്നേഹം അവർ ദൈവത്തിനു നിരസിച്ചിരിക്കുന്നു. കത്തിജ്ജ്വലിക്കുന്ന സ്നേഹത്തോടുകൂടി മാത്രമേ ഒരു യഥാർത്ഥ ഭക്തനു സ്നേഹസ്വരൂപനായ ദൈവത്തെ സേവിക്കുവാൻ കഴിയുകയുള്ളൂ. നമ്മുടെ ശക്തിയും സമയവും പൂർണ്ണമായി തന്റെ മുമ്പിൽ സമർപ്പിക്കണം. ത്യാഗസന്നദ്ധതയോടും ഉത്സാഹഭരിതമായ മനസോടും കൂടിയായിരിക്കണം നാം ദൈവത്തെ സേവിക്കേണ്ടത്. അല്ലാത്തപക്ഷം രാജാധിരാജാവും കർത്താധികർത്താവുമായ ദൈവത്തെ നാം അപമാനിക്കുകയാണ്.

ഉദാസീനനും അലസനുമായ വ്യക്തി ദൈവത്തിൽ നിന്നുവരുന്ന ഏതു കഷ്ടവും നഷ്ടവും ശിരസാ വഹിക്കാൻ തയാറായിരിക്കണം. ദൈവത്തിൽ നിന്നുള്ള ബാലശിക്ഷ ഒരു നല്ല ചികിത്സയാണ്. അതു നമ്മെ അനാസ്ഥയിൽ നിന്നും ഉദാസീനമനോഭാവത്തിൽനിന്നും വിടുവിക്കും. ബാലശിക്ഷകൾ നമ്മുടെമേൽ പതിക്കുമ്പോൾ നാം നമ്മുടെ പാപങ്ങളെപ്പറ്റി സംഭീതരാകുകയും, അവയെ ച്ചൊല്ലി കരഞ്ഞു വിലപിക്കുകയും ചെയ്യും. പാപ

**ദൈവത്തിൽ നിന്നുള്ള ബാലശിക്ഷ ഒരു നല്ല ചികിത്സയാണ്. അതു നമ്മെ അനാസ്ഥയിൽ നിന്നും ഉദാസീനമനോഭാവത്തിൽ നിന്നും വിടുവിക്കും.**

ക്ഷമ ലഭിച്ചവർ എന്ന നിലയിൽ യേശുവിനെ അധികമായി സ്നേഹിക്കും. യേശുവിനു വേണ്ടി നമ്മുടെ ജീവിതം തന്നെ ചിലവായിപ്പോവുകയും നമുക്കുള്ളത് ചിലവിടുകയും അല്ലാതെ മറ്റൊന്നും ചെയ്യുവാനില്ലെന്ന് നാം തിരിച്ചറിയും.

വലിയ ഇടിയും മിന്നലും കൊണ്ടു മാത്രമേ നമ്മുടെ ഉദാസീനതയിൽ നിന്നു നമ്മെ ഉണർത്തുവാൻ കഴിയൂ. അതിന്റെ ഫലമായി നാം ചലിച്ചുതുടങ്ങും. അപ്പോൾ നാം ജീവൻ പ്രാപിക്കും. ശിക്ഷാവിധിയുടെ ആഘാതങ്ങൾ നമ്മെ ഉലയ്ക്കുകയും ഉണർത്തുകയും ചെയ്യും. പലപ്പോഴും നമ്മുടെ അനാസ്ഥയ്ക്കുള്ള ഫലപ്രദമായ ചികിത്സ ദൈവത്തിൽ നിന്നുള്ള ഇത്തരം ഷോക്ക് ട്രീറ്റ്മെന്റാണ്. യോനായുടെ അനുഭവം ഒരുത്തമ ഉദാഹരണമാണ്. നാം ചികിത്സിക്കപ്പെടാൻ സന്നദ്ധരായിരിക്കണമെന്നു മാത്രം.നമ്മുടെ ഉദാസീനമനോഭാവവും അനാസ്ഥയും അലസതയും നാം ഉപേക്ഷിച്ചേ പറ്റൂ. ദൈവദൃഷ്ടിയിൽ അതു ഗുരുതരമായ പാപം തന്നെയാണ്. നമ്മുടെ കടുത്ത ശത്രുവായി അതിനെ നാം കരുതണം. നാശത്തിലേക്കും യാതനയിലേക്കും അന്ധകാരലോകത്തിലേക്കും അതു നമ്മെ നയിക്കും. നമ്മുടെ അനാസ്ഥയിൽ നിന്നു ഉണർത്തുന്നതിനായി നമുക്ക് യേശുവിനെ വിളിച്ചപേക്ഷിക്കാം. ശുദ്ധീകരിക്കുന്ന ദൈവകരങ്ങളിൽ നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

യേശുവിനെ സ്നേഹിക്കുകയും തന്റെ മുമ്പിൽ ജീവിതം സമർപ്പിക്കുകയും ചെയ്യുന്നവരാണ് പാപക്ഷമയും നിത്യജീവനിൽ പങ്കാളിത്തവും സമ്പാദിക്കുന്നത്. ദൈവം നമുക്കു നൽകുന്ന ശിക്ഷാവിധിയും ശുദ്ധീകരണവുമാണ് നമ്മുടെ അനാസ്ഥയ്ക്ക് ഏറ്റവും നല്ല പ്രതിവിധി. സങ്കടപ്പെട്ടു കരയുന്ന സ്വഭാവം, നമ്മെ നിർമലഹൃദയമുള്ള വിശ്വാസികളായി രൂപാന്തരപ്പെടുത്തുന്നു. പുതുജീവൻ നൽകി പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. യേശുകർത്താവിന്റെ സ്നേഹനിർഭരമായ ശിക്ഷണത്തിനു നമ്മെത്തന്നെ വിധേയരാക്കാം. ഉദാസീനതയെയും അലസതയെയും മന്ദോഷ്ണഭാവത്തെയും അനാസ്ഥയെയും നമ്മുടെ ജീവിതത്തിൽ നിന്ന് എന്നുന്നേക്കുമായി തൂത്തെറിയാം. •



ഡേവിഡ് വിൽക്കേഴ്സൺ

# ആത്മീയ അഹങ്കാരം

നന്ദിയില്ലാത്ത ഹൃദയത്തിൽ നിന്നാണ് ആത്മീയ അഹങ്കാരം ഉത്ഭവിക്കുന്നത്. നമ്മുടെ കഴിവും പ്രാപ്തിയും ദൈവത്തിന്റെ ദാനം എന്നത് മറക്കുന്നതോ, അവഗണിക്കുന്നതോ ആണ് ഇതിനു നിദാനം. അത്തരമൊരു വ്യക്തിക്കു കാതലായ അപകർഷതാബോധമോ വളരെ താഴ്ന്ന ആത്മാഭിമാനമോ ആണുള്ളത്. തങ്ങൾ എല്ലായ്പ്പോഴും പ്രാപ്തരാണ് എന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തണം എന്ന മനോഭാവം ഇക്കൂട്ടരുടെ പ്രത്യേകതയാണ്. അത്തരമൊരു വ്യക്തി അത്യാഗ്രഹവും മറ്റുള്ളവരിൽ നിന്നുള്ള അംഗീകാരവും ശ്രദ്ധയും ലഭിക്കണമെന്ന അടങ്ങാത്ത ആഗ്രഹവുമുള്ള ആളാണ്. ഇത്തരം അടങ്ങാത്ത ആഗ്രഹം ഈ വ്യക്തിയെ ദൈവത്തോടും മറ്റുള്ളവരോടും നന്ദിയില്ലാത്തവനാകുവാൻ ഇടയാക്കുന്നു. തത്ഫലമായി ഒരു നാണയത്തിന്റെ രണ്ടു വശങ്ങളെന്ന പോലെ അഹങ്കാരം നന്ദികേടുമായി കൈകോർത്ത് നടക്കുന്നു, വിനയമാകട്ടെ നന്ദിയുമായി കൈകോർക്കുന്നു.

തങ്ങളുടെ വിജയകരമായ ശുശ്രൂഷ സ്വന്തകഴിവല്ല, ദൈവത്തിന്റെ ദാനമാണെന്ന സത്യം മറക്കുന്ന പുരുഷന്റെയോ സ്ത്രീയുടെയോ ഹൃദയത്തിൽ ആത്മീയ അഹങ്കാരം കടന്നുവരുന്നു. ദൈവം നമ്മെ എവിടെ നിന്നാണ് കൊണ്ടുവന്നത് എന്നും, നാം ഇപ്പോൾ ഏതവസ്ഥയിലായിരിക്കുന്നു എന്നും, ഈ നിലവാരത്തിലേക്ക് നമ്മെ എത്തിക്കാൻ ജീവിതയാത്രയിലുടനീളം നമ്മെ രൂപപ്പെടുത്തുന്നതിന് ആരെയൊക്കെ ഏതൊക്കെ ആയുധങ്ങളായി എങ്ങനെയൊക്കെ ഉപയോഗിച്ചു എന്നും ഓർക്കേണ്ടത് വളരെ പ്രധാനമാണ്. നീതിയെ പിന്തുടരുന്നവരും യഹോവയെ അന്വേഷിക്കുന്നവരുമേ, എന്റെ വാക്കു ശ്രദ്ധിക്കുക. നിങ്ങളെ വെട്ടിയെടുത്ത പാറയിലേക്കും നിങ്ങളെ കുഴിച്ചെടുത്ത ഖനിഗർഭത്തിലേക്കും നോക്കുക എന്ന യെശയ്യാവ് 51 : 1 ലെ പ്രവചനം എത്രമാത്രം അർത്ഥഗർഭമാണെന്നു ചിന്തിക്കുക. ആരുടേയും സ്വന്തപരിശ്രമത്താലല്ല, മറിച്ച് ദൈവത്തിന്റെ കൃപയാൽ മാത്രമാണ് ശ്രേഷ്ഠരായ ദൈവദാസന്മാർ കാലാകാലങ്ങളിൽ ദൈവകരങ്ങളിലുപയോഗിക്കപ്പെട്ടിരുന്നത്. ഈ ബോധ്യമുള്ളവരാരും ഒരിക്കലും ആത്മീയ അഹങ്കാരത്തിൽ അകപ്പെടുകയില്ല.

ബൈബിളിൽ ശൗൽരാജാവിന്റെ വളരെ ദാരുണമായ അന്ത്യത്തെക്കുറിച്ചു ഒരു വിവരണമുണ്ട്. ദൈവത്താൽ വിളിക്കപ്പെട്ടപ്പോൾ ഞാനും എന്റെ കുടുംബവും കുലവും എന്തുള്ളു എന്ന് പറഞ്ഞു സ്വയം വിനീതനായി. എന്നാൽ ആത്മിക അഹങ്കാരവും അനുസരണക്കേടും അസൂയയും കാരണം അവന്റെ ജീവിതം വളരെദാരുണമായി അവസാനിച്ചു. നമുക്ക് ആത്മിക അഹങ്കാരം ഉണ്ടായിരിക്കുന്നത് വളരെ അപകടകരമാണ്. ശൗലിനെപ്പോലെ, കർത്താവിനെ കാത്തിരിക്കാനും അചഞ്ചലനായി നിൽക്കാനും അതുവഴി ദൈവത്തിന്റെ രക്ഷ കാണാനും എല്ലായ്പ്പോഴും തന്നിൽ ആശ്രയിക്കാനും ദൈവം കൽപ്പിച്ചിരിക്കുന്നു. എന്നാൽ വിചാരിച്ച സമയപരിധി കഴിഞ്ഞപ്പോൾ, അവൻ ദൈവത്തിനെതിരായി ദൈവം എന്നെ ശ്രദ്ധിക്കുന്നില്ല, ദൈവം എന്നെ നിരാശപ്പെടുത്തി, പ്രാർത്ഥനയും കാത്തിരിപ്പും ഫലിക്കുന്നില്ല, കാര്യങ്ങൾ കൂടുതൽ വഷളാകുന്നു എന്നിങ്ങനെ അവന്റെ ചിന്തകൾ കാട് കയറുന്നു. നാം അപ്പോൾ ദൈവവചനത്തിൽ വിശ്വസിക്കുന്നില്ല. ദൈവത്തിനെതിരായി വഞ്ചനാക്കുറ്റം ചുമത്തുന്നു. അക്ഷമനായി സ്വയം പ്രവർത്തിക്കുന്നു. ദൈവം എന്നെ തന്റെ

വേല ചെയ്യാൻ അയച്ചു, പക്ഷേ അത് എങ്ങനെ ചെയ്യാമെന്ന് മനസിലാക്കിത്തരാതെ എന്നെ തനിയെ വിട്ടു. ഇപ്പോൾ അവിടുന്ന് തനിക്കായി കാത്തിരിക്കാനും പ്രേരിപ്പിക്കുന്നു. ഇന്ന് അനേകരെയും അലട്ടുന്ന ഒരു വലിയ പ്രശ്നം ഇത് തന്നെയാണ്.

**എന്താണ് അഹങ്കാരം?**

ആരുടെയെങ്കിലും നിയന്ത്രണത്തിന് വിധേയമാകുന്നത് നിരാകരിക്കുന്ന സ്വഭാവമാണ് അഹങ്കാരം. അഹങ്കാരികൾ ദൈവത്തിന്റെ സമയത്തും രീതിയിലും ദൈവം പ്രവർത്തിക്കുന്നതിന് കാത്തിരിക്കാതെ സ്വയം പ്രവർത്തിച്ചു തുടങ്ങുന്നു. അഹങ്കാരം സ്വന്തം ഇഷ്ടപ്രകാരം കാര്യങ്ങൾ നിയന്ത്രിക്കുവാൻ പ്രേരിപ്പിക്കുന്നു. നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രലോഭനങ്ങളിലൊന്ന് ദൈവത്തിന്റെ സമയം വരെ കാത്തിരിക്കാതെ തങ്ങളുടെ ആഗ്രഹം പോലെ കാര്യങ്ങൾ നടക്കണം എന്ന് ചിന്തിക്കുന്നതാണ്. ദൈവത്തിന്റെ വ്യക്തമായ ഉത്തരവില്ലാതെയാണ് അത് പ്രവർത്തിക്കുന്നത്. ദൈവം വേണ്ടത്ര വേഗത്തിൽ പ്രവർത്തിക്കുന്നില്ല എന്ന് തോന്നുമ്പോൾ നാം സ്വയം കാര്യങ്ങൾ ഏറ്റെടുക്കുകയാണ്. അത് അക്ഷമയാണ്. ദൈവത്തിന്റെ ആലോചനയ്ക്കു കാത്തിരിക്കാതെ സ്വന്തയിഷ്ടപ്രകാരം കാര്യങ്ങൾ തീരുമാനിച്ചു നടപ്പിലാക്കിയ അബ്രഹാമിന്റെ ചില അനുഭവങ്ങളിതിനു ഉത്തമ ഉദാഹരണമാണ്. താൻ കനാനിൽ പാർത്തിരുന്നപ്പോൾ ദേശത്തു കഠിനമായ ക്ഷാമം ഉണ്ടായി. തുടർന്ന് ദൈവത്തോടാലോചന ചോദിക്കാതെ മിസ്രയീമിലേക്കു പോയതായും അതേത്തുടർന്ന് സാറാ അതിസുന്ദരിയെന്നു മിസ്രയീമ്യർ ഫറവോന്റെ മുമ്പാകെ പ്രശംസിക്കുകയും ചെയ്തു. തത്ഫലമായി സ്ത്രീ ഫറവോന്റെ അരമനയിൽ പോകേണ്ടിയും വന്നു. ദൈവിക ഇടപെടലുണ്ടായതിനാൽ സാറ മടങ്ങിപ്പോന്നു. എങ്കിലും അബ്രഹാമിന്റെ ജീവിതത്തിൽ അത് ഒരു തിക്താനുഭവമായി ശേഷിച്ചു.

അഹങ്കാരത്തെ നാം കാണുന്നതിനേക്കാൾ തികച്ചും വ്യത്യസ്തമായ രീതിയിലാണ് ദൈവം കാണുന്നത്. ആത്മീയസ്വഭാവമുള്ള അഹങ്കാരവും ഉണ്ടെന്ന് വചനത്തിൽ വ്യക്തമാണ്. അത് ദൈവത്തോട് വളരെ അടുത്തുനടന്നവരിലും നമ്മുടെ ഇടയിലെ ഏറ്റവും വിശുദ്ധരെന്നു കണക്കാക്കപ്പെട്ടവരിലും പ്രകടമായിട്ടുണ്ട്. നിങ്ങളെത്രത്തോളം ദൈവത്തോട് ചേർന്ന് നടക്കുന്നവനാണോ

## ആരുടെയെങ്കിലും നിയന്ത്രണത്തിന് വിധേയമാകുന്നത് നിരാകരിക്കുന്ന സ്വഭാവമാണ് അഹങ്കാരം.

അത്രത്തോളം ആത്മിക വെളിപ്പാടുകൾ നിങ്ങൾക്കു ദൈവം നൽകിക്കൊണ്ടേയിരിക്കും. ഈ സ്ഥിതിയിൽ മുമ്പോട്ട് ഗമിക്കുമ്പോൾ ഉള്ളിലുണ്ടാകുന്ന ആത്മിക അഹങ്കാരം സ്വന്ത കണ്ണുകൾക്കും മറ്റുള്ളവരുടെ ദൃഷ്ടികൾക്കും മറഞ്ഞിരുക്കുവാനാണ് സാധ്യത. അതാണ് ഏറ്റവും വലിയ അപകടവും.

ഉന്നത ആത്മികനിലവാരത്തിൽ ജീവിച്ചിരുന്ന, അനവധിയായ വെളിപ്പാടുകൾ പ്രാപിച്ചിരുന്ന പൗലോസ് അപ്പോസ്തലൻ പോലും അഹങ്കരിച്ചോ നിഗളിച്ചോ പോകാതിരിക്കേണ്ടതിനു ദൈവം പ്രത്യേക സംരക്ഷണം ഒരുക്കിയിരുന്നുവല്ലോ. അതായതു, തന്നെ കുത്തുവാൻ സാത്താന്റെ ദൂതനെ അനുവദിച്ചിരുന്നു എന്നത്. നിഗളിച്ചിട്ടു പിശാചിന് വന്ന ശിക്ഷാവിധിയിൽ താനും അകപ്പെടാതിരിക്കുവാൻ എന്നായിരുന്നു ഇതിനെക്കുറിച്ചു പൗലോസ് തന്നെ പറയുന്നത്.

എന്നാൽ വിനയം അഥവാ സൗമ്യത ദൈവിക ആലോചനയ്ക്കും നടത്തിപ്പിനും സമ്പൂർണ്ണമായി വിധേയപ്പെടുന്നതാണ്. വളരെ വിനയത്തോടെ യേശുവിനെപ്പോലെ സൗമ്യതയും താഴ്മയും ഉള്ളവരായി, മറ്റുള്ളവരെ ശ്രേഷ്ഠരെന്നു എണ്ണിക്കൊണ്ടു സ്വയം താഴ്ത്തുന്നതാണ് ആത്മീയ അഹങ്കാരത്തെ ജയിക്കുവാനുള്ള ഉത്തമമാർഗ്ഗം.

പ്രകൃത്യാ തന്നെ ദൈവമായിരിക്കെ, ക്രിസ്തു തന്നെത്തന്നെ ശൂന്യനാക്കി, ദാസവേഷം ധരിച്ച്, മനുഷ്യപ്രകൃതിയിൽ കാണപ്പെട്ടു. അവിടന്ന് അങ്ങനെ തന്നെത്താൻ താഴ്ത്തുകയും, മരണംവരെ; അതേ, ക്രൂശുമരണംവരെ, അനുസരണയുള്ളവനായിത്തീരുകയും ചെയ്തു. അതുകൊണ്ട് ദൈവം ക്രിസ്തുവിനെ പരമോന്നതസ്ഥാനത്തേക്ക് ഉയർത്തി, എല്ലാ നാമങ്ങൾക്കും മീതേ ഉത്തുംഗമായ നാമം അവിടത്തേക്കു നൽകി. തന്മൂലം സ്വർഗത്തിലും ഭൂമിയിലും ഭൂമിക്കു കീഴിലും ഉള്ള എല്ലാവരും യേശുവിന്റെ നാമത്തിങ്കൽ സാഷ്ടാംഗം പ്രണമിക്കുകയും എല്ലാവരുടെയും നാവ് യേശുക്രിസ്തു കർത്താവ് എന്നു സമ്മതിച്ച് പിതാവായ ദൈവത്തിന്റെ മഹത്ത്വത്തിനായി ഏറ്റുപറയുകയും ചെയ്യും. ക്രിസ്തുയേശുവിന്റെ ഈ സ്വഭാവം തന്നെ എല്ലാവരിലും ഉണ്ടായിരിക്കട്ടെ. ●

# ക്രിസ്തുവിൻ പത്രമായി...

*ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയതായി സകല മനുഷ്യരും അറിയുന്നതും വായിക്കുന്നതുമായ ഞങ്ങളുടെ പത്രം നിങ്ങൾതന്നെ. ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രിസ്തുവിൻ പത്രമായി നിങ്ങൾ വെളിപ്പെടുന്നുവല്ലോ (2 കൊരിന്ത്യർ 3:2)*

ചന്ദ്രന് സ്വയമായി പ്രകാശമില്ലായെങ്കിലും സൂര്യന്റെ പ്രകാശത്തെ പ്രതിഫലിപ്പിക്കുന്നതാണല്ലോ നിലാവായി നാമനുഭവിക്കുന്നത്. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു പറഞ്ഞ ക്രിസ്തു, നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നും പറഞ്ഞുവല്ലോ. നാം ജീവിക്കുന്ന ഈ കാലയളവിൽ ക്രിസ്തുവിന്റെ വെളിച്ചം പാപാന്ധകാരത്തിൽ ജീവിക്കുന്ന നമ്മുടെ സമസൃഷ്ടങ്ങൾക്കു പ്രതിഫലിപ്പിച്ചു കൊടുക്കുക എന്നത് ഓരോ ക്രിസ്തുശിഷ്യന്റെയും നിയോഗവും ദൗത്യവുമാണ്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ പലർക്കും വിജയകരമായി ഈ ദൗത്യം നിർവഹിക്കുവാൻ കഴിഞ്ഞു എന്നത്, ഇപ്പോൾ ദൈവകൃപയാലും പരിശുദ്ധാത്മസഹായത്താലും നമുക്കും സാധിക്കും എന്ന സൂചനയാണ് നൽകുന്നത്. അങ്ങനെയാണ് നാം ലോകത്തിന്റെ വെളിച്ചമായി ശോഭിക്കുന്നത്.


സാധു സുന്ദർസിംഗിന്റെ ജീവിതം ഒട്ടാകെ അവിശ്വസനീയമാണ്. അദ്ദേഹത്തെ കണ്ട പലരും ആത്മീയമായി ദൈവത്തോട് അടുത്തു. തന്നിൽ നിന്നും കേട്ട അനേകർ യേശുക്രിസ്തവിലേക്കു ആകർഷിക്കപ്പെട്ടു. ഒരിക്കൽ തിരുവിതാംകൂറിൽ അദ്ദേഹം വന്നപ്പോൾ രാജകൊട്ടാരത്തിലേക്ക് ക്ഷണിക്കപ്പെട്ടു. സിംഹാസനത്തിലിരുന്ന രാജാവ് സാധു സുന്ദർസിംഗിനെ കണ്ടപ്പോൾ തന്റെ സിംഹാസനത്തിൽ നിന്ന് എഴുന്നേറ്റു നിന്നു. സുന്ദർസിംഗ് ആകട്ടെ തനിക്കായി ഒരുക്കിയ കസേരയിൽ ഇരിക്കുവാൻ വിസമ്മതിച്ചു. തന്റെ ഉത്തരീയം തറയിൽ വിരിച്ച് അതിലിരുന്നു. ധരിച്ചിരിക്കുന്ന വസ്ത്രവും പുതയ്ക്കുന്ന കമ്പിളിയും ഒരു പുതിയനിയമവും അല്ലാതെ മറ്റൊന്നും ഭൂമിയിൽ സ്വന്തമായി ഇല്ലാതിരുന്ന ആ ക്രിസ്തീയ സന്യാസിയുടെ മുമ്പിൽ രാജാവും രാജ്ഞിയും കൈകെട്ടി ദാസന്മാരെ പോലെ നിന്നു. കൊട്ടാരത്തിൽ നിന്നും തിരികെ പോരുവാൻ നേരം രാജാവ് അദ്ദേഹത്തിന് തിരുവിതാംകൂറിൽ പാർക്കുവാൻ വീടും ഭൂസ്വത്തും നൽകാമെന്ന് പറഞ്ഞെങ്കിലും അദ്ദേഹം നന്ദിപൂർവം അത് തിരസ്കരിച്ച് ഇറങ്ങി നടന്നു.

മറ്റൊരു സന്ദർഭത്തിൽ അദ്ദേഹം ഇംഗ്ലണ്ടിൽ പ്രസംഗിക്കുവാൻ ചെന്നപ്പോൾ ഒരു വലിയ പ്രഭു അദ്ദേഹത്തെ പ്രഭാതഭക്ഷണത്തിന് ക്ഷണിച്ചു. സുന്ദർസിംഗ് ക്ഷണം സ്വീകരിച്ചു. പ്രഭു തന്റെ വീട്ടിലെത്തി വീട്ടിലുള്ളവരോട് ഇന്ത്യയിൽ നിന്നും വന്ന മഹാനായ ഒരു പ്രസംഗകൻ നാളെ രാവിലെ പ്രഭാതഭക്ഷണത്തിന് വരുന്നു എന്നും, സകലരും നിശ്ചിതസമയത്തിന് അഞ്ച് മിനിറ്റ് മുമ്പ് ആ മേശയിങ്കൽ ഉണ്ടായിരിക്കണം എന്നും നിർദ്ദേശം കൊടുത്തു. സകലരും അദ്ദേഹം പറഞ്ഞതുപോലെ ഇന്ത്യയിൽ നിന്നും വന്ന മഹാനായ പ്രസംഗകനെ കാത്ത് മേശയിങ്കൽ ഇരിക്കുമ്പോൾ സുന്ദർസിംഗ് കതകിനു മുട്ടി. പ്രഭു തന്റെ കാര്യസ്ഥനോട് പറഞ്ഞു; ചെന്ന് കതകു തുറന്ന് മഹാനായ പ്രസംഗകനെ അകത്തേക്ക് കൂട്ടിക്കൊണ്ടു വരിക. കാര്യസ്ഥൻ ചെന്ന് കതകു തുറന്നു. വാതുക്കൽ നിൽക്കുന്ന മഹാനായ പ്രസംഗകനെ അടിമുടി അത്ഭുതത്തോടെ നോക്കി. മഹാനായ പ്രസംഗകനിൽ എല്ലാവരും പ്രതീക്ഷിച്ചത് തിളങ്ങുന്ന ഷൂസും, കോട്ടും സ്യൂട്ടും, ടൈയും തൊപ്പിയും, കയ്യിൽ ഒരു ബൈബിളും, മറുകൈയിൽ ഒരു വാക്കിംഗ് സ്റ്റിക്കുമായിരുന്നു. പക്ഷേ ഇതൊന്നും സാധു സുന്ദർസിങ്ങിൽ ഉണ്ടായിരുന്നില്ല. നഗ്നപാദനായി സന്യാസവേഷം അണിഞ്ഞ, സിക്കുകാരുടെ തലപ്പാവു ധരിച്ച, താടി വളർത്തിയ ഒരു മനുഷ്യനെയാണ് കണ്ടത്. കാര്യസ്ഥൻ അകത്തേക്ക് ഓടിച്ചെന്നു പറഞ്ഞു; പ്രഭോ, വെളിയിൽ വന്നു നിൽക്കുന്നത് പ്രസംഗകനല്ല. യേശുക്രിസ്തു ആകുന്നു, ഇതാ, യേശുക്രിസ്തു പുറത്ത് നിൽക്കുന്നു.

കാര്യസ്ഥന്റെ ഭാവനയിൽ യേശു കാവിവസ്ത്രധാരിയായിരുന്നോ? തലപ്പാവു ധരിച്ചവനായിരുന്നുവോ? പിന്നെ എന്തുകൊണ്ട് അയാൾക്ക് സുന്ദർസിംഗ് യേശുവാണെന്ന് തോന്നി? വസ്ത്രധാരണത്തിലല്ല, സാധു സുന്ദർസിംഗ് യേശുവിന്റെ സാന്നിധ്യവുമായി വന്നു നിന്നതായിരുന്നു അതിന് കാരണം. പരിശുദ്ധാത്മനിറവ് എന്നത് വിശദീകരിക്കുവാൻ ബുദ്ധിമുട്ടുള്ള ഒരു അനുഭവമാണ്. പരിശുദ്ധാത്മനിറവ് വ്യക്തമായി പ്രകടമായിരുന്ന വ്യക്തികളെ പരിശോധിക്കുകയും, അവരുടെ ജീവിതം പഠിക്കുകയും ചെയ്താൽ ഇത് സ്പഷ്ടമായി മനസ്സിലാക്കാൻ സാധിക്കും. നമുക്കും ആത്മനിറവിന്റെ ഈ ദിവ്യ അനുഭവത്തിനായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

•





ഡോ. സജികുമാർ കെ. പി.

# നവമാധ്യമങ്ങളും ആത്മീയതയും

ഇന്നത്തെ നവമാധ്യമങ്ങളുടെ സ്വാധീനതകൾ നമ്മുടെ തലമുറകളെ എങ്ങനെയാണ് ബാധിക്കുന്നത്? മാധ്യമ ഉപഭോഗത്തിൽ ദൈവമക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? ദൈവവചനമാകുന്ന വിത്ത് ഹൃദയത്തിൽ വളരാതെ അതിനെ ഞരുക്കി നിഷ്ഫലമാക്കുന്ന മുള്ളുകളാണ് സോഷ്യൽ മീഡിയയിലെ ഒട്ടനവധി പ്രോഗ്രാമുകളും. ഇവയെ ഒഴിവാക്കുകയും ആത്മീയ വർധനയ്ക്കുതകുന്ന മായമില്ലാത്ത വചനപ്രഭാഷണങ്ങൾ ശ്രദ്ധിച്ച്, ഹൃദയത്തിൽ സംഗ്രഹിച്ച്, ആത്മീകവളർച്ച പ്രാപിക്കുവാൻ അനിവാര്യമായും നാം ചെയ്യേണ്ട ചില കാര്യങ്ങളാണ് ഈ ലക്കത്തിൽ ചിന്തിക്കുന്നത്. വളരെ ഗൗരവത്തോടെ ഇത് ശ്രദ്ധിക്കണം. വാസ്തവത്തിൽ ആത്മീയ വഴികാട്ടികളാകുവാൻ സാധിക്കുന്ന വസ്തുതകൾ മാധ്യമങ്ങളിലുണ്ട് എന്നത് നാം വിസ്മരിച്ചുകൂടാ. സോഷ്യൽ മീഡിയയിലെ വാട്സ്ആപ്പ് പോലുള്ളവയിൽ ആത്മീയരായവർ മാത്രം കൂടുന്ന ഗ്രൂപ്പുകളുണ്ട്. ആ ഗ്രൂപ്പുകളിൽ ആത്മീയവർദ്ധനവിന് ഉതകാത്തത് ഒന്നും അനുവദനീയം അല്ലല്ലോ. ആത്മീയതയെ പരിപോഷിപ്പിക്കുന്ന പല സന്ദേശങ്ങളും പ്രചരിപ്പിക്കുവാൻ സോഷ്യൽ മീഡിയ ഉപകരിക്കാറുണ്ട്.

ടെലിവിഷന്റെ പ്രചുരപ്രചാരം അനേക സുവിശേഷക ർക്ക് സുവിശേഷീകരണത്തിനുള്ള വലിയ സാധ്യതകൾ തുറന്നു കൊടുത്തിട്ടുണ്ട്. അതിരാവിലെ പല പ്രമുഖ ചാനലുകളിലും സുവിശേഷാത്മക പ്രോഗ്രാമുകളുള്ളതിനാൽ അനേകരനുഗ്രഹവും ആത്മരക്ഷയും പ്രാപിക്കുന്നു. അതുപോലെ ആത്മീയഗോളത്തിലെ അഴിമതിയെയും തെറ്റായ നടപടികളെയും ദൈവജനത്തിന്റെ മുമ്പിൽ തുറന്നു കാട്ടാൻ നവമാധ്യമങ്ങൾ പലർക്കും ഉപയോഗപ്രദമായിട്ടുണ്ട്. ദൈവികമല്ലാത്ത പ്രവർത്തികളിൽ നിന്ന് വിട്ടുനിൽക്കാൻ പലർക്കും അത് പ്രയോജനമായേക്കാം. എന്നാൽ ഒരു വലിയ വൈരുധ്യവും ഇതിലടങ്ങിയിട്ടുണ്ട്. വിമർശനങ്ങളെ ക്രിയാത്മകമായി സ്വീകരിച്ച് തങ്ങളിൽ വന്നു പോയ പിശകുകൾ തിരുത്തുവാൻ, വിമർശിക്കപ്പെടുന്നവർ തയ്യാറാകുന്നുവെങ്കിൽ പ്രയോജനപ്രദമെന്നതിൽ തർക്കമില്ല. എന്നാൽ സ്വയം നീതീകരിച്ചു കൊണ്ടുള്ള പ്രതികരണമാണ് ഉണ്ടാകുന്നതെങ്കിൽ വിമർശിക്കുന്നവരോട് സ്പർദ്ധയും നീരസവും ഉണ്ടാകുന്നത് ദോഷഫലം ഉളവാക്കുന്നതുമാണ്. തന്നിമിത്തം അനേകർക്ക് ഇടർച്ചക്ക് കാരണമാവുകയും അവർ ദൈവത്തോടും ആത്മികതയോടും അകന്നു പിന്മാറി നാശയോഗ്യരായി മാറുകയും ചെയ്തേക്കാം. വിശ്വാസികളല്ലാത്ത പ്രേക്ഷകരും അവഹേളിക്കുവാൻ മാത്രം ലക്ഷ്യമിട്ടിട്ടുള്ളവരും നമ്മെ അടിക്കുവാൻ അവർക്കു കൊടുക്കുന്ന ഒരു വടിയായി, ഈ വിമർശനങ്ങളുപയോഗിച്ച് സത്യമാർഗ്ഗത്തെ ദുഷിക്കുകയും ചെയ്തേക്കാം.

**നവമാധ്യമങ്ങൾ: ആത്മീകർ സൂക്ഷിക്കേണ്ടവയും ശ്രദ്ധിക്കേണ്ടവയും**

നവമാധ്യമങ്ങളെ സംബന്ധിച്ച് ആദ്യം നാം ശ്രദ്ധിക്കേണ്ട ഒരു വസ്തുത ഇതിനോട് തോന്നുന്ന ആസക്തിയും അത് വരുത്തിവയ്ക്കുന്ന ആത്മീയ തകർച്ചകളും ആണ്. മാധ്യമധർമ്മങ്ങൾ കാറ്റിൽ പറത്തിക്കൊണ്ടുള്ള ആസ്വാദനങ്ങളുടെ കേളീരംഗമായി പല നവമാധ്യമങ്ങളും അധ:പ്പതിച്ചിരിക്കുന്നു എന്ന് പറയാതെ വയ്യ. മനുഷ്യന്റെ മോഹങ്ങളെല്ലാം നിവർത്തിക്കാനുള്ള ഉപാധിയായി പല നവമാധ്യമങ്ങളും വഴിപിഴച്ചു പോയിരിക്കുന്നു. അതിനോട്

അടിമപ്പെട്ടു പോകുന്ന ഓരോരുത്തർക്കും സംഭവിക്കുന്നത് അവർ പതുക്കെപ്പതുക്കെ മോഹങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെടുന്നു എന്നതാണ്. മാധ്യമങ്ങളെ ഉപയോഗിക്കുന്നതിൽ തെറ്റില്ല, പക്ഷേ ഇവയെല്ലാം നിയന്ത്രിക്കുന്നത് പിശാച് ആണെന്ന തിരിച്ചറിവോടെ, തികഞ്ഞ ആത്മസംയമനത്തോടെ വേണം അവയെ കൈകാര്യം ചെയ്യുവാൻ.

റിയാലിറ്റിഷോയും കോമഡിപ്രോഗ്രാമുകളും അരങ്ങുവാഴുന്ന ടെലിവിഷന്റെ മുമ്പിലിരിക്കുന്ന കുടുംബങ്ങൾ അധികം താമസിയാതെ സിനിമയ്ക്കും സീരിയലിനും അടിമകളാകും എന്ന് പറയേണ്ടതില്ലല്ലോ. പ്രാർത്ഥിക്കുവാനും വചനം വായിക്കുവാനും അന്നത്തെ ദിവസത്തിന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുവാനും ഒന്നിച്ച് കൂടിക്കൊണ്ടിരുന്ന കുടുംബകൂട്ടായ്മയുടെ സമയം, ടെലിവിഷനിലെ സീരിയലുകൾ കവർന്നെടുത്തെങ്കിൽ അതോടുകൂടി നമ്മുടെ തലമുറയുടെ ആത്മീയതയും പിശാച് കവർന്നെടുത്തു എന്നു വിസ്മരിക്കേണ്ട. ആത്മീയർക്കു നിരക്കാത്ത തന്ത്രങ്ങളും ചതിയും അസാന്മാർഗികതയും അല്ലേ നാമിന്ന് ടെലിവിഷനിൽ കണ്ടുരസിക്കുന്നത്? ഇതൊക്കെയല്ലേ നമ്മുടെ തലമുറ പ്രാവർത്തികമാക്കുവാൻ ശീലിക്കുന്നത്?

എന്തിനേറെ, നമ്മുടെ കുഞ്ഞുങ്ങൾ കാണുന്ന കാർട്ടൂണുകൾ അവരെ ആത്മീയമായി എങ്ങനെയൊക്കെ നശിപ്പിക്കുന്നു എന്ന് നാം ചിന്തിക്കാറുണ്ടോ? 'ചോട്ടാ ഭീം ആൻഡ് കൃഷ്ണ' എന്ന കാർട്ടൂണിലൂടെ നമ്മുടെ കുഞ്ഞുങ്ങൾക്ക് മുമ്പിൽ പ്രശ്നത്തിലകപ്പെടുന്ന മനുഷ്യരുടെ രക്ഷകൻ കൃഷ്ണൻ എന്ന സന്ദേശമാണ് കിട്ടുന്നത്. തല്ലാനും കൊല്ലാനും മന:സാക്ഷിയില്ലാതെ നശിപ്പിക്കാനും ഇറങ്ങിത്തിരിക്കുന്ന അമാനുഷികരായ കഥാപാത്രങ്ങളെ അല്ലേ നമ്മുടെ കുഞ്ഞുങ്ങൾ കാർട്ടൂണുകളിലൂടെ പരിചയപ്പെടുന്നത്. അവരല്ലേ കുഞ്ഞുങ്ങളുടെ ഹീറോ? ബൈബിളിലെ യോസഫിനെയും ദാവീദിനെയും അവർക്കറിഞ്ഞുകൂടാ. എല്ലാവർക്കും യേശുകർത്താവിനോടു ഇഴയടുപ്പമുള്ള ഒരു ബന്ധം ഉണ്ടായിരിക്കേണ്ടത് ഏറ്റവും അനിവാര്യമാണ്. എന്നാൽ 'ബെൻടെണേയും ഡോറമോനേയും' അവർക്ക് നല്ലതുപോലെ അറിയാം.

കണ്ടുപഠിക്കുന്നത്, കേട്ടുപഠിക്കുന്നതിനെക്കാൾ പലമടങ്ങു വേഗതയിലായിരിക്കും. അവിടെയാണ് ആത്മീയതയ്ക്കെതിരായ സ്വഭാവരൂപീകരണത്തിൽ മാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട് എന്നു മനസ്സിലാക്കേണ്ടത്. ടെലിവിഷനിലെ കായിക സംഘട്ടനം ഒന്നിച്ചിരുന്ന് കാണുന്ന കുട്ടികളെ ശ്രദ്ധിക്കുക. അല്പസമയത്തിനകം അവർ തമ്മിൽ തല്ലു കൂടുന്നത് കാണാം. കാണുന്നത് എന്തും ജീവിതത്തിൽ പകർത്താൻ കൗമാരത്തിൽ താല്പര്യം കൂടും എന്നതിന്റെ തെളിവ് ആണല്ലോ ഓരോ സിനിമയിലും പരിചയപ്പെടുന്ന കഥാപാത്രങ്ങളുടെ ഹെയർ സ്റ്റൈലും പാന്റ്സിന്റെ ഷേപ്പും ഒക്കെ കൗമാരക്കാർ മടികൂടാതെ അനുകരിക്കുന്നത്. അവരുടെ വേഷവിധാനങ്ങൾ ആത്മീയതയ്ക്കു നിരക്കാത്തതാണെങ്കിൽ ആത്മീയർക്ക് നിരക്കാത്ത നവമാധ്യമങ്ങളെ നാം എങ്ങനെ സമീപിക്കണം? സ്ഥിരമായി സിനിമ കാണുന്ന കൗമാരക്കാർ ഒരു ദിവസം എത്ര ലൈംഗിക അതിക്രമങ്ങളാണ് കാണുന്നത്? ഒരു വർഷം ഈ മാധ്യമങ്ങൾ നമ്മുടെ ചെറുപ്പക്കാരുടെ കണ്ണിന്റെ മുമ്പിലൂടെ എത്ര ആയിരം ലൈംഗിക കുറ്റങ്ങളും ബലാൽസംഗങ്ങളും കടത്തിവിടുന്നു. ഇവയൊക്കെ അവരുടെ സ്വഭാവരൂപീകരണത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് ചിന്തിച്ചിട്ടുണ്ടോ?

ആത്മീയത വളരുന്നത് ആത്മീയ പരിപോഷണങ്ങളിലൂടെയാണ്. ഒന്നുകിൽ ആത്മീയതയ്ക്ക് നിരക്കാത്ത നവമാധ്യമ സ്വാധീനതയിൽ നിന്ന് നമ്മുടെ വിശ്വാസസമൂഹത്തെ രക്ഷിക്കണം. അല്ലെങ്കിൽ ആത്മീയതയ്ക്ക് ഉതകുംവിധം നവമാധ്യമങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരണം. ഇതിൽ പ്രാവർത്തികമായത് ഒന്നാമത്തെ കാര്യമാണ്.

ഒന്നാമത് ആത്മീയവളർച്ചയ്ക്ക് തടസ്സം നിൽക്കുന്ന മാധ്യമസ്വാധീനതയെ കുറിച്ച് മുതിർന്നവർക്ക് അറിവ് നൽകുക. പിശാചിനാൽ പിടിക്കപ്പെട്ടിരിക്കുന്നവർക്ക് മാർഗനിർദ്ദേശങ്ങൾ നൽകുക. ആത്മീയവർദ്ധനവിനായി നവമാധ്യമങ്ങളെ പ്രയോജനപ്പെടുത്തുന്നവർക്ക് പ്രോത്സാഹനം നൽകുക. സഭായോഗങ്ങളിൽ തീർച്ചയായും മൊബൈൽഫോൺ വിലക്കണം. ചെറുപ്പക്കാർ ഒരു ദിവസത്തിൽ അരമണിക്കൂറിൽ കൂടുതൽ സോഷ്യൽ മീഡിയ ഉപയോഗിക്കാൻ അനുവദിക്കരുത്. ടെലിവിഷൻ നൽകുന്ന പ്രാധാന്യതയേക്കാൾ കുടുംബാരാധനയ്ക്കും കൂട്ടായ്മയ്ക്കും പ്രാധാന്യത നൽകണം. ഏതൊക്കെ പ്രോഗ്രാം കാണാം, ഏതൊക്കെ കാണരുത് എന്ന് മാതാപിതാക്കളും മക്കളും തമ്മിൽ ധാരണകൾ രൂപപ്പെടുത്തണം. ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞ് ചുറ്റിനടക്കുന്ന പിശാചിന്റെ കൈകളിൽ നിന്നും ആത്മീയലോകത്തെ സംരക്ഷിച്ചു നിർത്തുവാൻ നമുക്ക് ഓരോരുത്തർക്കും മുന്നിട്ടിറങ്ങാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

●

# നുണയുടെ വകഭേദങ്ങൾ...

***ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ (1 പത്രൊസ് 2:1).***

വർഷങ്ങൾക്കു മുമ്പ് കേട്ട ഒരു ദൈവാലോചനയിൽ പ്രസംഗകൻ ചോദിച്ച ഒരു ചോദ്യം, തമാശക്ക് കാഞ്ചി വലിക്കുകയും വെടിയുണ്ട ദേഹത്ത് പതിക്കുകയും ചെയ്താൽ ആളു മരിക്കുമോ? അതിനു ഒരുത്തരമേയുള്ളൂ... അതിശയോക്തി പറയുന്നതും തമാശയ്ക്ക് കള്ളം പറയുന്നതും ഇതിനു സമാനമാണ്. എങ്കിലും ദുരുദ്ദേശ്യത്തോടെയും സ്വാർത്ഥലാഭം ലക്ഷ്യമാക്കിയും വ്യക്തിഹത്യ ഉന്നം വച്ചും നടത്തുന്ന വ്യാജപ്രസ്താവനകൾ ദൈവശിക്ഷ ലഭിച്ചേക്കാവുന്ന നുണയുടെ വകഭേദങ്ങളാണ്. ഉദാഹരണത്തിന് ഗേഹസി നയമാനോടും, അനന്യാസ് സഫീറ ദമ്പതികൾ പത്രോസിനോടും വ്യാജം പറഞ്ഞതിന്റെ തിക്തഫലങ്ങൾ തിരുവെഴുത്തു വ്യക്തമാക്കുന്നുണ്ട്. വ്യാജപ്രസ്താവനകൾ നിരുപദ്രവം എങ്കിൽപ്പോലും വേദഭാഗത്തു പറയുന്നപ്രകാരം ആത്മികവളർച്ച പ്രാപിക്കുന്നതിന് തടസം തന്നെയാണ്. തൽഫലമായി ക്രിസ്തുവിന്റെ തലയോളം വളരുവാൻ കഴിയാത്ത ദുരനുഭവം ഉണ്ടായേക്കാം. ശുദ്ധഹൃദയത്തോടെ പറയുന്ന കാര്യങ്ങളിൽ മനപ്പൂർവ്വമല്ലാതെ വന്നുചേരുന്ന പിശകുകൾക്കു ഗുരുതരശിക്ഷ ഭവിക്കുമെന്നല്ല ഉദ്ദേശിക്കുന്നത്. മറ്റൊരു പ്രധാന ഭവിഷ്യത്തെന്നതു സൗഹൃദ സംഭാഷണത്തിലുൾപ്പെട്ട കുട്ടികളും പക്വമതികളല്ലാത്തവരും വഞ്ചിക്കപ്പെട്ടുപോകുവാനുള്ള സാധ്യതയാണ്. ഇത് കുടുംബാംഗങ്ങളിലേക്കും സുഹൃത്തുക്കളിലേക്കും പകരുവാൻ സാധ്യതയുള്ള ഒരു പകർച്ചവ്യാധി പോലെയാണ്. മുതിർന്നവരോടുള്ള ഇളയവരുടെ ബഹുമാനം നഷ്ടപ്പെടുത്തിക്കളയുവാനും ഈ വ്യർത്ഥസംഭാഷണം ഇടയാക്കിയേക്കാം.

നിങ്ങൾ വേഗത്തിൽ ഈ സ്ഥലത്തുനിന്ന് രക്ഷപ്പെടുക, യഹോവ ഈ നഗരത്തെ നശിപ്പിക്കാൻ തുടങ്ങുന്നു എന്നു ലോത്ത് മരുമക്കളോടു പറഞ്ഞു. എന്നാൽ അദ്ദേഹം തമാശ പറയുന്നെന്നു മരുമക്കൾ ചിന്തിച്ചു(ഉൽപ്പത്തി 19:14). ലോത്തിന്റെ തമാശ പറയുന്ന ഈ പ്രകൃതം അവന്റെ കുടുംബത്തിൽ മരുമക്കളുടെ മരണത്തിനും ശപിക്കപ്പെട്ട വംശങ്ങളായ മോവാബ്യനും അമ്മോന്യനും പിറക്കുന്നതിനും കാരണമായി. കേൾക്കുന്നവർക്കു പ്രയോജനം ലഭിക്കുന്ന, ആത്മികവർധനയ്ക്കു സഹായകമാകുന്ന നല്ല വാക്കുകളല്ലാതെ സഭ്യമല്ലാത്തതൊന്നും നിങ്ങളുടെ അധരങ്ങളിൽ നിന്നു വരരുത്. നിങ്ങൾക്കു ലഭിച്ച രക്ഷ വീണ്ടെടുപ്പുനാളിൽ പൂർത്തീകരിക്കപ്പെടും എന്നതിന്റെ ഉറപ്പായി നിങ്ങളിൽ ഇട്ടിരിക്കുന്ന മുദ്ര ദൈവത്തിന്റെ പരിശുദ്ധാത്മാവാണല്ലോ; ആ ആത്മാവിനെ നിങ്ങൾ വ്യർത്ഥവാക്കുകളാൽ ദു:ഖിപ്പിക്കരുത് (എഫേസ്യർ 4:29,30) എന്ന ശക്തമായ മുന്നറിയിപ്പ് ഗൗരവത്തോടെ നാം കാണുന്നില്ലായെങ്കിൽ, നാം നമുക്ക് തന്നെയും നമ്മുടെ വാക്കുകൾ കേട്ട അപക്വമതികൾക്കും ദോഷം വരുത്തുന്നവരായി തീരുമല്ലോ. ഭോഷ്ക്കു പറയുന്നവൻ എന്റെ മുമ്പിൽ ഉറച്ചു നിൽക്കുകയില്ല എന്ന് സങ്കീർത്തനം 101 ന്റെ 7 ലും പറഞ്ഞിരിക്കുന്നു.

150 തിൽ താഴെ ആളുകൾ സംബന്ധിച്ച കൺവെൻഷനിൽ 500 ലധികം ആളുകൾ പങ്കെടുത്തു എന്നു പറയുന്നതും, വിവാഹവേദികളിൽ വധൂവരന്മാരുടെ ആത്മികപൈതൃകത്തെ പർവ്വതീകരിച്ചു അതിശയോക്തിയോടെ അവതരിപ്പിക്കുന്നതും നുണയുടെ മറ്റൊരു വകഭേദമാണ്. ശവസംസ്ക്കാര ശുശ്രൂഷകളിലും ഇതിന്റെ തനിയാവർത്തനം മറ്റൊരു രൂപത്തിലാണ് നടക്കുന്നത്. ഇവരുടെ കുടുംബങ്ങളെയും പൈതൃകത്തെയും കുറിച്ച് നന്നായി അറിയുന്നവരാണ് ശ്രോതാക്കൾ എന്ന് അവതാരകർ ഓർക്കേണ്ടതാണ്. എല്ലാവക നുണയുടെയും ഉറവിടം പിശാചാണെന്നും, അവൻ ഭോഷ്ക്കും ഭോഷ്കിന്റെ അപ്പനുമാണെന്നും, മാത്രമല്ല നുണ പറയുന്നവൻ സ്വന്തത്തിൽ നിന്ന് എടുത്തു പറയുന്നു എന്നും, യേശുകർത്താവ് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ നുണ പറയുന്നത് പിശാചിന്റെ സ്വാധീനത്തിലാണെന്നു നാം മറന്നു പോകരുത്. നിങ്ങളുടെ വാക്കു ഉവ്വ് ഉവ്വ് എന്നും ഇല്ല ഇല്ല എന്നും ആയിരിക്കട്ടെ എന്ന് യേശുകർത്താവ് പറഞ്ഞത് മാതൃകയാക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.



അനി ചാക്കോ

# യേശുവേപ്പോലെ ആകുവാൻ...!

**വ**ളരുക എന്നത് ജീവനുള്ള എന്തിന്റെയും പ്രത്യേകതയാണ്. ആത്മീയമായി ഒരാൾക്ക് എത്ര മാത്രം വളരാൻ കഴിയും? അഥവാ ഒരു വിശ്വാസി ഏത് അളവു വരെ വളരണം. ശാരീരിക വളർച്ചയ്ക്കും ബുദ്ധിവളർച്ചയ്ക്കും ഒരു പരിധിയുണ്ട്. ആത്മീയവളർച്ചയുടെ പരിധി എന്നു പറയുന്നത് ക്രിസ്തുവിന്റെ തലയോളം ഉള്ള വളർച്ചയാണ്. ഗുരുവിനെപ്പോലെ ആകുന്നത് ശിഷ്യന് മതി എന്ന യേശുവിന്റെ പ്രസ്താവനയിൽ നിന്ന് എവിടം വരെ വളരണം എന്ന് വ്യക്തം. വളർന്നു വളർന്നു യേശുവിനെപ്പോലെ ആയിത്തീരുക. അതായത് ഗുരുവിനെപ്പോലെ ആവുക. ഏത് ശിഷ്യനും അതുമതി.

തോട്ടത്തിലെ ഏതെങ്കിലും വൃക്ഷത്തിന്റെ ഫലം നിങ്ങൾ കഴിക്കരുത് എന്നു ദൈവം വാസ്തവമായി കൽപ്പിച്ചിട്ടുണ്ടോ എന്നു സ്ത്രീയോടു ചോദിച്ചു കൊണ്ടായിരുന്നുവല്ലോ സാത്താന്റെ രംഗപ്രവേശം. തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു ഭക്ഷിക്കാം. എന്നാൽ തോട്ടത്തിന്റെ മധ്യത്തിലുള്ള വൃക്ഷഫലം കഴിക്കരുത്, അതു തൊടുകപോലുമരുത്; അങ്ങനെചെയ്താൽ മരിക്കും എന്നു ദൈവം കൽപ്പിച്ചിട്ടുണ്ട് എന്നായിരുന്നു ഹവ്വാ ഉത്തരം പറഞ്ഞത്. നിങ്ങൾ മരിക്കുകയില്ല, നിശ്ചയം! അതു കഴിക്കുന്ന നാളിൽ നിങ്ങളുടെ കണ്ണുകൾ തുറന്ന് നിങ്ങൾ നന്മതിന്മകൾ അറിയുന്നവരായി, ദൈവത്തെപ്പോലെയാകും എന്നു പറഞ്ഞായിരുന്നു സാത്താൻ ഹവ്വയെ പ്രലോഭിപ്പിച്ചത്. ദൈവകൽപ്പന അനുസരിക്കുന്നതുവഴി മാത്രമേ ദൈവത്തെപ്പോലെയാകുവാൻ കഴിയുകയുള്ളൂ എന്ന കാര്യം മനസ്സിലാക്കുവാൻ വലിയ ബുദ്ധി ആവശ്യമില്ല. അനുസരണക്കേട് കാണിച്ച് ദൈവത്തെപ്പോലെ ആകുവാൻ ശ്രമിച്ച് പാപത്തിൽ വീണ ആദാമ്യസന്തതികളാണ് ഇന്ന് ലോകം മുഴുവൻ.

ദൈവത്തെപ്പോലെ ആവുക എന്നു പറഞ്ഞാൽ സർവ്വശക്തൻ ആവുക, സർവജ്ഞാനിയാവുക, സർവ്വവ്യാപി ആവുക എന്നിങ്ങനെയാണെന്ന് ആരും ചിന്തിക്കരുത്. അങ്ങനെയൊന്നും ആകുവാൻ ആർക്കും ഒരു നാളും സാധ്യവുമല്ല. പ്രത്യുത, ദൈവത്തിന്റെ ധാർമ്മിക ഗുണവിശേഷങ്ങളായ സ്നേഹം, കരുണ, മനസ്സലിവ്, നീതി, ദയ, ദീർഘക്ഷമ, താഴ്മ, സൗമ്യത ഇത്യാദി ദിവ്യസ്വഭാവങ്ങൾ ഉള്ളവരായിത്തീരുക എന്നാണ് മനസ്സിലാക്കേണ്ടത്. ദൈവത്തിന്റെ ദിവ്യശക്തി ഭക്തിപൂർവമായ ജീവിതത്തിന് ആവശ്യമായതെല്ലാം നമുക്കു നൽകിയിരിക്കുന്നു. അവ നമുക്കു ലഭിച്ചത് തേജസ്സിനാലും ശ്രേഷ്ഠതയാലും നമ്മെ വിളിച്ച ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിലൂടെയാണ്. ഇവയിലൂടെത്തന്നെയാണ് തന്റെ അമൂല്യവും മഹനീയവുമായ വാഗ്ദാനങ്ങളും അവിടുന്ന് നമുക്കു നൽകിയത്. തന്മൂലം നാം ഓരോരുത്തർക്കും ദുർമോഹത്താൽ ഉണ്ടാകുന്ന ലോകമാലിന്യങ്ങളിൽ നിന്ന് വിമുക്തരായി, ദൈവികസ്വഭാവത്തിനു പങ്കാളികളായിത്തീരാൻ കഴിയും എന്ന് പത്രോസ് അപ്പോസ്തലനും പ്രസ്താവിച്ചിരിക്കുന്നു. യേശു പരിശുദ്ധാത്മാവു നിറഞ്ഞവനായും ആത്മാവിനാൽ നടത്തപ്പെട്ടും, ആത്മശക്തിയിൽ ജീവിച്ചും, മാതാപിതാക്കളെ അനുസരിച്ചും അവർക്കു കീഴടങ്ങിയിരുന്നു. മുടങ്ങാതെ പതിവായി ആലയത്തിൽ പോവുകയും തിരുവെഴുത്തുകൾ വായിക്കുകയും ചെയ്യുന്നതിൽ ഉത്സുകനായിരുന്നു. പിശാചിനാൽ പരീക്ഷിക്കപ്പെട്ടപ്പോൾ, എഴുതപ്പെട്ട വേദഭാഗങ്ങൾ എടുത്തുദ്ധരിച്ചു കൊണ്ടാണ്

അവനെ ജയിച്ചത്. ഇതൊക്കയും നമുക്ക് മാതൃക കാട്ടിത്തരുവാനായിരുന്നു. ഇക്കാര്യങ്ങളിലൊക്കെയാണ് നാം യേശുവിനെപ്പോലെ ആയിത്തീരേണ്ടത്.

ക്രിസ്തു അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും സകലസൃഷ്ടിക്കും അധിപനും ആകുന്നു. സകലതും ക്രിസ്തുമുഖേനയും ക്രിസ്തുവിനായിട്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടുന്ന് എല്ലാറ്റിനും മുമ്പേ ഉള്ളവൻ; സകലത്തെയും നിലനിർത്തുന്നതും അവിടുന്നാണ്. അവിടുന്ന് സഭയെന്ന ശരീരത്തിന്റെ തലയും ആകുന്നു. യേശുവിലായിരുന്നു ദൈവത്തിന്റെ സർവസമ്പൂർണതയും ദേഹരൂപമായി വസിച്ചിരുന്നത്. സാക്ഷാൽ ദൈവമായ യേശുവേപ്പോലെ ആകുവാൻ എന്തു ചെയ്യണം? യേശുവിന്റെ വാക്ക് കേൾക്കണം, യേശുവെ നോക്കി ജീവിക്കണം. അതു മാത്രമേയുള്ളൂ ഈ ലക്ഷ്യത്തിൽ എത്തിച്ചേരുവാനുള്ള മാർഗം.

വെള്ളം വീഞ്ഞാക്കിയ, മരിച്ചവരെ ഉയിർപ്പിച്ച, കടലിന്റെ മീതെ നടന്ന, ഭൂതങ്ങളെ പുറത്താക്കിയ യേശുവിനെപ്പോലെ ആകണമെന്ന് ആഗ്രഹിക്കുന്നവരുണ്ട്. അതിനുവേണ്ടി ഉപവസിച്ചു പ്രാർത്ഥിക്കുന്നവരും ഉണ്ടാകാം. ഞാൻ ചെയ്യുന്ന പ്രവൃത്തി എന്നിൽ വിശ്വസിക്കുന്നയാളും ചെയ്യും എന്ന് യേശു പറഞ്ഞിട്ടുമുണ്ടല്ലോ. വീര്യപ്രവർത്തികളും അത്ഭുതങ്ങളും ചെയ്യുവാനുള്ള വരം ലഭിച്ചു കഴിഞ്ഞാൽ കൂട്ടംകൂട്ടമായി ആത്മാക്കൾ രക്ഷിക്കപ്പെടും എന്നൊക്കെയാണ് അവരുടെ അവകാശവാദങ്ങൾ. നിങ്ങൾ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്ത് സകല ജാതികളെയും എന്റെ ശിഷ്യരാക്കുവാനല്ലല്ലോ യേശു പറഞ്ഞത്. നിങ്ങൾ പുറപ്പെട്ട് സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുകയും, വിശ്വസിക്കുന്നവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുകയും, ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും അവരെ ഉപദേശിച്ചു കൊണ്ട് എന്റെ ശിഷ്യരാക്കുകയും ചെയ്യുവിൻ എന്നാണ് യേശു പറഞ്ഞത്. യോഹന്നാൻ സ്നാപകൻ ഒരത്ഭുതവും പ്രവർത്തിച്ചിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ സന്ദേശത്തിൽ മാനസാന്തരപ്പെടുവാനുള്ള ആഹ്വാനം ഉണ്ടായിരുന്നു. പട്ടാളക്കാരിൽ നിന്നും ചുങ്കക്കാരിൽ നിന്നും ധാരാളം ആളുകൾ ഈ സന്ദേശം കേട്ടാണ് ദൈവത്തിങ്കലേക്ക് തിരിഞ്ഞത്.

ദൈവത്തെപ്പോലെ ആക്കാം എന്ന വാഗ്ദത്തം നൽകി, അനുസരണക്കേടിലേക്ക് മനുഷ്യനെ പ്രലോഭിപ്പിച്ച് പാപം ചെയ്യിച്ച് വഞ്ചിച്ച സാത്താൻ, പറുദീസയും ദൈവീക കൂട്ടായ്മയും മാനവകുലത്തിന് നഷ്ടപ്പെടുത്തി. എന്നാൽ അനുസരണത്തിലൂടെയും, ശിഷ്യത്വത്തിലൂടെയും ഗുരുവിനെപ്പോലെ ആക്കാം എന്ന അതിവിശേഷ വാഗ്ദത്തവുമായി ക്രിസ്തു വീണ്ടെടുപ്പുകാരനായി മനുഷ്യജന്മമെടുത്തു. ഇതെങ്ങനെ സാധിക്കും? മനുഷ്യർക്ക് അസാധ്യം എങ്കിലും ദൈവത്തിന് സകലവും സാധ്യം! ശിഷ്യൻ ഗുരുവിനെക്കാൾ ജ്ഞാനിയല്ല; എന്നാൽ അഭ്യസനം പൂർത്തിയാക്കിയ ശിഷ്യൻ ഗുരുവിനെപ്പോലെയായിത്തീരും.

1 തിമോഥെയോസ് 4 ന്റെ 8 ൽ ദൈവഭക്തനാകാൻ നിന്നെത്തന്നെ പരിശീലിപ്പിക്കുക. കായികാഭ്യാസം കുറച്ചുമാത്രം പ്രയോജനമുള്ളതാണ്; എന്നാൽ അതിലും മഹത്തരമാണ് ആത്മികാഭ്യസനം. കാരണം, ഐഹികജീവിതത്തിലും വരാനുള്ള ജീവിതത്തിലും അതുമൂലം പ്രയോജനങ്ങൾ വരുമെന്നുള്ള വാഗ്ദാനമുണ്ടല്ലോ. അതായത്, ആത്മീക പരിശീലനം കൂടാതെ ആർക്കും യേശുവിനെപ്പോലെ ആകുവാൻ സാധിക്കുകയില്ല.

പിതാവിന്റെ ഹിതം സമ്പൂർണ്ണമായി നിവർത്തിക്കുന്നതിലും, ദോഷം ചെയ്തവരോട് ക്ഷമിക്കുന്നതിലും, കൂടെയുള്ളവരെയും ശത്രുക്കളെപ്പോലും അവസാനം വരെ സ്നേഹിക്കുന്നതിലും നാം യേശുവിനെപ്പോലെ ആയിത്തീരണമെങ്കിൽ, ഒരു നല്ല പരിശീലകനെയും പരിശീലനത്തിനുള്ള സമർപ്പണവും അനിവാര്യമാണ്.

എന്നേക്കും നമ്മോട് കൂടെ ഇരുന്ന് നമ്മുടെ ബലഹീനതകൾ മനസ്സിലാക്കി നമ്മെ പരിശീലിപ്പിച്ച് ആത്മീയ അച്ചടക്കവും പക്വതയും ഉള്ളവരാക്കുവാൻ, അങ്ങനെ ഗുരുവിനെപ്പോലെ ആയിത്തീരുവാൻ വേണ്ടിയാണ് പരിശുദ്ധാത്മാവിനെ പരിശീലകനായി നമുക്ക് വേണ്ടി പിതാവ് അയച്ചുതന്നത്. ദൈവത്തിന്റെ ആത്മാവിനാൽ നടത്തപ്പെടുവാൻ സ്വയം സമർപ്പിക്കുന്നവരെയാണ് പരിശുദ്ധാത്മാവ് പരിശീലിപ്പിക്കുന്നത്.

നിങ്ങൾ ദൈവത്തിന്റെ പ്രിയമക്കൾ ആയിരിക്കുന്നതുകൊണ്ട് ദൈവത്തെ എല്ലാ കാര്യങ്ങളിലും അനുകരിക്കുക: സ്നേഹം നിറഞ്ഞവരായി ജീവിക്കുക എന്നുള്ള പ്രബോധനവും ഈ ചിന്തയിലേക്ക് നമ്മെ നയിച്ച് ലക്ഷ്യത്തിലെത്തിക്കുവാനും ശക്തിയുള്ളത് തന്നെയാണ്. നമുക്ക് ആർക്കും ദൈവമാകുവാൻ കഴിയില്ല, എന്നാൽ ദിവ്യസ്വഭാവങ്ങൾ ജീവിതത്തിൽ വെളിപ്പെടുത്തിക്കൊണ്ട് യേശുവിനെപ്പോലെ ജീവിച്ച് ദൈവഹിതം നിറവേറ്റി ദൈവത്തെ മഹത്വപ്പെടുത്തുവാൻ കഴിയും. അതിനായി ദൈവം നമ്മെ സഹായിച്ചനുഗ്രഹിക്കട്ടെ. •

# സമർപ്പണത്തിന്റെ തീവ്രത

ബെഞ്ചമിൻ വർഗീസ്

ഗുണ്ടർട്ടും കുടുംബവും ചിറയ്ക്കലെത്തിയതിനു ശേഷമുള്ള 3 വർഷങ്ങൾ ഗുണ്ടർട്ടിനെ സംബന്ധിച്ചിടത്തോളം പരീക്ഷണങ്ങളുടെ വർഷങ്ങളായിരുന്നുവെന്ന് നാം കണ്ടല്ലോ. രോഗം ബാധിച്ച് ശബ്ദം നഷ്ടപ്പെട്ട അദ്ദേഹം പിന്നീട് ശ്രദ്ധപതിപ്പിച്ചത് സാഹിത്യരചനകളിലായിരുന്നു. എന്നാൽ രോഗം ശമിച്ചയുടൻ തന്നേ അദ്ദേഹം വീണ്ടും സുവിശേഷപ്രവർത്തനങ്ങളിലും യാത്രകളിലും കൂടുതൽ വ്യാപൃതനായി. ഇതോടൊപ്പം സാഹിത്യപ്രവർത്തനങ്ങളും പുരോഗമിച്ചു.

1852 ന്റെ മദ്ധ്യത്തോടെ അദ്ദേഹം പുതിയനിയമത്തിന്റെ അച്ചടി ആരംഭിച്ചു. ഏകദേശം പത്തുവർഷത്തോളം എടുത്തു പരിഭാഷ പൂർത്തിയാക്കാൻ. ഗുണ്ടർട്ടിന്റെ പരിഭാഷയെക്കുറിച്ചുള്ള വിവരങ്ങൾ പിന്നീട് വിശദമായി പ്രതിപാദിക്കാം. 1854 ൽ ഗുണ്ടർട്ടിനെ തേടി മറ്റൊരു ദു:ഖവാർത്തയെത്തി. താൻ വളരെ സ്നേഹിച്ചിരുന്നതും ഉപദേശങ്ങൾ തേടിയിരുന്നതുമായ തന്റെ പ്രിയപിതാവ് ലുഡ്വിഗിന്റെ ദേഹവിയോഗവാർത്തയായിരുന്നു അത്. ആ വാർത്ത അറിഞ്ഞ് ദു:ഖിതനായപ്പോഴും ഗുണ്ടർട്ടിന് തന്റെ പിതാവിലൂടെ ദൈവം ചെയ്തെടുത്ത വൻകാര്യങ്ങളെയോർത്ത് ദൈവത്തിന് നന്ദി കരേറ്റുവാൻ സാധിച്ചു.

ചില മാസങ്ങൾക്ക് ശേഷം ഫ്രെഡറിക്, പോൾ എന്നീ പുത്രന്മാരെ യൂറോപ്പിലേയ്ക്ക് പഠനാർത്ഥം അയച്ചു. ഗുണ്ടർട്ടിനും ജൂലിയയ്ക്കും അത്യന്തം ഹൃദയഭേദകമായിരുന്നു ആ വിടവാങ്ങൽ. 1855 ൽ ഗുണ്ടർട്ടിന്റെ ഉറ്റസുഹൃത്തും സഹപ്രവർത്തകനുമായ വൈഗ്ലേ അകാലചരമമടഞ്ഞു. 20 സംവത്സരത്തിലധികം നീണ്ടുനിന്ന ഒരു ആത്മബന്ധമാണ് അവിചാരിതമായി അറ്റുപോയത്. വൈഗ്ലേയുടെ മരണം ഗുണ്ടർട്ടിനു മാത്രമല്ല, ബാസൽമിഷന്റെ ഭാരതത്തിലെ പ്രയത്നങ്ങൾക്ക് മുഴുവൻ നികത്താനാവാത്ത ഒരു വിടവാണുണ്ടാക്കിയത്. വൈഗ്ലേയെപ്പോലുള്ള സമർഥനായ ഒരു കാര്യവിചാരകന്റെ അഭാവം മിഷന്റെ സുഗമമായ പ്രവർത്തനങ്ങളെ ബാധിക്കാൻ തുടങ്ങിയെന്ന് തോന്നിയപ്പോൾ അവർ ഗുണ്ടർട്ടിനോട് വൈഗ്ലേയ്ക്ക് പകരമായി മംഗലാപുരത്തേയ്ക്ക് ചെല്ലുവാൻ ആവശ്യപ്പെട്ടു. എന്നാൽ ഗുണ്ടർട്ടിന് ഇതിനൊട്ടും മനസു വന്നില്ല. കേരളത്തിൽ ഗുണ്ടർട്ടിനോടൊപ്പം പ്രവർത്തിച്ചവരും ഇതറിഞ്ഞപ്പോൾ നിരാശരായി. എന്നാൽ ഗുണ്ടർട്ട് മംഗലാപുരത്തേയ്ക്ക് പോയാലേ മതിയാവൂ എന്നായിരുന്നു മിഷന്റെ അന്തിമ തീരുമാനം. അതറിഞ്ഞപ്പോൾ മംഗലാപുരത്തേയ്ക്ക് പോകുവാനുള്ള നിർദ്ദേശം അനുസരിക്കുവാൻ ഗുണ്ടർട്ട് തീരുമാനിച്ചു. എന്നിരുന്നാൽത്തന്നെ ഇക്കാര്യത്തിൽ തനിക്കുള്ള വൈമനസ്യം മിഷനെ അദ്ദേഹം അറിയിക്കുകയും ചെയ്തു. ഗുണ്ടർട്ട് ഇങ്ങനെയെഴുതി: 'ഞാൻ സന്തോഷത്തോടെയാണ് മംഗലാപുരത്തേയ്ക്ക് പോകുന്നതെന്ന് പറയാനാകില്ല. എന്നിരുന്നാൽത്തന്നെ നിങ്ങൾ എന്നോട് ആവശ്യപ്പെടുന്ന ഇക്കാര്യം ശരിയോ തെറ്റോയെന്ന് ചില വർഷങ്ങൾക്കുള്ളിൽ വെളിവായി വരും എന്ന വിശ്വാസത്താൽ ഞാനീ നിർദ്ദേശത്തിനു വിധേയപ്പെടുന്നു.

**എന്നാൽ രോഗം ശമിച്ചയുടൻ തന്നേ അദ്ദേഹം വീണ്ടും സുവിശേഷപ്രവർത്തനങ്ങളിലും യാത്രകളിലും കൂടുതൽ വ്യാപൃതനായി. ഇതോടൊപ്പം സാഹിത്യപ്രവർത്തനങ്ങളും പുരോഗമിച്ചു.**

രണ്ട് കാര്യങ്ങളായിരുന്നു ഗുണ്ടർട്ടിനെ അലോസരപ്പെടുത്തിയത്. ഒന്ന്, മംഗലാപുരത്തെത്തിയാൽ പുതിയൊരു ഭാഷ പഠിക്കേണ്ടതായി വരും. തന്നെയുമല്ല, താനേറ്റം സ്നേഹിക്കുന്ന ഭാഷയായ മലയാളം ഉപയോഗിക്കാനുള്ള സാഹചര്യം വിരളമാവുകയും ചെയ്യും. ദൂരെ യൂറോപ്പിലുള്ളവർക്ക് ഇതിന്റെ ഗൗരവം മനസിലാക്കാൻ ഒരു പക്ഷെ ബുദ്ധിമുട്ടുണ്ടായിരുന്നിരിക്കും. രണ്ടാമത്തെ കാര്യം ജൂലിയയുടെ പ്രവർത്തനങ്ങളെ അത് നേരിട്ട് ബാധിക്കും എന്നതായിരുന്നു. ഇല്ലിക്കുന്നിലാരംഭിച്ച ബാലികാഭവനം ചിറയ്ക്കലിലേയ്ക്ക് പറിച്ച് നടേണ്ടതായി വന്നിരുന്നുവല്ലോ. ഇപ്പോഴിതാ ചിറയ്ക്കലിൽ എത്രയും ഭംഗിയായി നടന്നുവരുന്ന ആ ശുശ്രൂഷവിട്ട് ബാൽമെട്ടയിൽ (ബാസൽ മിഷന്റെ മംഗലാപുരത്തുള്ള ആസ്ഥാനം ഇവിടെയാണ്) ഒരു മതിൽക്കെട്ടിനകത്ത് ഒതുങ്ങിക്കൂടേണ്ടതായി വരും. ഇക്കാര്യം അറിഞ്ഞപ്പോൾ ജൂലിയയ്ക്കും ഈ മാറ്റത്തോട് വലിയ താത്പര്യം തോന്നിയില്ല. ഗുണ്ടർട്ട് മംഗലാപുരത്തിനു പൊയ്ക്കോട്ടെ, താൻ ഇവിടെത്തന്നെ തുടർന്നുകൊള്ളാം എന്നായിരുന്നു ആ വനിതയുടെ പ്രതികരണം. ഇക്കാര്യത്തെക്കുറിച്ച് ഗുണ്ടർട്ട് തന്റെ കത്തിൽ ഇങ്ങനെയാണ് പരാമർശിച്ചത്: 'മേലാൽ ഒരു മാറ്റം കല്പിച്ചാൽ ഒന്നാമത് എപ്പോഴും എന്റെ ഭാര്യയുടെ കാര്യത്തെ വിചാരിക്കേണമെന്ന് ഞാൻ വളരെ താത്പര്യത്തോടെ അപേക്ഷിക്കുന്നു. എന്തായാലും 1856 ഫെബ്രുവരിമാസം 14 നു ഗുണ്ടർട്ട്, കുടുംബത്തോടൊപ്പം വളരെ വ്യസനത്തോടെ ചിറയ്ക്കലിനോട് വിടപറഞ്ഞു. എന്നെക്കാളധികം അപ്പനെയോ അമ്മയെയോ ഭാര്യയെയോ ഭർത്താവിനെയോ സ്നേഹിക്കുവാൻ പാടില്ല എന്ന യേശുകർത്താവിന്റെ പ്രഖ്യാപനം സ്വജീവിതത്തിൽ ഹൃദയപൂർവ്വം അനുസരിക്കുന്ന ഒരു ഭാര്യയെയും ഭർത്താവിനെയുമാണ് ഗുണ്ടർട്ടിലും ജൂലിയയിലും നാം കാണുന്നത്. അവരുടെ സമർപ്പണത്തിന്റെ തീവ്രത എത്ര ആഴമേറിയതെന്നു നാം കാണാതെ പോകരുത്.

ഇത് മനസിലാക്കിയത് കൊണ്ടാകണം തന്റെ മകന് എഴുതിയ കത്തിൽ മിഷണറിയെന്നാൽ 'അയക്കപ്പെട്ടവൻ' എന്നാണർത്ഥം, ആയതിനാൽ മിഷണറിവേല തിരഞ്ഞെടുക്കുന്നവർ ദൈവം അയയ്ക്കുന്നിടത്തേയ്ക്ക്, അത് അനിഷ്ടമുള്ള ഒരു സ്ഥലത്തേയ്ക്കാണെങ്കിൽക്കൂടി, പോകുവാൻ എപ്പോഴും തയാറായിരിക്കേണം എന്നെഴുതി. ഇക്കാലയളവിലെല്ലാം ആശ്വാസമായി കൂടെയുണ്ടായിരുന്നത് ഇളയമകൻ ഡേവിഡ് ആയിരുന്നു. എന്നാൽ അതിവ്യഥയോടെയെങ്കിലും, അവന്റെ ഭാവിയെക്കരുതി ഡേവിഡിനെയും പഠനത്തിനായി യൂറോപ്പിലേയ്ക്കുവാൻ ആ ദമ്പതികൾ തീരുമാനിച്ചു.

മംഗലാപുരത്തും ഏറ്റവും പ്രശംസനീയമായ നിലയിൽ തന്റെ ശുശ്രൂഷകൾ തുടർന്നുപോന്നു. ഇതിനിടെ ബ്രിട്ടീഷ് ഗവണ്മെന്റിൽ കർണാടകയുടെയും കേരളത്തിന്റെയും സ്കൂൾ ഇൻസ്പെക്ടറാകുവാൻ അദ്ദേഹത്തിനവസരം ലഭിച്ചതിനെത്തുടർന്ന് വീണ്ടും മലയാളത്തിൽ കൂടുതൽ ഇടപെടാൻ അദ്ദേഹത്തിനായി. ഇന്നും കേരളത്തിൽ തുടർന്നുപോരുന്ന കേരളപാഠാവലിക്ക് തുടക്കമിടുന്നത് ഗുണ്ടർട്ടാണ്. സ്കൂൾ ഇൻസ്പെക്ടറുടെ ഉത്തരവാദിത്തം കഠിനമായിരുന്നു. യാത്രാസൗകര്യങ്ങൾ പരിമിതമായിരുന്ന അക്കാലത്ത് വിദൂരനാടുകളിൽ ചെന്നുപോലും സ്കൂളുകളിൽ പരിശോധന നടത്തുകയും, സ്കുളുകൾ ഇല്ലാതിരുന്ന ഇടങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കാൻ മുൻകൈയെടുക്കുകയും ചെയ്യേണ്ടിയിരുന്നു. തുടർമാനമായ യാത്രകൾ അദ്ദേഹത്തിന്റെ ആരോഗ്യത്തെ മോശമായി ബാധിക്കാനിടയായി. ഇതുമൂലം താൻ ജോലി രാജിവെച്ചെങ്കിലും ഗവണ്മെന്റ് അത് അംഗീകരിച്ചില്ല. എന്നാൽ 1859 ആയപ്പോഴേയ്ക്കും അദ്ദേഹത്തിനു രോഗം കലശലായി. വിദഗ്ദചികിത്സയ്ക്കായി യൂറോപ്പിലേയ്ക്ക് പോകുന്നതാണ് നല്ലതെന്ന് ഡോക്ടർമാർ വിധിയെഴുതി. ഇത്തവണ രാജി സമർപ്പിച്ചപ്പോൾ ബ്രിട്ടീഷ് ഭരണാധികാരികൾ അത് സ്വീകരിക്കുവാൻ തയ്യാറായി.

1859 ഏപ്രിൽ മാസത്തിൽ ഒരുവർഷത്തേയ്ക്ക് ചികിത്സ തേടാം എന്ന ഉദ്ദേശ്യത്തോടെ ഗുണ്ടർട്ട് ഇന്ത്യയോട് വിടപറഞ്ഞു. ഇതിനിടെ ഇന്ത്യയിൽ മടങ്ങിയെത്തിയിരുന്ന മകൾ മരിയ തന്റെ മാതാവിനൊപ്പം ഇന്ത്യയിൽ തന്നെ തുടർന്നു. ഇതൊരു താത്കാലിക വിടവാങ്ങലായാണ് ഗുണ്ടർട്ട് കരുതിയതെങ്കിലും ദൈവേഷ്ടം മറിച്ചായിരുന്നു. മലയാളത്തെയും മലയാളികളെയും അതിരറ്റു സ്നേഹിച്ച ആ മിഷണറിവര്യന് പിന്നീടൊരിക്കലും ഇന്ത്യയിലേയ്ക്ക് മടങ്ങിവരാനായില്ല. പിറ്റേവർഷം തന്റെ ഭാര്യയും മകളും യൂറോപ്പിലെത്തി അദ്ദേഹത്തോടൊപ്പം ചേരുകയായിരുന്നു. തന്റെ തുടർന്നുള്ള ജീവിതകാലം ജർമനിയിലെ കാൽവിലായിരുന്നു ഗുണ്ടർട്ട് ചിലവഴിച്ചത്. എന്നാൽ അവിടെയായിരിക്കുമ്പോഴും മലയാളഭാഷയ്ക്കുള്ള തന്റെ സംഭാവനകൾ അദ്ദേഹം തുടർന്നുകൊണ്ടേയിരുന്നു. ●





എൽസി ജോയ്

# സമ്മർദ്ദങ്ങൾക്കിടയിൽ കരയുന്നവർ

ജീവിതഭാരങ്ങളാൽ വലഞ്ഞു കരയുന്ന അനേകസഹോദരിമാർ നമുക്ക് ചുറ്റുമുണ്ട്. അവർ അനുഭവിക്കുന്ന മാനസിക സമ്മർദ്ദങ്ങളെ കുറിച്ച് ഒരു പക്ഷേ മറ്റുള്ളവർ ബോധവാന്മാരാകണം എന്നില്ല. ഞാൻ ആയിരിക്കുന്ന അവസ്ഥയിൽ എന്നെ ആരും മനസ്സിലാക്കുന്നില്ല എന്ന ചിന്ത പ്രബലപ്പെടുന്നതാണ് മാനസികത്തകർച്ചയുടെ പ്രധാന കാരണം. ദൈവസന്നിധിയിൽ നമ്മുടെ ഹൃദയം പൂർണമായും പകരുന്നതിന്റെ സാധ്യത നാം നന്നായി മനസ്സിലാക്കണം.

ഹന്ന നമുക്ക് വളരെ പരിചിതയായ വ്യക്തിത്വം ആണല്ലോ. നാം എത്രയോ പ്രാവശ്യം ഹന്നയുടെ ജീവിതത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടിട്ടുണ്ട്. മാനസിക സമ്മർദ്ദത്താൽ എത്രയോ ദിനരാത്രങ്ങൾ കണ്ണുനീരിൽ കഴിഞ്ഞ വ്യക്തിയായിരുന്നു ഹന്ന! ഹന്നയുടെ കണ്ണുനീർ തോർന്നത് ദൈവസന്നിധിയിൽ തന്റെ ഹൃദയം പകർന്നതിനാൽ ആയിരുന്നല്ലോ. ദൈവം നമുക്കും തന്നിരിക്കുന്ന പരിഹാരമാർഗ്ഗം അതുതന്നെയാണ്.

മാനസിക സമ്മർദ്ദങ്ങൾ ഉളവാകുന്നത് പല കാരണങ്ങളാൽ ആയിരിക്കാം. ഓരോരുത്തരും അനുഭവിക്കുന്ന വേദനയും അതിന്റെ കാരണങ്ങളും അവരവർക്ക് അറിയാം. എന്നാൽ പ്രശ്നങ്ങൾ എന്തായിരുന്നാലും അതിനെക്കുറിച്ച് ചിന്തിച്ച് ആകുലപ്പെട്ട് അതിന് അനാവശ്യമായ വലിപ്പം നൽകുകയോ, ആരും എന്നെ മനസ്സിലാക്കുന്നില്ല എന്ന് പരിഭവത്തിന്റെ ചുഴിയിൽ മുങ്ങിത്താഴുകയോ ചെയ്യുവാൻ ഇടയാകരുത്. കാരണം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാർഗ്ഗം നമുക്ക് മുമ്പിലുണ്ട്. അത് ദൈവസന്നിധിയിൽ ഹൃദയം പകരുന്നതിലൂടെയാണ് ലഭ്യമാകുന്നത്.

എന്നാൽ യഹോവ അവളുടെ ഗർഭം അടച്ചിരുന്നു എന്നാണ് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.(1 ശമുവേൽ 1: 5). ഹന്നയുടെ പ്രതിസന്ധികൾ അവളെ വളരെ കരയിപ്പിക്കുക മാത്രമല്ല, അത് അവളെ ദൈവത്തോട് ഏറെ അടുപ്പിക്കുകയും ചെയ്തു. അവളുടെ പ്രതിസന്ധികൾക്കിടയിൽ ദൈവഹിതം ഒളിഞ്ഞ് കിടപ്പുണ്ടായിരുന്നു. എന്തുകൊണ്ടാണ് ദൈവം അങ്ങനെ ചെയ്തത്? അതിന്റെ ഉത്തരം വളരെ ലളിതമാണ്. ദൈവാലയത്തിൽ ശുശ്രൂഷ ചെയ്യു

**ചിന്തിച്ച് ആകുലപ്പെട്ട് അതിന് അനാവശ്യമായ വലിപ്പം നൽകുകയോ, ആരും എന്നെ മനസ്സിലാക്കുന്നില്ല എന്ന് പരിഭവത്തിന്റെ ചുഴിയിൽ മുങ്ങിത്താഴുകയോ ചെയ്യുവാൻ ഇടയാകരുത്. കാരണം എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ദൈവസന്നിധിയിൽ ഉണ്ട്.**

വാൻ വിശ്വസ്തനായ ഒരു പുരോഹിതന്റെ ആവശ്യം ദൈവത്തിനുണ്ടായിരുന്നു. പുരോഹിതനായ ഏലി വൃദ്ധനും, ഏലിയുടെ മക്കൾ അധർമ്മികളും ആയിരുന്നതിനാൽ ദൈവത്തിന് ഒരു ശമുവേലിന്റെ ആവശ്യമുണ്ടായിരുന്നു. ഹന്നായ്ക്കൊരു ആൺകുട്ടി ലഭിക്കുക എന്നതിനേക്കാളുപരി, അവളുടെ ആവശ്യം ദൈവത്തിന്റെ ആവശ്യമായി അവൾ ഗ്രഹിക്കേണ്ടതുണ്ടായിരുന്നു. ഹന്നാ വളരെ ഹൃദയഭാരത്തോടെ യഹോവയോടു കരഞ്ഞു പ്രാർഥിച്ചു. അവൾ ഒരു നേർച്ച നേർന്നു: സൈന്യങ്ങളുടെ യഹോവേ, അങ്ങ് ഈ ദാസിയുടെ മനോവ്യഥ കണ്ടറിയണമേ! എന്നെ ഓർക്കണമേ! അവിടത്തെ ദാസിയായ അടിയനെ മറക്കാതെ അങ്ങ് എനിക്കൊരു മകനെ നൽകുമെങ്കിൽ ഞാൻ അവനെ അവന്റെ ജീവിത കാലംമുഴുവൻ യഹോവയ്ക്കായി സമർപ്പിച്ചു കൊള്ളാം. അവന്റെ തലയിൽ ഒരുനാളും ക്ഷൗരക്കത്തി തൊടുവിക്കുകയുമില്ല. യഹോവ ഹന്നായുടെ ഗർഭം അടച്ചുകളഞ്ഞതിനാൽ അവളോട് പോരെടുത്തിരുന്ന പെനിന്ന, അവളെ പ്രകോപിപ്പിക്കുകയും ശുണ്ഠിപിടിപ്പിക്കുകയും ചെയ്തുവന്നു. ഈ സന്ദർഭത്തിൽ അവളെ വേദനിപ്പിച്ച നിന്ദയിൽ നിന്നും പരിഹാസത്തിൽ നിന്നും ഒരു വിമുക്തി ആയിരുന്നിരിക്കണം അവൾ പ്രാർത്ഥിച്ചിരുന്നത്. എന്നാൽ ദൈവത്തിന്റെ സമയം ആയപ്പോഴേക്കും അവളുടെ പ്രാർത്ഥനാവാചകം മാറിയത് നാം ശ്രദ്ധിക്കാതെ പോകരുത്. അതായത് ഒരു പുരുഷസന്താനത്തെ ലഭിച്ചാൽ അവനെ ജീവപര്യന്തം ദൈവത്തിന്റെ ആലയത്തിലേക്കു സമർപ്പിക്കുമെന്ന തന്റെ തീരുമാനം. ദൈവാലയത്തിലെ അപ്പോഴത്തെ അവസ്ഥ വളരെ ശോചനീയമായിരുന്നു. എങ്കിലും അതിനെ അവഗണിച്ചു കൊണ്ട് ദൈവത്തോടുള്ള തന്റെ ഉടമ്പടി നിറവേറ്റുന്ന ഹന്നയുടെ വിശ്വസ്തത അങ്ങേയറ്റം പ്രശംസനീയമാണ്.

ഭക്തന്മാരുടെ യഥാർത്ഥ ആവശ്യങ്ങൾ ദൈവത്തിന്റെയും കൂടെ ആവശ്യങ്ങളാണ് എന്ന് നിങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ? കാരണം ദൈവം നമുക്ക് നൽകുന്നതെല്ലാം ദൈവമഹത്വത്തിനായി ഉപയോഗിക്കാനുള്ളതാണ്. ഒന്നും സ്വാർത്ഥതയിൽ ചെലവിടാൻ ഉള്ളതല്ല. നമ്മുടെ മക്കൾ ദൈവത്തിന്റെ മഹത്വത്തിനായി ഉപയോഗിക്കപ്പെടേണ്ടവരാണ്. അവരെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി വളരെ പ്രധാനപ്പെട്ടതും ദൈവത്തിന്റെ മഹത്വത്തിനായിട്ടുള്ളതുമാണ്.പല പ്രതിസന്ധികളാൽ നമ്മുടെ വഴികൾ തടസ്സപ്പെടുകയും അടയുകയും ചെയ്യുമ്പോഴാണ് ദൈവത്തിന്റെ വഴികൾ തുറക്കപ്പെടുന്നതും നാം അത് കാണുവാൻ പ്രാപ്തരാകുന്നതും.

**നമ്മെ കഷ്ടങ്ങളുടെ ചൂളയിൽ ദൈവം പണിതീർക്കുന്നു എന്നു തിരുവചനം പഠിപ്പിക്കുന്നത് നാം തിരിച്ചറിയേണ്ടതുണ്ട്.**

നമ്മുടെ പ്രതിസന്ധികളിൽ ദൈവഹിതം ഒളിഞ്ഞു കിടപ്പുണ്ട് എന്നുള്ളത് നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുമോ? ദൈവത്തിൽ പൂർണ്ണ ആശ്രയം അർപ്പിച്ചിരിക്കുന്ന തന്റെ ഭക്തന്മാരുടെ മേൽ ദൈവത്തിന്റെ ദൃഷ്ടി എപ്പോഴും ഉണ്ട്. ആർക്കും യാതൊരു ദോഷവും അവർക്കെതിരെ ചെയ്യുവാൻ ദൈവം അനുവദിക്കുകയില്ല. നന്മയ്ക്കായി പരിണമിക്കുന്ന പ്രശ്നങ്ങൾ മാത്രമേ നമ്മുടെ ജീവിതത്തിൽ ദൈവം അനുവദിക്കുകയുള്ളൂ. അതായത് നാം ദൈവത്തോട് കൂടുതൽ അടുക്കുന്നതിനും ദൈവത്തിന്റെ മഹത്വം വെളിപ്പെടുന്നതിനും കാരണമായവ.

വേദനകൾ, രോഗങ്ങൾ, പ്രതിസന്ധികൾ, എതിർപ്പുകൾ തുടങ്ങിയവയെല്ലാം പിശാചിൽ നിന്നു മാത്രമാണ് എന്നാണ് ചിലർ കരുതുന്നത്. എന്നാൽ നമ്മെ ദൈവഹിതപ്രകാരം രൂപാന്തരപ്പെടുത്തുവാൻ കഷ്ടങ്ങളുടെ ചൂളയിൽ ദൈവം പണിതീർക്കുന്നു എന്നു തിരുവചനം പഠിപ്പിക്കുന്നത് നാം തിരിച്ചറിയേണ്ടതുണ്ട്. അതുകൊണ്ട് ദൈവസന്നിധിയിൽ നമ്മെ താഴ്ത്തി പ്രാർത്ഥിക്കുവാനും ദൈവഹിതം നിറവേറേണ്ടതിന് സമർപ്പിക്കുവാനും കഴിയണം.

ഹന്നയുടെ നിരാശ മാറി അവൾ ഉത്സാഹവതി ആയത് ദൈവസന്നിധിയിൽ തന്റെ ഹൃദയം മുഴുവൻ പകർന്നു കഴിഞ്ഞപ്പോഴാണ്. അവളുടെ മുഖം പിന്നെ വാടിയതുമില്ല (1 ശമുവേൽ 1:18) എന്നു നാം വായിക്കുന്നു. ഇത് ഹന്നയുടെ മാത്രം അല്ല ദൈവസന്നിധിയിൽ ഹൃദയം പകരുന്ന എല്ലാവരുടെയും അനുഭവമാണ്. എന്റെ അനുഭവത്തിൽ നിന്നും എനിക്കത് ഉറപ്പിച്ചു പറയുവാൻ കഴിയും. നിങ്ങൾക്ക് ഓരോരുത്തർക്കും അതുപോലുള്ള അനുഭവങ്ങൾ പങ്കുവയ്ക്കുവാൻ ഉണ്ടായിരിക്കും, എങ്കിലും മാനസിക സമ്മർദ്ദങ്ങളിൽ തളരുന്ന അനുഭവം ഇന്നും ഉണ്ട്, അല്ലേ? പ്രാർത്ഥിക്കുക, ഹൃദയം പകർന്ന് പ്രാർത്ഥിക്കുക. തീർച്ചയായും സകല ബുദ്ധിയെയും കവിയുന്ന സമാധാനം ദൈവം നമ്മുടെ ഹൃദയങ്ങളിൽ പകരും. ●



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ

***നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗത്തിൽ അഴിഞ്ഞിരിക്കും എന്ന് ഉത്തരം പറഞ്ഞു. പിന്നെ താൻ ക്രിസ്തു ആകുന്നു എന്ന് ആരോടും പറയാതിരിപ്പാൻ ശിഷ്യന്മാരോടു കല്പിച്ചു ( മത്തായി 16 :18 20)***

**ക്രി**സ്തീയ മതാനുസാരികളായ നമ്മുടെ പ്രിയപ്പെട്ടവരുടെ ഇടയിൽ ആശയക്കുഴപ്പവും അഭിപ്രായവ്യത്യാസവും ഉള്ള ചില വചനങ്ങൾ ആണ് നമ്മുടെ പഠനത്തിനായി ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്. ക്രിസ്തു തന്റെ സഭയെ പണിയും എന്നു പറഞ്ഞതിലാണ് ചിലർക്ക് ആശയക്കുഴപ്പം. വാസ്തവത്തിൽ ഇവിടെ ഒരു ആശയക്കുഴപ്പത്തിനും കാരണമില്ല. ‘നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു എന്ന് പത്രോസ് ഏറ്റുപറഞ്ഞപ്പോൾ യേശു നൽകിയ മറുപടി : ‘നീ പത്രോസ് ആകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്നായിരുന്നു. അതുകൊണ്ട് സഭ പണിയപ്പെട്ടിരിക്കുന്നത് പത്രോസിന്റെ മേൽ ആണന്നുള്ള തെറ്റായ ഒരു ധാരണ ചിലർക്ക് ഉണ്ടായി. അതുപോലെതന്നെ ‘സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു, നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും, നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നു കർത്താവ് പറഞ്ഞതിനെയും തെറ്റിദ്ധരിച്ചു പത്രോസിന് ഒരു പ്രത്യേക സ്ഥാനം നൽകുവാൻ ചിലർ പരിശ്രമിച്ചു.

പത്രോസ് എന്ന പേര് ഉത്ഭവിച്ചത് പെട്രോസ് എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ്. ആ വാക്കിന്റെ അർത്ഥം പാറക്കഷണം (Rock) കല്ല് (Stone) എന്നൊക്കെയാണ്. സാധാരണയായി സ്റ്റോൺ എന്നാണ് അർത്ഥമാക്കിയിരിക്കുന്നത്. നീ പത്രോസ് ആകുന്നു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്ന് കർത്താവ് പത്രോസിനോട് പറഞ്ഞപ്പോൾ പത്രോസ് എന്താണ് മനസ്സിലാക്കിയത്? അദ്ദേഹം നമുക്ക് എന്താണ് പറഞ്ഞു തന്നിരിക്കുന്നത്? അതാണ് നാം പരിശോധിക്കേണ്ടത്.

**പത്രോസിനു മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി പ്രത്യേകം അധികാരമോ പദവിയോ ഉള്ളതായി കർത്താവ് പറയുകയോ പത്രോസോ മറ്റുള്ള അപ്പോസ്തലന്മാരോ മനസ്സിലാക്കുകയോ ചെയ്തിട്ടില്ല.**

പത്രോസ് തന്റെ ലേഖനത്തിൽ എന്താണ് എഴുതിയിരിക്കുന്നത് എന്ന് നമുക്ക് നോക്കാം. 'മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ട് നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീകഗൃഹമായി യേശുക്രിസ്തു മുഖാന്തരം ദൈവത്തിന് പ്രസാദമുള്ള ആത്മീയ യാഗം കഴിപ്പാൻ തക്കവണ്ണം വിശുദ്ധ പുരോഹിത വർഗ്ഗം ആകേണ്ടതിന് പണിയപ്പെടുന്നു. ഞാൻ ശ്രേഷ്ഠവും മാന്യവുമായ ഒരു മൂലക്കല്ല് സീയോനിൽ ഇടുന്നു, അവനിൽ വിശ്വസിക്കുന്നവൻ ലജ്ജിച്ചു പോവുകയില്ല എന്നു തിരുവെഴുത്തിൽ കാണുന്നവല്ലോ (1 പത്രോസ് 2: 4-6).

യേശുക്രിസ്തു ശ്രേഷ്ഠവും മാന്യവുമായ മൂലക്കല്ലും (Corner stone) ജീവനുള്ള കല്ലും(Living stone) ആകുന്നു. മൂലക്കല്ലിന് ആധാരശില, ആണിക്കല്ല്, കോണശില എന്നൊക്കെ പറയുന്നു. രണ്ട് വശങ്ങൾ തമ്മിൽ യോജിപ്പിച്ച് മൂലയ്ക്ക് നിൽക്കുന്ന അടിസ്ഥാനക്കല്ലാണ് മൂലക്കല്ല്. ഈ മൂലക്കല്ല് എന്നപോലെ സഭയുടെ അടിസ്ഥാന മൂലക്കല്ല് ആണ് യേശുക്രിസ്തു. ജീവനുള്ള കല്ലു കൂടിയാണ് അവിടുന്ന്. ജീവൻ പകർന്നു നൽകുന്ന ജീവനുള്ള കല്ലായ യേശുക്രിസ്തുവിന്റെ അടുക്കൽ വന്ന്, ജീവൻ (നിത്യജീവൻ) പ്രാപിച്ച ജീവനുള്ള കല്ലുകൾ ആയവരെ ചേർത്താണ് സഭ എന്ന ആത്മിക്ഗൃഹം പണിയുന്നത്. യേശുക്രിസ്തു ജീവനുള്ള ദൈവത്തിന്റെ പുത്രനാണ് എന്ന വെളിപ്പാട് ലഭിച്ച പത്രോസ് ജീവനുള്ള ഒരു കല്ലായിത്തീരുക ആയിരുന്നു. നീ പത്രോസ് ആകുന്നു എന്ന് കർത്താവ് പറഞ്ഞപ്പോൾ അർത്ഥമാക്കിയത് അതായിരുന്നു. പത്രോസിന് മനസ്സിലായതും തന്റെ സ്വന്ത വാക്കുകളിൽ നമ്മെ ഗ്രഹിപ്പിക്കാൻ ആഗ്രഹിച്ചതും ഇതാണ്.

കർത്താവിന്റെ അപ്പോസ്തലന്മാർ 12 പേരാണ്. കുഞ്ഞാടിന്റെ 12 അപ്പോസ്തലന്മാർ എന്നവരെക്കുറിച്ച് പറഞ്ഞിരിക്കുന്നു (വെളിപ്പാട് 21 :14). പത്രോസിനു മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി പ്രത്യേകം അധികാരമോ പദവിയോ ഉള്ളതായി കർത്താവ് പറയുകയോ പത്രോസോ മറ്റുള്ള അപ്പോസ്തലന്മാരോ മനസ്സിലാക്കുകയോ ചെയ്തിട്ടില്ല. സഭയിലെ മൂപ്പന്മാരിൽ ഒരുവനായി അതായത് ഒരു കൂട്ടുമൂപ്പനായി മാത്രമേ പത്രോസ് തന്നെക്കുറിച്ച് മനസ്സിലാക്കിയിരുനുള്ളൂ. (1 പത്രോസ് 5:1). യെറുശലേമിലെ സഭയുടെ തൂണുകളായി എണ്ണപ്പെട്ടിരുന്നത് യാക്കോബ് (യേശുവിന്റെ അർദ്ധസഹോദരൻ), കേഫാവ് (പത്രോസ് ) യോഹന്നാൻ എന്നീ മൂവർ ആയിരുന്നു( ഗലാത്യർ 2:9). അവർക്ക് തുല്യമായ നിലയിൽ തന്നെയാണ് അവർ പൗലോസിനെയും ബർന്നബാസിനേയും കണ്ടത്.

വ്യക്തികൾക്ക് അമിതപ്രാധാന്യത കൊടുത്ത് അവരുടെ പേരിൽ ഗ്രൂപ്പ് ഉണ്ടാക്കി അണിചേരുന്നത് തെറ്റാണെന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. കൊരിന്ത്യസഭയിൽ ഈ അബദ്ധം സംഭവിച്ചു. പൗലോസപ്പസ്തോലൻ അതിനെ ശക്തമായി അപലപിച്ചിട്ടുണ്ട്. അപ്പല്ലോസിന്റെയും പൗലോസിന്റെയും പത്രോസിന്റെയും പേരിൽ അണിചേർന്നവരോട് പൗലോസ് ചോദിക്കുന്നു: ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? പൗലോസ് നിങ്ങൾക്ക് വേണ്ടി ക്രൂശിക്കപ്പെട്ടുവോ? ക്രൂശിക്കപ്പെട്ട ക്രിസ്തുവിന് മാത്രമാണ് പ്രസക്തി. ക്രിസ്തുവിന്റെ ശിഷ്യന്മാരായി തന്റെ നാമത്തിന്റെ കൊടിക്കീഴിലാണ് നാം അണിനിരക്കേണ്ടത്. കർത്താവ് തന്നെ ഈ വിഷയത്തിൽ നമുക്ക് വ്യക്തമായ മാർഗ്ഗനിർദേശം നൽകിയിട്ടുണ്ട്. നിങ്ങളോ റബി എന്നു പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു, നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവ് എന്ന് വിളിക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്. സ്വർഗ്ഗസ്ഥൻ തന്നെ. നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ; ക്രിസ്തു തന്നെ (മത്തായി 23: 8 - 10).

സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു എന്ന് കർത്താവ് പത്രോസിനോട് പറഞ്ഞത് എന്തിനെക്കുറിച്ചാണ്? സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ എന്ന ഒരു വിശേഷസംഗതി തന്റെ പക്കൽ ഉണ്ട് എന്ന് പത്രോസ് അവകാശപ്പെടുകയോ, മറ്റുള്ളവർ അങ്ങനെ മനസ്സിലാക്കുകയയോ ചെയ്തിട്ടില്ല. തന്റെ അടുക്കൽ ഉണ്ടായിരുന്നത് വചനമായ സുവിശേഷം മാത്രമായിരുന്നു. ആ സുവിശേഷം പെന്തക്കോസ്ത് നാളിൽ പത്രോസ് ആദ്യമായി പ്രസംഗിച്ചത് മറ്റ് 11 പേരോട് കൂടെ നിന്നുകൊണ്ടായിരുന്നു (അപ്പോസ്തല പ്രവർത്തികൾ 2:14). അന്ന് 3000 പേർ സ്നാനം സ്വീകരിക്കുവാൻ ഇടയായി. എന്നാൽ പത്രോസ് ആരെയും സഭയോട് ചേർത്തതായി വചനം പറയുന്നില്ല, പ്രത്യുത, രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോട് അതായത് വിശ്വസിച്ച സമൂഹത്തോട് ചേർത്തുകൊണ്ടിരുന്നു എന്ന് എഴുതിയിരിക്കുന്നു (പ്രവർത്തികൾ 2:47).

വിജാതീയരിൽ നിന്നും ആദ്യമായി രക്ഷിക്കപ്പെട്ടത് കൊർന്നല്ല്യോസിന്റെ ഭവനമാണ്. ദൂതൻ മുഖാന്തരം ദൈവം കൊർന്നല്ല്യോസിനോട് കൽപ്പിച്ചത്: പത്രോസിനെ വരുത്തുക; നീയും നിന്റെ ഗൃഹം മുഴുവനും രക്ഷിക്കപ്പെടുവാനുള്ള വാക്കുകളെ അവൻ നിന്നോട് സംസാരിക്കും എന്നായിരുന്നു (പ്രവർത്തികൾ 11 :14 ). അതിനാൽ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ സുവിശേഷം ആണെന്നുള്ളത് വ്യക്തം. ഈ സുവിശേഷം ഭൂലോകം മുഴുവൻ അറിയിക്കുവാൻ കർത്താവ് 12 അപ്പോസ്തലന്മാരോടും കൽപ്പിക്കുന്നതായി മത്തായി 28 : 18,19 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇന്ന് നാം ഓരോരുത്തരും ഈ സുവിശേഷം അറിയിക്കുന്നതിന് ചുമതലപ്പെട്ടവരാണ്.

ഈ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും, ഈ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്ന് കർത്താവ് പറയുന്നതിന്റെ സാരം എന്താണ്? കെട്ടുക എന്നതിന് (Bind), പൂട്ടുക (Lock), തടയുക ( Forbid) എന്നും, അഴിക്കുക എന്നതിന് (Loose) തുറക്കുക(Open) അനുവദിക്കുക (Permit) എന്നും തർജ്ജിമ ചെയ്യാം. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ആകുന്ന സുവിശേഷം പ്രസംഗിക്കപ്പെടുമ്പോൾ സംഭവിക്കുന്ന അനുഭവം ആണിത്.

സുവിശേഷത്തോടു രണ്ടുവിധ പ്രതികരണങ്ങളാണ് ഉണ്ടാകുന്നത്. വിശ്വസിച്ച് സ്വീകരിക്കുക, അല്ലെങ്കിൽ വിശ്വസിക്കാതെ അവിശ്വാസത്താൽ തള്ളിക്കളയുക. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നു കർത്താവ് പ്രഖ്യാപിച്ചിരിക്കുന്നു (മർക്കോസ് 16:16)

അതുകൊണ്ട് സുവിശേഷം വിശ്വസിക്കുന്നവനെ നരകവിധിയിൽ നിന്ന് നിന്ന് തുറന്നു വിടുകയും, സ്വർഗ്ഗരാജ്യത്തിലേക്കുള്ള പ്രവേശനം അനുവദിക്കുകയും ചെയ്യും. വിശ്വസിക്കാത്തവനെ നരകവിധിയിൽ പൂട്ടിയിടുന്നതിനാൽ സ്വർഗ്ഗരാജ്യം തുറക്കാതെ അവന് തടയപ്പെടുകയും ചെയ്യും.

പത്രോസിനോട് പറഞ്ഞ ഈ കാര്യം കർത്താവ് മറ്റ് അപ്പോസ്തലന്മാരോടും നമ്മോടും പറഞ്ഞിട്ടുണ്ട്. നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നത് എല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും (മത്തായി 18: 18). ഇതേ അർത്ഥത്തിൽ മറ്റൊരു സന്ദർഭത്തിൽ കർത്താവ് ഇങ്ങനെ പറഞ്ഞു: ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു, ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക് നിർത്തിയിരിക്കുന്നു( യോഹന്നാൻ 20:23). സുവിശേഷം വിശ്വസിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്നതിനെ അടിസ്ഥാനമാക്കി ഓരോരുത്തർക്കും ഉണ്ടാകുന്ന അനുഭവമാണിത്. സുവിശേഷം സ്വീകരിക്കുന്നവർ സ്നാനം സ്വീകരിച്ച് യേശുവിനോട് ചേരണം. ●

# പ്രഥമവും പ്രധാനവുമായ കർത്തവ്യം

ഒരു ദൈവദാസന്റെ ശുശ്രൂഷയ്ക്ക് പല തലങ്ങൾ ഉണ്ടെങ്കിലും തന്റെ ഏറ്റവും പ്രധാന കർത്തവ്യം സുവിശേഷഘോഷണം തന്നെയാണ്. അതിൽനിന്ന് അദ്ദേഹത്തിന്റെ ശ്രദ്ധ മറ്റെന്തിലേക്കെങ്കിലും തിരിയുന്നെങ്കിൽ ആഴ്ച തോറും അദ്ദേഹത്തെ കേൾക്കുന്ന അനേകരുടെ ആത്മീയജീവിതം അപകടത്തിൽ ആകും. ഒരു സഭാശുശ്രൂഷകന്റെ പ്രഥമവും പ്രധാനവുമായ കർത്തവ്യം കർത്താവായ യേശുക്രിസ്തുവിനെ പ്രസംഗിക്കുകയാണ്. അല്ലാതെ മറ്റു പരിപാടികൾ നടത്തുകയല്ല. ദൈവവചനം പഠിക്കുകയും അതനുസരിച്ച് ജീവിക്കുകയും, സ്നേഹത്തിന്റെ ആത്മാവിൽ ധൈര്യത്തോടെ തിരുവചന സത്യങ്ങൾ പ്രഖ്യാപിക്കുകയും ചെയ്യുന്ന ശുശ്രൂഷകർക്ക് സകല പിന്തുണയും നൽകുക. ചില സന്ദർഭങ്ങളിൽ ആവശ്യമായിരുന്ന ശാസനയും ഗുണീകരണവും നൽകിയതിനായും, തന്റെ വചനശുശ്രൂഷയിൽക്കൂടെ നിങ്ങൾക്ക് ലഭിച്ച അനുഗ്രഹത്തിനായും അദ്ദേഹത്തിന് നന്ദി പറയുക. തന്റെ അതിപ്രധാന ശുശ്രൂഷയായ പ്രാർത്ഥനയിലും വചനഘോഷണഘോഷണത്തിലും ഉറ്റിരിക്കുന്നതിനു അദ്ദേഹത്തിന് ഇത് പ്രോത്സാഹനം ആയിത്തീരും.

# പ്രധാന യഹൂദ വിഭാഗങ്ങൾ: യേശുവിന്റെ കാലത്ത്

### പരീശന്മാർ (PHARISEES)

യവന സംസ്കാരത്തിന്റെ അതിപ്രസരത്താൽ യഹൂദന്മാരുടെ വിശ്വാസാചാരങ്ങളിൽ സംഭവിച്ച മൂല്യച്യുതിയിൽ അസംതൃപ്തരും ഉത്കണ്ഠാകുലരുമായ ഒരു വിഭാഗം അവരുടെയിടയിൽ ആവിർഭവിച്ചു. ഹെല്ലേനിസത്തോട് (Hellenism) എതിർത്തുനിന്ന ഭക്തിവൈരാഗ്യമുള്ള യഹൂദന്മാരുടെ പിൻഗാമികളാണ് പരീശന്മാർ എന്ന പേരിൽ അറിയപ്പെട്ടത്. ഗ്രീക്ക് സംസ്കാരത്താൽ സ്വാധീനിക്കപ്പെട്ട യഹൂദരോടുള്ള തങ്ങളുടെ എതിർപ്പ് രാഷ്ട്രീയ കാരണങ്ങളാലല്ല പ്രത്യുത മതപരമായതാണെന്ന് പരീശന്മാർ പ്രഖ്യാപിച്ചു. പരീശൻ എന്ന എബ്രായ വാക്കിന്റെ അർത്ഥം 'വേർപെട്ടവൻ' (separatist) എന്നതാണ്. യഹൂദവിശ്വാസ ആചാര സംബന്ധമായി അന്ന് പൊതുവെ നിലവിൽ വന്ന വീക്ഷണത്തിൽനിന്നും വേർപെട്ട ഒരു നിലപാട് കർശനമായി ഇവർ പഠിപ്പിക്കുകയും ആചരിക്കയും ചെയ്തു. ബി.സി 150 മുതൽ ഇവർക്ക് ഗണ്യമായ സ്വാധീനശക്തിയും ജനപിന്തുണയും ഉണ്ടായിരുന്നു. ന്യായപ്രമാണത്തിലെ ഓരോ ആചാരാനുഷ്ഠാനങ്ങളും വളരെ കൃത്യമായി പാലിക്കുന്നതിന് ഇവർ കർശന മനോഭാവമുള്ളവരായിരുന്നു. ഇതേ കാരണത്താൽ പിൽക്കാലത്ത് അവരുടെ സ്വയനീതിയും അഹംഭാവവും സൽപ്രവർത്തികളുടെ പരസ്യ പ്രദർശനവും എല്ലാം കപടഭക്തിയിലേക്ക് വഴിനടത്തി. യേശുകർത്താവ് വെള്ളതേച്ച ശവക്കല്ലറകളെ എന്നും മറ്റും വിളിച്ച് കർക്കശമായി ശാസിക്കുന്നതായി കാണാം. തിരുവെഴുത്തുകൾപോലെ തന്നെ പരമ്പരാഗത ആചാരങ്ങളും പാലിക്കണമെന്ന് അവർ ശാഠ്യം പിടിച്ചു.

യേശുവിന്റെ ക്രൂശീകരണത്തിന് ഇവർ ഗണ്യമായ പങ്കു വഹിച്ചു. നിക്കോദേമോസും പൗലോസും പരീശഗണത്തിൽപ്പെട്ടവരായിരുന്നു (യോഹ 3:1, ഫിലിപ്പ്യർ 3:5). ആത്മാവിന്റെ അനശ്വരത, മരിച്ചവരുടെ പുനരുത്ഥാനം (പ്രവർത്തികൾ 23:8) അന്ത്യന്യായവിധി എന്നിവയിൽ പരീശന്മാർ വിശ്വസിച്ചിരുന്നു.

### സാദൂക്യർ (SADDUCEES)

സാദൂക്യർ ലോകപ്രകാരം സമ്പന്നരായിരുന്നു. പുതിയ നിയമകാലഘട്ടം ആരംഭിക്കുമ്പോൾ പൗരോഹിത്യവും ദൈവാലയ ശുശ്രൂഷകളും (rituals) ഇവരുടെ നിയന്ത്രണത്തിലായിരുന്നു. ഇവർ മൊശൈക ന്യായപ്രമാണം മാത്രമേ അംഗീകരിച്ചിരുന്നുള്ളൂ. പരമ്പരാഗത വ്യാഖ്യാനങ്ങളോ ശാസ്ത്രിമാർ ന്യായപ്രമാണത്തിനു നൽകിയിരുന്ന വിശദീകരണങ്ങളോ ഇവർ അംഗീകരിച്ചിരുന്നില്ല. മനുഷ്യന്റെ അമർത്യത, മരിച്ചവരുടെ പുനരുത്ഥാനം (പ്രവർത്തികൾ 23: 8). അന്ത്യന്യായവിധി എന്നിവയിൽ ഇവർ വിശ്വസിച്ചിരുന്നില്ല. ദൂതനും അത്മാവും ഇല്ല എന്നും ഇവർ പഠിപ്പിച്ചിരുന്നു. മോശെ പ്രസ്താവിക്കാത്ത യാതൊന്നും അംഗീകരിപ്പാൻ തങ്ങൾ ബാദ്ധ്യസ്ഥരല്ലെന്ന നിലപാടായിരുന്നു ഇവരുടേത്.

### ശാസ്ത്രിമാർ (SCRIBES)

ന്യായപ്രമാണം പകർത്തി എഴുതുകയും പഠിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന തൊഴിൽ സ്വീകരിച്ചിരുന്നവരെയാണ് ശാസ്ത്രിമാർ എന്ന് വിളിച്ചിരുന്നത്. ഇക്കാര്യങ്ങൾ ഇവരുടെ ഉത്തരവാദിത്വമായിരുന്നു. പരീശന്മാരോട് തുല്യരെന്നനിലയിൽ സാധാരണ യഹൂദന്മാർ ഇവരെ കണക്കാക്കിയിരുന്നു. ഇവർക്കും ജനങ്ങളിൽ വലിയ സ്വാധീനശക്തിയുണ്ടായിരുന്നു. യഹൂദരിലെ ഒരു വിഭാഗം എന്നതിലുപരി തിരുവെഴുത്തുകളുമായി ബന്ധപ്പെട്ട ശുശ്രൂഷകൾ ചെയ്തിരുന്ന ഒരു പണ്ഡിതഗണം എന്നു പറയുന്നതാണ് കൂടുതൽ ശരി. ന്യായപ്രമാണം പഠിപ്പിപ്പാൻ എസ്രാശാസ്ത്രി ഉത്സാഹിച്ചു എന്ന് എസ്രാ 7:10 ൽ കാണുന്നു. ശാസ്ത്രിമാരുടെ ഉത്ഭവം ഇക്കാലത്തിലായിരുന്നിരിക്കണം. ഇവരിൽ ചിലർ ന്യയാധിപസംഘത്തിലെ അംഗങ്ങളായിരുന്നു. ന്യായധിപസംഘത്തിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ഇവരും പങ്കുവഹിച്ചിരുന്നു (മത്തായി 16: 21, മർക്കോസ് 14: 43) ഇവർ ന്യായപ്രമാണത്തിന്റെ വക്താക്കളും ഉപദേഷ്ടാക്കന്മാരും ആയിരുന്നു.

### ഹേരോദ്യർ (HERODIANS)

ഹേരോദാവിന് രാജപദവി നൽകി റോമൻ കൈസർ ബിസി 37-ൽ അവനെ പാലസ്തീനിൽ നിയമിച്ചിരുന്നു. മോശെയുടെ കല്പനയ്ക്ക് ഹേരോദാവ് നല്കിയ വ്യാഖ്യാനത്തെ പിന്തുണച്ചവരാണ് ഹേരോദ്യർ എന്നറിയപ്പെട്ടത്. വിദേശ ആധിപത്യത്തിലായിരിക്കുമ്പോൾ അപ്പോഴത്തെ ഭരണാധികാരികളുടെ മതാചാരങ്ങളും ചട്ടങ്ങളും പാലിക്കേണം, സ്വന്തം മതാചാരങ്ങൾക്ക് അതിലുപരി പ്രാധാന്യത നല്കരുത് എന്ന ഹേരോദാവിന്റെ പ്രമാണത്തെ ഇവർ പിന്തുണച്ചു. റോമൻ താത്പര്യങ്ങളുമായി ചേർന്ന് പലസ്തീൻ ദേശത്തെ റോമാവൽക്കരിക്കുക (Romanisation) എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. ഇവർ ഒരു മതവിഭാഗം എന്നതിലുപരി ഒരു രാഷ്ട്രീയ പാർട്ടി എന്നു പറയുന്നതാണ് കൂടുതൽ ശരി. ഈ പഠിപ്പിക്കലിനെയാണ് ഹേരോദാവിന്റെ പുളിച്ച മാവ് എന്ന് യേശു വിമർശിച്ചത് (മർക്കോസ് 8: 15).

### എരിവുകാർ (ZEALOTS)

യിസ്രായേലിന്റെ മേലുള്ള റോമാസാമ്രാജ്യത്തിന്റെ ആധിപത്യം അവസാനിപ്പിക്കുമെന്ന് ദൃഢപ്രതിജ്ഞയെടുത്തിരുന്ന സ്വദേശവാസികളും തീവ്രവാദികളുമായ യഹൂദരുടെ ഒരു വിഭാഗമാണ് എരിവുകാർ. മശിഹാ വരുമ്പോൾ തങ്ങളെ റോമൻ ഭരണനുകത്തിൽനിന്നും വിടുവിച്ച് സ്വതന്ത്ര യഹൂദരാജ്യം സ്ഥാപിക്കുമെന്ന് അവർ ആശിച്ചിരുന്നു. എരിവ് (Zeal) എന്നതിന് തീഷ്ണത, ശുഷ്കാന്തി എന്ന് അർത്ഥം. പ്രവർത്തികൾ 5: 37 ൽ പറയുന്നു ഗലീലക്കാരനായ യൂദാ, റോമൻ ഭരണത്തിനെതിരായി വിപ്ലവം നയിച്ചുകൊണ്ട് എരിവുകാരുടെ സ്ഥാപകനേതാവായി എന്നു പറയപ്പെടുന്നു. ഇവരുടെ നേതൃത്വത്തിലാണ് എഡി 60 കളിൽ യഹൂദ വിപ്ലവം നടന്നത്. റോമൻസൈന്യം ഇവരെ നിശേഷം നശിപ്പിച്ചുകളഞ്ഞു.

### എസ്സേന്യർ (ESSENES)

ബി.സി. അവസാന നൂറ്റാണ്ടിലും എ.ഡി. ഒന്നും രണ്ടും നൂറ്റാണ്ടുകളിലും പലസ്തീനിൽ സന്യാസജീവിതം നയിച്ചിരുന്ന ഒരു യഹൂദസമൂഹമാണ് എസ്സേന്യർ. ജോസിഫസ് തുടങ്ങിയ ചരിത്രകാരന്മാർ ഇവരെക്കുറിച്ച് എഴുതിയിട്ടുണ്ട്. ന്യായപ്രമാണത്തിന്റെ പരിശുദ്ധിയിൽ ജീവിക്കുക എന്നതായിരുന്നു ഇവരുടെ ലക്ഷ്യം. യഹൂദപുരോഹിത മേധാവിത്വത്തെ ഇവർ അംഗീകരിച്ചിരുന്നില്ല.

### ലിബർത്തീനർ (LIBERTINES)

വിമോചിതർ എന്നാണ് ലിബർത്തീനർ എന്ന വാക്കിന്റെ അർത്ഥം. പ്രവർത്തികൾ 6: 9-ൽ മാത്രം ഇവരെക്കുറിച്ച് പരാമർശിച്ചിരിക്കുന്നു. റോമൻ ഭരണാധിപനായിരുന്ന പോംപി റോമിലേക്ക് അടിമകളായി കൊണ്ടുപോയവരിൽ പിൽക്കാലത്ത് സ്വതന്ത്രരാക്കപ്പെട്ടവരുടെ പിൻഗാമികളായിരിക്കാം ലിബർത്തീനർ എന്നു ചില വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അവർക്ക് അവരുടേതായ സിനഗോഗ് ഉണ്ടായിരുന്നു. •

## 8 ഒത്തുതീർപ്പില്ലാത്ത ആത്മീയത

മാനുഷഭയം ഒരു കെണിയാണ്. യെരൂശലേമിൽ പൗലൊസിനും ബർന്നബാസിനും കൂട്ടായ്മയുടെ വലങ്കൈ കൊടുത്ത (ഗലാത്യർ 2:9) പത്രൊസ്, അന്ത്യൊക്യയിൽ വന്നപ്പോൾ പഴയപരിച്ഛേദനക്കാരുടെ വാദഗതിയെ പേടിച്ചു (ഗലാത്യർ 2:11,12). മനുഷ്യനെ ഭയപ്പെടാൻ തുടങ്ങിയാൽ പത്രൊസ് പോലും വഞ്ചിക്കപ്പെട്ടുപോകും. അതിന്റെ അനന്തരഫലമെന്താണ്? പത്രൊസിനോടുകൂടെ അന്ത്യോക്യസഭയിലെ യെഹൂദനും വഞ്ചിക്കപ്പെട്ടു. പൗലൊസിനോടുകൂടെ ഏതു സാഹചര്യത്തിലുമുണ്ടായിരുന്ന ബർന്നബാസുപോലും ആശയക്കുഴപ്പത്തിലായി (ഗലാത്യർ 2:13). അവിടെയും പൗലൊസ് സുവിശേഷത്തിന്റെ സത്യം മുറുകെ പിടിച്ചു (ഗലാത്യർ 2:14). പത്രൊസിനോടു പൗലൊസ് അഭിമുഖമായി എതിർത്തു നിന്ന ഏക സന്ദർഭമാണിത് (ഗലാത്യർ 2: 12, 14). കസേരയ്ക്കും പണത്തിനും വേണ്ടിയല്ല, സുവിശേഷസത്യത്തിനുവേണ്ടിയാണ് രണ്ട് അപ്പൊസ്തലന്മാർ അഭിമുഖമായി എതിർത്തുനിന്നത്.

അനുരഞ്ജനമില്ലാത്ത ആത്മീയത... അതായിരുന്നു പൗലൊസിന്റെ മുഖമുദ്ര. അതുതന്നെയായിരിക്കണം ഇന്നു നമ്മുടെയും മുൻഗണന. വെളിപ്പെടുത്തപ്പെട്ട ആത്മീയസത്യങ്ങൾക്കുവേണ്ടി ഒത്തുതീർപ്പില്ലാതെ നിലകൊള്ളുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. വെളിപ്പെട്ടു കിട്ടുന്ന ആത്മികസത്യങ്ങളിൽ അചഞ്ചലരായി നില കൊള്ളുവാനും നമ്മെ സമർപ്പിച്ചു പ്രാർത്ഥിക്കാം. •

# ആപത്ക്കരമായ ഒരു പ്രവണത...

കഴിഞ്ഞ കുറെ മാസങ്ങളായി ഏറെക്കുറെ മിക്ക വർത്തമാനപത്രങ്ങളിലും സാമൂഹ്യമാധ്യമങ്ങളിലും തുടർച്ചയായി വന്നു കൊണ്ടിരിക്കുന്ന ഒരു വാർത്തയാണ് കേരളത്തിലെ വിദ്യാർഥിസമൂഹത്തിലെ നല്ലൊരു പങ്കും, ഉന്നതവിദ്യാഭ്യാസത്തിനായി കേരളവും ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളും വിട്ടു, പാശ്ചാത്യരാജ്യങ്ങളിലേക്ക് ഭീമ മായ തുക മുടക്കി നാട് വിടുന്നു എന്നത്. എന്താണിതിന്റെ കാരണമെന്നു ബന്ധപ്പെട്ടവർ ഗൗരവമായി പഠനം നടത്തി കാരണങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കേണ്ടതാണ്. നിലവിലുള്ള നമ്മുടെ ഉന്നതവിദ്യാഭ്യാസ സംവിധാനത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള മാനദണ്ഡങ്ങൾ വീഴ്ച കൂടാതെ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉന്നത അധികാരികൾ വിലയിരുത്തുകയും ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ഇതുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ദൂരവ്യാപകവും അന്തർദേശീയ സമൂഹത്തിൽ നമ്മുടെ നിലവാരത്തകർച്ച തെളിയിക്കുന്നതുമായി പരിണമിക്കും.

ഭാവി ഭാസുരമാക്കാൻ വേണ്ടി നടന്നിട്ടുള്ള കുടിയേറ്റങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. അതിൽ തെറ്റൊന്നും കണ്ടെത്താനുമില്ല. ലോകത്തെവിടെയും കുടിയേറ്റത്തിന് രണ്ടു പ്രധാന കാരണങ്ങളുണ്ട്. ഒന്ന്, തങ്ങൾ നിൽക്കുന്ന പ്രദേശത്ത് തുടരാൻ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. അത് യുദ്ധമോ, ദുരന്തമോ, വിവേചനപരമായ നിയമങ്ങളോ, ഗുണമേന്മയുള്ള ജീവിതസാഹചര്യങ്ങൾ കുറയുന്നതോ ഒക്കെ ആകാം. ഇതിനെ push factor എന്നു പറയും. ചില സ്ഥലങ്ങളിലേക്ക് എത്തിപ്പറ്റാൻ ചില ആകർഷക ഘടകങ്ങളുണ്ടാകുമെന്നതാണ് രണ്ടാമത്തെ കാരണം. നല്ല വിദ്യാഭ്യാസത്തിനുള്ള അവസരം, ജോലിസാധ്യത, ഉയർന്ന ശമ്പളം, സ്ഥിരതയുള്ള ഭരണം, നല്ല കാലാവസ്ഥ തുടങ്ങി പലതുമാകാം ഇത്. ഇതിനെ pull factor എന്നു പറയും. കേരളത്തിൽ നിന്നു വിദേശരാജ്യങ്ങളിലേക്കുള്ള ഒഴുക്കിനു പിന്നിലും ഇത്തരം push, pull കാരണങ്ങളുണ്ടെന്ന് സർവേകൾ വ്യക്തമാക്കുന്നു.

മൂവായിരത്തിലധികം എജ്യുക്കേഷനൽ കൺസൽറ്റൻസികൾ നമ്മുടെ നാട്ടിലുണ്ട്. ഒരു കൺസൽറ്റൻസി ഒരു വർഷം ശരാശരി അൻപത് പേരെ അയച്ചാൽ പോലും വിദേശത്തേയ്ക്ക് പറക്കുന്നവരുടെ എണ്ണം ലക്ഷങ്ങൾ കവിയും. ഇങ്ങനെ പോകുന്ന ഓരോ വിദ്യാർഥിക്കും വേണ്ടി മാതാപിതാക്കൾ ചിലവാക്കേണ്ടത് ചുരുങ്ങിയത് ഇരുപത് ലക്ഷം രൂപയാണ്. ഒന്നോർത്തു നോക്കൂ, സാമ്പത്തിക മേഖലയെ തളർത്തിക്കൊണ്ടു എത്ര ആയിരം കോടി രൂപയാണ് കേരളത്തിനു പുറത്തേക്ക് ഒഴുകുന്നതെന്ന്. ഇത് കൂടാതെ പത്താം ക്ലാസ്സു വരെയോ പ്ലസ്ടു വരെയോ അവരെ പഠിപ്പിക്കേണ്ടതിനു കേരളം ചിലവഴിക്കുന്നത് എത്ര ഭീമമായ തുകയാണെന്നും ചിന്തിക്കണം.

യൂറോപ്പ്, അമേരിക്ക, കാനഡ, ഓസ്ട്രേലിയ എന്നിവയാണ് പലരുടേയും സ്വപ്ന പഠനകേന്ദ്രങ്ങൾ. പഠനത്തിനു ശേഷം അവിടെത്തന്നെ ജോലി, ജീവിതം എന്നതാണ് വിദേശയാത്രയുടെ ലക്ഷ്യം തന്നെ. നീ ഒന്നവിടെ ചെന്ന് സെറ്റിലായിട്ട് വേണം, ഞങ്ങൾക്കങ്ങോട്ടു വരാൻ. ഞാനവിടെ പെട്രോൾ പമ്പിലോ സൂപ്പർമാർക്കറ്റിലോ ജോലി ചെയ്തു ഉപജീവനം ചെയ്തുകൊള്ളാം എന്ന ചിന്താഗതിയോടെ ചില മാതാപിതാക്കളെങ്കിലും മക്കളുടെ വിദേശയാത്രയ്ക്ക് പച്ചക്കൊടി വീശുന്നു. ഇത്തരത്തിൽ സമൂഹം ഒന്നടങ്കം വിദേശത്തേക്ക് പോകുന്നത് സാമ്പത്തികമായും സാമൂഹികമായും കേരളത്തിനു ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കില്ലേ? ഉണ്ടാക്കും എന്നു തന്നെയാണ് വിദഗ്ധരുടെ വിലയിരുത്തൽ. മാത്രമല്ല കേരളം വയോജനങ്ങളുടെ നാടായി മാറിക്കൊണ്ടിരിക്കുന്നു എന്ന് പല കോണുകളിൽ നിന്നും ചൂണ്ടിക്കാണിക്കപ്പെട്ടു കഴിഞ്ഞു.

മനുഷ്യവിഭവത്തെയും സാമ്പത്തിക മേഖലയേയും പ്രതികൂലമായി ബാധിക്കുന്ന ഗുരുതരമായ ഈ പ്രശ്നത്തിന് തടയിടുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സർക്കാർ സംവിധാനങ്ങളും ദീർഘവീക്ഷണത്തോടെ അടിയന്തരപ്രാധാന്യം കൊടുത്തു പരിഹരിച്ചില്ലായെങ്കിൽ വിവരണാതീതമായ തകർച്ചയിലായിരിക്കും കലാശിക്കുക. ●

# അനുപമ ത്യാഗം

**1948** ജനുവരി 30 രാഷ്ട്രപിതാവിന്റെ രക്തസാക്ഷിത്വ ദിനമായി ഇന്ത്യക്കാർ എന്നും ഓർക്കുന്നു. ത്യാഗോജ്ജ്വലമായ ജീവിതവും സത്യസന്ധതയോടും ലളിത ജീവിതശൈലിയോടുമുള്ള പ്രതിബദ്ധതയാണ് മോഹൻദാസ് കരംചന്ദ് ഗാന്ധിയെ മഹാത്മാവാക്കി തീർത്തത്. യേശുക്രിസ്തുവിന്റെ ജീവിതവും നിസ്തുലമായ ഉപദേശങ്ങളും, തന്നെ ഒത്തിരി സ്വാധീനിച്ചിട്ടുണ്ടെന്ന് ഗാന്ധിജി വെളിപ്പെടുത്തിയിട്ടുണ്ട്. 1999 ജനുവരി 23 മറ്റൊരു രക്തസാക്ഷിത്വത്തിനും ഭാരതം സാക്ഷ്യം വഹിച്ചു. ആസ്ട്രേലിയൻ മെഡിക്കൽ മിഷനറി ഗ്രഹാം സ്റ്റെയിൻസും അരുമ മക്കളായ ഫിലിപ്പും തിമോത്തിയും സുവിശേഷ വിരോധികളാൽ തീക്കിരയായതു അന്നായിരുന്നു.

ആസ്ട്രേലിയയിലെ സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് ഒഡീഷയിലെ മയൂർബഞ്ചിൽ കുഷ്ഠരോഗികൾക്കായി ആശുപത്രിയും, ഒപ്പം പ്രേഷിതവേലയും ഊർജ്ജസ്വലതയോടെ ചെയ്യുന്നതിനിടയാണ് സ്റ്റെയിൻസും മക്കളും ക്രിസ്തുവിനു വേണ്ടി രക്തസാക്ഷികൾ ആയത്! ഇപ്രകാരം പ്രേഷിതദൗത്യവുമായി പാശ്ചാത്യ നാടുകളിലെ സുഖജീവിതം ഉപേക്ഷിച്ച് ത്യാഗപൂർവ്വം ലോകമെമ്പാടും സഞ്ചരിച്ച് വേല ചെയ്തിട്ടുള്ള ഒട്ടനവധി മിഷനറിമാരുടെ ചരിത്രം ചരിത്രത്താളുകളിൽ കാണാം. അങ്ങനെയുള്ള ഒരു വ്യക്തിയായിരുന്നു സമ്പന്നതയുടെ മടിത്തട്ടിൽ ജനിച്ച, ഇംഗ്ലീഷ് ക്രിക്കറ്റിന്റെ ഗ്ലാമർ ലോകത്ത് ശോഭിച്ച, മിഷനറി ശ്രേഷ്ഠൻ സി. റ്റി സ്റ്റഡ്. അദ്ദേഹത്തിന്റെ ത്യാഗോജ്ജ്വലമായ ജീവിതത്തെക്കുറിച്ച് കേട്ട് ആഫ്രിക്കയിലെ തന്റെ സുവിശേഷ വേലയിടം സന്ദർശിച്ച ഇംഗ്ലീഷുകാരായ ചില ചെറുപ്പക്കാർ സ്റ്റഡിനോട് ഇങ്ങനെ പറഞ്ഞു: താങ്കൾ ചെയ്തത് പോലൊരു ത്യാഗം ലോകത്തിൽ ആരും ചെയ്തിട്ടില്ല; സ്റ്റഡിന്റെ മറുപടി ഇപ്രകാരമായിരുന്നു: സർവ്വ പ്രപഞ്ചത്തിന്റെയും സ്രഷ്ടാവും ദൈവവുമായിരുന്ന ക്രിസ്തു സ്വർഗ്ഗത്തിലെ സകല മഹിമകളും ഉപേക്ഷിച്ച് മനുഷ്യനായി ഭൂമിയിൽ പിറന്ന് എനിക്കായും മുഴുലോകത്തിനായും ക്രൂശിൽ മരിച്ചെങ്കിൽ അവിടുത്തേക്ക് വേണ്ടി ചെയ്യുന്നതൊന്നും ത്യാഗം അല്ല!

ഉവ്വ്, ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചു കൊള്ളണമെന്നു വിചാരിക്കാതെ ദാസരൂപം എടുത്ത ദൈവപുത്രന്റെ ത്യാഗവും പ്രായശ്ചിത്ത മരണവും മറ്റൊരു രക്തസാക്ഷിത്വത്തോടും ത്യാഗജീവിതത്തോടും താരതമ്യപ്പെടുത്താവുന്നതല്ല. ആഡംബരജീവിതവും അമിത ധനേച്ഛയും ആത്മീക അഹങ്കാരവും എന്നും ക്രിസ്തുമാർഗത്തിന്റെ എതിർദിശയാണ്. അവിടുന്ന് പറഞ്ഞത് ഇങ്ങനെ ആയിരുന്നുവല്ലോ. 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ'. അതെ, താഴ്മയും ലാളിത്യവും ത്യാഗവും ആയിരിക്കണം ക്രിസ്തുവിശ്വാസികളുടെ ട്രേഡ് മാർക്ക്!

–എംസി


SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST

*Bank Account Details:*
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക
വരിസംഖ്യ
250 രൂപ

QR കോഡ് സ്കാൻ ചെയ്തു
Google Pay / PhonePe ചെയ്യാവുന്നതാണ്.

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ
പേരുവിവരം ഓഫീസിൽ
അറിയിക്കുമല്ലോ. മാസിക യഥോചിതം
അയക്കുവാനും കണക്കുകൾ
കൃത്യമായി സൂക്ഷിക്കുവാനും
അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.02.2023

NERVEEDHI - FEBRUARY 2023
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No. KL/KTM/150/2023-2025

RP PUBLICATIONS

# ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




SOUTH INDIAN Bank

RIGHTEOUS PATH PUBLICATION TRUST

Vpa Id:qr.nerveedhi@sib

BHIM UPI

Scan and Pay using any UPI App

എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob:9495435336, 8547916678

Address for Communication :

**NERVEEDHI,**
**Righteous Path Publication Trust**
**Mackal Building,**
**Oravakal, Amayannoor (P.O),**
**Kottayam, Kerala - 686019**

**Mob: 9495435336, 8547916678**
**www.nerveedhi.com**

**Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.**